# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 17, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-372]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 3244 മുതൽ 3433 വരെ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : 3434 മുതൽ 3561 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : 3562 മുതൽ 3601 വരെ |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : 3602 മുതൽ 3615 വരെ |

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന തീരുമാനം

3244. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം എത്രപേർക്ക് തൊഴിൽ നഷ്ടമാകുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സ്വകാര്യവൽകരണ നടപടികളിലൂടെ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### സിവിൽ സർവ്വീസ് കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് നടപടി

3245. ശ്രീ.എ. എൻ. ഷംസീർ

,, കെ. ആൻസലൻ

,, വി. കെ. സി. മമ്മത് കോയ

,, സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന് നടത്തിയ ഇന്ത്യാ

കറപ്ഷൻ സർവ്വേയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സെന്റർ ഫോർ മീഡിയ സ്റ്റഡീസ് നടത്തിയ പഠനത്തിൽ രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ പരാമർശിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം</u>

3246. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പി.എസ്.സി. പരീക്ഷകളിലൂടെ ഇത്തരക്കാർക്ക് നിയമനം ലഭിക്കുന്നതിന് ഈ സംവരണ രീതി ബാധകമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഡൽഹിയിൽ സംസ്ഥാനസർക്കാരിന്റെ പ്രതിനിധി</u>

3247. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി മുൻ എം.പി. ശ്രീ.സമ്പത്ത് നിയമിതനായ ശേഷം കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിലായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇങ്ങനെ ഒരു പ്രതിനിധി ഡൽഹിയിൽ ഉണ്ടായിട്ടും ജി.എസ്.ടി. കോംപൻസേഷൻ സമയത്ത് ലഭിക്കാത്തതും സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി വെട്ടിക്കുറച്ചതും ഒരു പോരായ്മയായി കാണുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രത്യേക പ്രതിനിധിയുടെ ഇടപെടൽ മൂലം സംസ്ഥാനത്തിന് ഏതെങ്കിലും പദ്ധതികൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രത്യേക പ്രതിനിധിക്കും അദ്ദേഹത്തിന്റെ ഓഫീസ് പ്രവർത്തനത്തിനും വേണ്ടി 2020 ജനുവരി 31 വരെ ചെലവായ തുക ഇനം തിരിച്ച് അറിയിക്കാമോ?

<u>പുതുവത്സരദിനത്തിൽ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടി</u>

3248. **ശ്രീ.അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പുതുവത്സരദിനത്തിൽ സർക്കാർ പന്ത്രണ്ടിന പരിപാടി പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത പരിപാടികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ നിർദ്ദേശിച്ച പന്ത്രണ്ടിന പരിപാടികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

എം.എൽ.എ. മാർക്ക് ഫയലുകളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള അനുവാദം

3249. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുകൾക്കും മന്ത്രിമാരുടെ ഓഫീസുകൾക്കും ഫയൽ നീക്കം നിരീക്ഷിക്കാൻ ഉപയോഗിക്കുന്ന നിലവിലെ സംവിധാനമായ ഇ-ഓഫീസ് ൽ, നിയമസഭാ സാമാജികർക്കും തങ്ങളുടെ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഫയലുകളുടെ പുരോഗതി വിലയിരുത്താൻ തക്കവണ്ണം യൂസർനെയിം, പാസ്സ് വേഡ് എന്നിവ നൽകുന്ന കാര്യം പരിശോധിക്കാമോ;

(ബി) ഭരണ നിർവ്വഹണ സംവിധാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന എം.എൽ.എ. മാർക്ക് ഫയലുകളുടെ പുരോഗതി വിലയിരുത്തുന്നതിന് മാത്രമായുള്ള അനുവാദം നൽകാത്തതിന്റെ കാരണങ്ങൾ പരിശോധിക്കാമോ?

മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

3250. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇതുവരെയും കോർപ്പറേഷന്റെ വ്യത്യസ്ത പദ്ധതികളിലൂടെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

സ്വാതന്ത്ര്യസമരസേനാനികൾക്ക് പെൻഷൻ

3251. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ(ബി) വകുപ്പിൽ അതീവ രഹസ്യ സ്വഭാവമുള്ള ഫയലുകൾ കൈകാര്യം ചെയ്തുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കുലറുകളും സർക്കാർ ഉത്തരവുകളും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത നിലപാടിന് വിരുദ്ധമായി പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സ്വാതന്ത്ര്യസമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സെമി ഹൈസ്പീഡ് റെയിൽവേയ്ക്ക് വിദേശ വായ്പ

T 3252. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - തിരുവനന്തപുരം സെമി ഹൈസ്പീഡ് റെയിൽവേയ്ക്ക് വിദേശ വായ്പ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഏതൊക്കെ വിദേശ ഏജൻസികളുമായി ചർച്ച നടത്തിയെന്നറിയിക്കാമോ;

(സി) എത്ര കോടി രൂപ വിദേശ വായ്പയായി ലഭ്യമാകും; അതിന്റെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വ്യക്തമാക്കുമോ;

(ഡി) സെമി ഹൈസ്പീഡ് റെയിൽവേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വായ്പ നൽകുന്ന രാജ്യത്ത് നിന്നും വാങ്ങണമെന്ന നിബന്ധന അവർ മുന്നോട്ട് വെച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## മന്ത്രിമാരുടെ ഔദ്യോഗിക വെബ് സൈറ്റ് പരിപാലനം

3253. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ് സൈറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ് സൈറ്റ് പരിപാലനത്തിനായി ഓരോ വർഷവും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) മറ്റ് മന്ത്രിമാർക്കായുള്ള വെബ് സൈറ്റ് തുടങ്ങാനുള്ള ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വെബ് സൈറ്റ് പരിപാലനത്തിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനങ്ങൾ

3254. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി യു.എസ്.എ, ബഹറിൻ, നെതർലൻഡ്, സ്വിറ്റ്സർലൻഡ്, യു.കെ, ഫ്രാൻസ്, ജപ്പാൻ, ദക്ഷിണകൊറിയ എന്നീ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നോ;

(ബി) ഏതൊക്കെ തീയതികളിലാണ് പ്രസ്തുത സന്ദർശനം നടത്തിയതെന്നും ഓരോ രാജ്യത്തും ഏതൊക്കെ മന്ത്രിമാരും ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയെ അനുഗമിച്ചു എന്നും അറിയിക്കാമോ;

(സി) പ്രസ്തുത സന്ദർശനം കൊണ്ട് ഇതിനകം സംസ്ഥാനത്തിന് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഈ യാത്രകൾക്കായി ആകെ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

## പേഴ്സണൽ സ്റ്റാഫംഗത്തിന്റെ പെൻഷൻ

3255. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ സ്റ്റാഫിൽ ഓഫീസ് അറ്റൻഡന്റായിരുന്ന ആലപ്പുഴ ജില്ല കുമാരപുരം ആനകേറി പറമ്പിൽ പി. രാജന് അനുവദിച്ച പെൻഷൻ ഉത്തരവ് റദ്ദാക്കാനുണ്ടായ

സാഹചര്യമെന്താണ് എന്ന് വിശദമാക്കാമോ;

(ബി) പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാകാത്ത സാഹചര്യത്തിൽ പി. രാജന്റെ പെൻഷൻ അടിയന്തരമായി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

T 3256. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 01.06.2016 മുതൽ 31.03.2019 വരെ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ കണക്ക് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നൽകുമോ;

(ബി) ഓരോ വർഷവും ഇതിനായി എത്ര തുക വീതം അധിക സാമ്പത്തിക ബാധ്യത വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്ക് ലഭ്യമാക്കാമോ?

## എറണാകുളം ജില്ലയിലെ ലാസ്റ്റ്ഗ്രേഡ് ഒഴിവുകൾ

3257. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലേക്ക് (കാറ്റഗറി നം. 71/2017) ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; എത്ര ലാസ്റ്റ്ഗ്രേഡ് തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് നൽകാമോ;

(ബി) ഈ വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വേർതിരിച്ച് നൽകാമോ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാമോയെന്നറിയിക്കാമോ;

(സി) വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും 2020 ജനുവരി മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിൽ പ്രസ്തുത തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം വേർതിരിച്ച് നൽകാമോ;

(ഡി) പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ എത്രയും വേഗം പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

## താത്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

3258. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബോർഡുകൾ, കോർപ്പറേഷനുകൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മിഷനുകൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന താത്ക്കാലിക/കരാർ /ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിവിധ സ്ഥാപനങ്ങളിൽ (ഐ.ടി മിഷൻ, ഐ.കെ.എം, കില, കേരള സാമൂഹ്യ സുരക്ഷ മിഷൻ, ശുചിത്വ മിഷൻ) എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംവരണതത്വം പാലിക്കാതെയാണ് പല സ്ഥാപനങ്ങളിലും ജീവനക്കാരെ താത്കാലികമായി നിയമിച്ചിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് വഴി സംവരണം അട്ടിമറിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

<u>സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം</u>

3259. ശ്രീ.അനിൽ അക്കര
,, റോജി എം. ജോൺ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ മാത്രം ലക്ഷക്കണക്കിന് ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നത് മൂലം ഭരണം കാര്യക്ഷമമായി നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കത്തിനുള്ള ഇ-ഫയൽ സിസ്റ്റത്തിന് പകരം സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ് വെയർ വാങ്ങി ഫയൽ നീക്കം ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം</u>

3260. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും സർക്കാർ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കും പ്രൊജക്ടുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 2019 വർഷത്തിൽ ഓരോ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും, സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഉണ്ടായിരുന്ന വാഹനങ്ങൾ എത്ര; ഇതിൽ എത്ര എണ്ണം റോഡിൽ ഓടുന്നുണ്ട്; എത്ര എണ്ണം കേടായി കിടക്കുന്നുണ്ട്; കേടായി കിടക്കുന്ന വാഹനങ്ങളുടെ കാലപ്പഴക്കം വ്യക്തമാക്കുമോ;

(സി) 2019 വർഷത്തിൽ പുതിയതായി ഓരോ വകുപ്പും സ്ഥാപനങ്ങളും വാങ്ങിയ വാഹനങ്ങൾ എത്ര; ജില്ല തിരിച്ച് സ്ഥാപനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ നീങ്ങുമ്പോഴും നിലവിലുള്ള വാഹനങ്ങൾ ഉപയോഗിക്കാതെ പുതിയത് വാങ്ങിക്കൂട്ടുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് പരിശോധിക്കുവാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുമോ; ധനകാര്യ വകുപ്പിന്റെ 2018 ലെ

വാഹന ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് 2019 വർഷത്തിൽ ഓരോ വകുപ്പും സ്ഥാപനങ്ങളും ഡീസൽ/പെട്രോൾ അടിച്ച വകയിൽ ചെലവാക്കിയ തുക എത്ര; ജില്ല തിരിച്ച് സ്ഥാപനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; പെട്രോൾ പമ്പുകളുമായി ഒത്തുചേർന്ന് ജീവനക്കാർ ഇന്ധനമോഷണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

## സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്ര

3261. ശ്രീ.എൻ. ഷംസുദ്ദീൻ
,, പി.കെ.അബ്ദു റബ്ബ്
,, പി.ഉബൈദുള്ള
,, ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ ഔദ്യോഗിക അടിയന്തരാവശ്യങ്ങളുമായി ബന്ധപ്പെട്ടല്ലാതെ സ്വന്തം ചെലവിലോ സ്പോൺസർഷിപ്പിലോ വിദേശയാത്ര നടത്തുമ്പോൾ സർക്കാരിന്റെയോ മേലധികാരിയുടെയോ അനുമതി ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ അനുമതിക്കുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) അനുമതി ആവശ്യമില്ലെങ്കിൽ, അനുമതിയില്ലാതെ വിദേശരാജ്യങ്ങളിൽ പോയി കള്ളക്കടത്ത്, ക്രിമിനൽ കുറ്റകൃത്യങ്ങൾ, ജോലി സമ്പാദിക്കൽ എന്നിവ നടത്തുന്നവർക്കെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ വിദേശത്തു പോകുന്നവരുടെ വിവരങ്ങൾ ലഭ്യമാണോയെന്ന് അറിയിക്കുമോ?

## ഫെയർകോപ്പി സൂപ്രണ്ട് തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കൽ

3262. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവരിൽ 25 വർഷത്തോളം സേവനം പൂർത്തിയാക്കി വിരമിക്കുന്നവർ പോലും സൂപ്പർവൈസറി തസ്തികയിലെത്താതെ ടൈപ്പിസ്റ്റായി തന്നെ വിരമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ ടൈപ്പിസ്റ്റുമാരുടെ എണ്ണം സംസ്ഥാന തലത്തിൽ കണക്കാക്കി ഫെയർകോപ്പി സൂപ്രണ്ട് തസ്തിക അനുവദിക്കുന്ന കാര്യവും ഫെയർകോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തിക ഗസറ്റഡ് ആക്കുന്ന കാര്യവും പരിഗണിക്കാമോ?

## മുഖ്യമന്ത്രിയുടെ ഓഫീസിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

3263. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ 2019 ജനുവരി മുതൽ 2020 ഫെബ്രുവരി 29 വരെ എത്ര ഫയലുകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് ഓരോ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ സി.എം.ഡി.ആർ.എഫ്.അപേക്ഷകൾ എത്രയെന്നും എന്നുവരെയുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അറിയിക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ;

(ഡി) ജീവനക്കാരുടെ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഫയലുകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>സെക്രട്ടേറിയറ്റിലെ തീർപ്പാക്കാനുള്ള ഫയലുകൾ</u>

3264. **ശ്രീ.**അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും 2019 ഒക്ടോബർ 2-ന് മുമ്പ് തീർപ്പാക്കണമെന്ന് മന്ത്രിസഭ തീരുമാനം എടുത്തിരുന്നോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ വകുപ്പുകളിൽ ഫയൽ അദാലത്ത് നടത്തി എന്നും അതിലൂടെ ഓരോ വകുപ്പിലും എത്ര ഫയൽ തീർപ്പാക്കി എന്നും ശേഷിക്കുന്ന ഫയലുകൾ എത്ര എന്നും വെളിപ്പെടുത്താമോ;

(സി) ധനകാര്യം, നിയമം വകുപ്പുകൾ ഉൾപ്പെടെ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകളാണ് തീർപ്പാക്കാനുള്ളത്; അതിൽ എത്ര ഫയലുകൾ തീർപ്പാക്കി; വെളിപ്പെടുത്താമോ?

<u>ബയന്റർ ഗ്രേഡ്-**I** തസ്തികയിലെ ജീവനക്കാരുടെ ശമ്പളം</u>

3265. **ശ്രീ.**എം**.** വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സിലെ ബയന്റർ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരുടെ ശമ്പളവും സെക്രട്ടേറിയറ്റിലെ ബയന്റർ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരുടെ ശമ്പളവും തമ്മിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തിൽ തുല്യത വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

<u>സേവനാവകാശ നിയമ പ്രകാരമുള്ള സമയബന്ധിത സേവനം</u>

3266. **ശ്രീ.**യു**.** ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പല ജില്ലാ-താലൂക്ക് തല ആഫീസുകളിലും ലഭിക്കുന്ന അപേക്ഷകളിലും പരാതികളിലും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് പല ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വീഴ്ച വരുന്നുണ്ട് എന്ന ആക്ഷേപം കണക്കിലെടുത്ത് സേവനാവകാശ നിയമ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ചുള്ള പ്രമേയം

3267. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് 31.12.2019-ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റ് സംസ്ഥാന മുഖ്യമന്ത്രിമാരോട് സമാനമായ പ്രമേയം പാസ്സാക്കണമെന്ന് രേഖാമൂലം സർക്കാർ ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്ര നിയമസഭകൾ പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രമേയം പാസ്സാക്കിയെന്ന വിവരം അറിയാമോ; വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭരണഘടന ഭേദഗതി സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന കാര്യം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറിയിക്കുമോ?

## വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തൊഴിൽരഹിതർ

3268. **ശ്രീമതി യു. പ്രതിഭ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തൊഴിൽരഹിതരെ സഹായിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്

3269. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലാ ആശുപത്രിക്ക് നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) സെൻട്രലൈസ്ഡ് ഓക്സിജൻ ആന്റ് സക്ഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ജില്ലാ ആശുപത്രിക്ക് ഏറ്റവും അത്യാവശ്യമായ പ്രസ്തുത യൂണിറ്റിന് തുക അനുവദിച്ചിട്ടും ആയത് പൂർണ്ണമായി സജ്ജമാക്കാൻ ബന്ധപ്പെട്ടവർ കാലതാമസം വരുത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## പൂർത്തീകരിച്ച വൻകിട പദ്ധതികൾ

3270. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇച്ഛാശക്തിയോടെ സമയബന്ധിതമായി നടപടി സ്വീകരിച്ചതുമൂലം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തൽപ്പര്യമെടുക്കാതെയിരുന്നതുമായ എത്ര വൻകിട പദ്ധതികളാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്; ഇനി പൂർത്തീകരണ ഘട്ടത്തിലുള്ള വൻപദ്ധതികൾ എത്രയെണ്ണമുണ്ട്;

(ബി) പൂർത്തീകരിച്ചതും പൂർത്തീകരണ ഘട്ടത്തിലുള്ളതിന്റെയും പേരുവിവരങ്ങളും അവയ്ക്ക് അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>റീബിൽഡ് കേരള പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

3271. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചതെന്നും ഫണ്ട് അനുവദിച്ചതെന്നും വിശദമാക്കാമോ?

<u>ആലപ്പുഴയിലെ റീബിൽഡ് കേരള പദ്ധതികൾ</u>

3272. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പദ്ധതികളുടെ വിശദാംശങ്ങൾ നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ലൈഫ് മിഷൻ</u>

3273. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം 2016 മുതൽ നാളിതുവരെ എത്ര രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുക ഉപയോഗിച്ച് എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ സംരംഭമായ ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് സംസ്ഥാന സർക്കാർ വിഹിതം എത്ര; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്ര; കേന്ദ്ര സർക്കാർ വിഹിതം എത്ര;

(സി) കേന്ദ്ര സർക്കാർ പദ്ധതികൾ പേരുമാറ്റി സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നിർദ്ദേശമെന്ന് വ്യക്തമാക്കാമോ?

<u>സ്റ്റാറ്റിസ്റ്റിക്സ് സെല്ലുകൾ അനുവദിക്കുന്നതിനുള്ള നടപടി</u>

3274. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെയും സർക്കാർ മെഡിക്കൽ കോളേജുകളുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും ഇവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും ആവശ്യമായ ഡാറ്റ ശേഖരിക്കുന്നതിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കീഴിൽ സ്റ്റാറ്റിസ്റ്റിക്സ് സെല്ലുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ശാസ്ത്രസാങ്കേതിക വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും

3275. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിച്ചുവരുന്ന വർത്തമാനകാല സാഹചര്യത്തിൽ ശാസ്ത്രബോധം വളർത്തുന്നതിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സ്കൂൾ തലം തൊട്ടേ ഇത്തരത്തിൽ ശാസ്ത്രബോധം വളർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ എന്നറിയിക്കാമോ?

## കംപോസ്റ്റബിൾ ക്യാരി ബാഗുകൾ സംബന്ധിച്ച കമ്മിറ്റികൾ

3276. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) GO(Rt) 134/2018(Envt) dt. 12/12/18 പ്രകാരം നിയമിച്ച എക്സ്പർട്ട് ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റേയും ശിപാർശകളുടേയും പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; നടപടി ഉത്തരവുകൾ ലഭ്യമാക്കുമോ;

(ബി) മേൽ പരാമർശിച്ച ഉത്തരവിൽ പറയുന്ന ടെക്നിക്കൽ കമ്മിറ്റിയെ കൂടാതെ ഈ വിഷയത്തിൽ മറ്റേതെങ്കിലും കമ്മിറ്റിയെ സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടിന്റേയും ശിപാർശകളുടേയും പകർപ്പ് ലഭ്യമാക്കുമോ;

(സി) GO(Rt) 6/2020 (Envt) dt. 17/01/2020, GO (Rt) 9/2020(Envt) dt. 23/01/2020 എന്നീ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടാസ്ക് ഫോഴ്സ് 28/01/2020, 04/02/2020 തീയതികളിൽ കൂടിയ കമ്മിറ്റിയുടെ തീരുമാനങ്ങളും മിനിറ്റ്സിന്റെ പൂർണ്ണമായ പകർപ്പുകളും ലഭ്യമാക്കുമോ;

(ഡി) GO(MS) 2/2020 (Envt) dt. 27/01/2020, GO (MS) 4/2020(Envt) dt. 16/02/2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ഏതെങ്കിലും കമ്മിറ്റികളെ നിയമിക്കുകയോ പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകളുടേയും ശിപാർശകളുടേയും പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കംപോസ്റ്റബിൾ മെറ്റീരിയൽസ് ഉപയോഗിച്ച് നിർമ്മിക്കുന്ന ക്യാരി ബാഗുകൾ നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കമ്മിറ്റികളെ നിയമിക്കുകയോ പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ സമർപ്പിച്ച റിപ്പോർട്ടുകളുടേയും ശിപാർശകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ?

ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണം

3277. ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആശ്രാമത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന ജൈവ വൈവിധ്യ മേഖലയിൽ വൻതോതിൽ മാലിന്യനിക്ഷേപം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനാവശ്യമായ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട ആശങ്ക

3278. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ തയ്യാറാക്കിയ പ്രസ്തുത പട്ടികയിന്മേൽ ആക്ഷേപം ബോധിപ്പിക്കുവാൻ പലർക്കും അവസരം ലഭിച്ചിട്ടില്ലയെന്നും പട്ടിക തയ്യാറാക്കിയതിൽ പിഴവ് പറ്റിയിട്ടുണ്ടെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് ധാരാളം പാവപ്പെട്ട തീരദേശവാസികൾ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിൽ കൂടുതൽ ഇളവ് ലഭിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ആശങ്കയിൽ കഴിയുന്ന തീരദേശവാസികളുടെ ആശങ്ക അകറ്റുന്നതിനും സർക്കാരിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി

3279. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി പൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കമ്മിറ്റിയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര തീരപരിപാലന നിയമത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ

3280. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തീരപരിപാലന നിയമത്തിൽ 2019 ൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും എന്ന് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്തുത കാലപരിധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കത്തിടപാടുകൾ നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) കേന്ദ്രം പുറപ്പെടുവിച്ച പുതുക്കിയ നോട്ടിഫിക്കേഷനിൽ ദ്വീപുകൾക്കും കായൽദ്വീപുകൾക്കും ഇളവനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

## കണ്ണൂരിൽ തീരദേശ സംരക്ഷണ നിയമം ബാധകമായ പഞ്ചായത്തുകൾ

3281. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ വളപട്ടണം പുഴയിൽ സ്ഥിതിചെയ്യുന്ന തേർളായി ദ്വീപ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശമാണോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും ഇവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ പുഴക്കരയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ

3282. **ശ്രീ.പി.കെ.അബ്ദു റബ്ബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ 17.04.2018 ലെ എ3/7995 നമ്പർ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ തൊണ്ണൂറ്റി ആറാമത് (07.07.2018-ൽ നടന്ന) യോഗത്തിൽ തീരുമാനമെടുത്തിരുന്നോ; എങ്കിൽ എന്തായിരുന്നു തീരുമാനം; അത്തരം ഒരു തീരുമാനമുണ്ടാകാനിടയായ കാരണമെന്തായിരുന്നു;

(ബി) പ്രസ്തുത ഫയൽ ഇതേ പഞ്ചായത്ത് അധികാരികളുടെ മുമ്പിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി 2019 ൽ വീണ്ടും സമർപ്പിക്കുകയുണ്ടായോ; എങ്കിൽ പുതുതായി അപേക്ഷകൻ സമർപ്പിച്ച അപേക്ഷ നേരത്തെ സമർപ്പിച്ച അപേക്ഷയിൽ നിന്നും എപ്രകാരമാണ് വ്യത്യസപ്പെട്ടിരുന്നത്;

(സി) ഈ ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകൻ നിലവിൽ ഉണ്ടായിരുന്ന ബിൽഡിംഗ് പൊളിച്ച് മാറ്റിയിരുന്നോ; അല്ലെങ്കിൽ പൊളിച്ച് മാറ്റാമെന്ന് കാണിച്ചിരുന്നോ; അതോ നിലവിലെ കെട്ടിടത്തിൽ നേരത്തേതിൽ നിന്നും വ്യത്യസ്തമായി എക്സ്റ്റൻഷന് പകരം മെയിന്റനൻസ് എന്ന് കാണിച്ച് അപേക്ഷ പുതുതായി സമർപ്പിച്ചിരുന്നോ;

(ഡി) എങ്കിൽ പുഴക്കരയിൽ നിന്നുള്ള കെട്ടിട പെർമിറ്റിനായിട്ടുള്ള അപേക്ഷയിൽ മെയിന്റനൻസ് കാണിച്ച്

അപേക്ഷ സമർപ്പിച്ച ശേഷം എക്സ്റ്റൻഷൻ നടത്തുന്നതിന് അപേക്ഷകന് അധികാരമുണ്ടോ; ഇല്ലെങ്കിൽ അത് പരിശോധിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ആരെല്ലാം;

(ഇ) പെർമിറ്റ് നൽകി കഴിഞ്ഞാൽ സാങ്ഷൻ നൽകിയ കണ്ടീഷനുകൾക്ക് വിധേയമായിട്ടാണോ കെട്ടിടപ്പണി നടക്കുന്നത് എന്ന് അന്വേഷിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ ഇതിനധികാരപ്പെട്ട ഉദ്യോഗസ്ഥർ ഈ കേസിൽ പ്രസ്തുത അധികാരം വിനിയോഗിച്ചിട്ടുണ്ടോ; ഇക്കാര്യം ഗൗരവകരമായി പരിശോധിക്കുമോ;

(എഫ്) പരിസ്ഥിതിയ്ക്ക് ആഘാതമായ ഈ പ്രദേശത്തെ ഇത്തരത്തിലുള്ള ഏതൊരു നിർമ്മാണവും നിയമപരമായി മാത്രമേ നടക്കുന്നുള്ളൂ എന്ന് ഉറപ്പാക്കാൻ ആവശ്യമായ സംവിധാനങ്ങളേർപ്പെടുത്തുമോ?

## ശബ്ദശല്യം നിയന്ത്രിക്കാൻ സംവിധാനം

3283. ശ്രീ.പി.ഉബൈദുള്ള
,, കെ.എം.ഷാജി
,, ടി.എ.അഹമ്മദ് കബീർ
,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലകളിലെ ശബ്ദതീവ്രത നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനം വിശദമാക്കുമോ;

(ബി) മനുഷ്യ ജീവിതത്തിന് ഹാനിയുണ്ടാക്കുംവിധമുള്ള ശബ്ദശല്യം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ആ സംവിധാനങ്ങൾ മുഖേന നടത്തുന്ന നിയന്ത്രണ പ്രക്രിയയുടെ പൂർണ്ണരൂപവും വ്യക്തമാക്കുമോ;

(സി) മനുഷ്യർക്കും മറ്റ ജീവജാലങ്ങൾക്കും ഹാനികരമാവുന്ന ശബ്ദത്തിന്റെ അളവുകൾ എത്ര വീതമാണെന്ന് അറിയിക്കാമോ;

(ഡി) അതിലേറെയുള്ള ശബ്ദശല്യം നിയന്ത്രിക്കാൻ കർശന നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

## പ്ലാസ്റ്റിക് നിരോധനം

3284. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 500 മില്ലി ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് കുപ്പിയിൽ നിറച്ച കുപ്പിവെള്ളത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) 500 മില്ലി ലിറ്ററിൽ താഴെയുള്ള പായ്ക്ക് ചെയ്ത കോള,മദ്യം മുതലായവയ്ക്ക് ഈ നിരോധനം ബാധകമാണോ;

(സി) പ്ലാസ്റ്റിക്ക് നിരോധനത്തിന്റ പേരിൽ 500 മില്ലി ലിറ്ററിൽ താഴെയുള്ള കുപ്പിവെള്ളത്തിന്റെയും മദ്യം, കോള മുതലായവയുടെയും കാര്യത്തിൽ വ്യത്യസ്ത നിബന്ധനകൾ ഉണ്ടെങ്കിൽ അതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ശാസ്ത്രീയമായ എന്തെങ്കിലും അടിസ്ഥാനം ഈ കാര്യത്തിൽ ഉണ്ടോ എന്നത് വിശദമാക്കുമോ?

കെ.എ.എസ് സ്കീം II-ൽ ഒരു വിഭാഗം ജീവനക്കാരെ ഒഴിവാക്കിയ നടപടി

3285. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും ഏറ്റവും മികച്ചവരെ കെ.എ.എസ്.ലേക്ക് തെരഞ്ഞെടുക്കുകയാണെന്ന നയം പ്രഖ്യാപിച്ചശേഷം സ്കീം II-ൽ ഒരു വിഭാഗം ജീവനക്കാരെ ഒഴിവാക്കിയത് ചട്ടലംഘനവും അവസര സമത്വത്തിന്റെ ലംഘനവുമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കീമിലേക്ക് അപേക്ഷിക്കുന്ന കാര്യത്തിൽ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള അയോഗ്യത എന്താണെന്ന് വിശദമാക്കാമോ; എങ്കിൽ അതിന് ആധാരമായ നിയമവും ചട്ടവും ഏതെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി. നടത്തുന്ന പൊതുപരീക്ഷയുടെ അടിസ്ഥാനത്തിലുള്ള പൊതു റാങ്ക് ലിസ്റ്റിൽ നിന്നും യാതൊരു ഓപ്ഷനും സ്വീകരിക്കാതെ നിയമിതരാകുന്ന നിയമസഭാ സെക്രട്ടേറിയറ്റ്, പി.എസ്.സി., അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥാപനത്തിന്റെ പേരിൽ അവസരം നിഷേധിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് അപ്പക്സ് എക്സിക്യൂട്ടീവ് ആണെന്നും കോൺസ്റ്റിറ്റ്യൂഷണൽ എസ്റ്റാബ്ലിഷ്മെന്റ് ആണെന്നും സംബന്ധിച്ച് ശമ്പള വർദ്ധനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആർട്ടിക്കിൾ 166 പ്രകാരം സ്ഥാപിതമായ ഭരണഘടനാ സ്ഥാപനം എന്ന നിലയിൽ വിവിധ ആവശ്യങ്ങൾക്കായി ഗവൺമെന്റ് സെക്രട്ടേറിയറ്റിനെ സംബന്ധിച്ച് പലപ്പോഴും ഉത്തരവിറക്കുന്നതും പ്രസ്തുത ഉത്തരവുകൾക്ക് നിയമസാധുതയുണ്ടോ എന്നതു സംബന്ധിച്ചും വിശദാംശങ്ങൾ നൽകുമോ?

പി.എസ്.സി യുടെ വിശ്വാസ്യത തകർക്കുന്ന കോച്ചിംഗ് സെന്ററുകൾ

3286. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യുടെ പേര് ദുരുപയോഗം ചെയ്തുകൊണ്ട് നിരവധി കോച്ചിംഗ് സെന്ററുകൾ നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോച്ചിംഗ് സെന്ററുകൾ പി.എസ്.സി യുടെ വിശ്വാസ്യത തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

പി.എസ്.സി യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ നടപടി

3287. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം മേധാവിയുടെ ഓഫീസിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ മേധാവികൾക്കെതിരെ നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥനെതിരെ നാളിതുവരെ എത്ര പരാതികളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടെക്നിക്കൽ സ്കൂളുകളിലെ മലയാളം അദ്ധ്യാപക തസ്തികയിൽ അനേകം ഒഴിവുകൾ ഉണ്ടായിട്ടും ആയത് റിപ്പോർട്ട് ചെയ്യാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന നടപടി അവസാനിപ്പിക്കുന്നതിനും ആയതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനും ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

## പി.എസ്.സി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ്

3288. **ശ്രീ.വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പരീക്ഷക്ക് കൺഫർമേഷൻ നൽകണമെന്ന രീതി കൊണ്ടുവന്നിട്ടും പരീക്ഷ എഴുതുവാനെത്തുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ വൻ കുറവ് വരുന്നതായി പി.എസ്.സി. കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലം പി.എസ്.സി.യ്ക്ക് വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(സി) പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഈടാക്കുവാൻ അനുവദിക്കണമെന്ന് പി.എസ്.സി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

3289. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകളാണ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ?

## പി.എസ്.സി. പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കുന്ന രീതി

3290. **ശ്രീ.സി. ദിവാകരൻ**

**,,** ആർ. രാമചന്ദ്രൻ

**,,** മുഹമ്മദ് മുഹസിൻ പി.

**ശ്രീമതി** സി.കെ. ആശ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പ്രിലിമിനറി പരീക്ഷയിലെ ചില ചോദ്യങ്ങൾ ഗൈഡുകളിൽ നിന്നും പകർത്തിയതാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഗൈഡുകളിലെയും മറ്റും ചോദ്യങ്ങൾ അതേപടി പകർത്തി പരീക്ഷാ ചോദ്യപേപ്പറിൽ ഉൾപ്പെട്ടു വരുന്നത് തെളിയുമ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ ഗൈഡുകളിൽ നിന്ന് ചോദ്യങ്ങൾ തെരഞ്ഞെടുക്കാൻ പാടില്ല എന്ന് വ്യക്തമായ നിർദ്ദേശം നല്കിയിട്ടുണ്ടോ;

(ഡി) ചോദ്യപേപ്പർ തയ്യാറാക്കുന്ന അദ്ധ്യാപകർക്ക് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ്

നല്കുന്നതെന്നറിയിക്കുമോ;

(ഇ) പി.എസ്.സി. പരീക്ഷയുടെ രഹസ്യ സ്വഭാവവും നിഷ്പക്ഷതയും സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

പി.എസ്.സി.നിയമനവും സൃഷ്ടിച്ച തസ്തികകളും

3291. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്നുമുതൽ 2020 ഫെബ്രുവരി 29 വരെ പി.എസ്.സി. മുഖാന്തരം എത്ര പേർക്ക് നിയമനം നൽകി എന്ന് വെളിപ്പെടുത്താമോ;

(ബി) 2016 ജൂൺ ഒന്നുമുതൽ 2020 ഫെബ്രുവരി 29 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചത് എന്നറിയിക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഐ.ടി. സെക്യൂരിറ്റി ആഡിറ്റ്

3292. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കമ്പ്യൂട്ടർ ശൃംഖലയിൽ പാസ് വേർഡ് ഉപയോഗിച്ച് നുഴഞ്ഞു കയറി മാർക്ക് തിരുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഐ.ടി. വിഭാഗവുമായി ബന്ധപ്പെട്ട് സമഗ്രമായ സെക്യൂരിറ്റി ആഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഐ.ടി. സെക്യൂരിറ്റി ആഡിറ്റ് നടത്തുവാൻ ദേശീയ തലത്തിൽ അംഗീകാരമുള്ള ഏജൻസികളുടെ പട്ടിക ലഭ്യമാക്കാമോ;

(സി) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി കോടികൾ ചെലവഴിച്ചിട്ടും നാളിതുവരെ ആയതിന്റെ ഫലപ്രാപ്തി സംബന്ധിച്ച ഇൻഫർമേഷൻ ടെക്നോളജി ആഡിറ്റ് നടത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.ടി.ആഡിറ്റ് നടത്തുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ;

(ഡി) ഐ.ടി. ആഡിറ്റ്, സൈബർ സെക്യൂരിറ്റി ആഡിറ്റ് എന്നിവ സമയബന്ധിതമായി എല്ലാ സർക്കാർ വകുപ്പുകളിലും പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

എൽ.പി, യു.പി ടീച്ചർ തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം

3293. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ.പി, യു.പി ടീച്ചർ തസ്തികകളിൽ ബൈട്രാൻസ്ഫർ ആയി നിയമനം നടത്തുവാൻ പി.എസ്.സി തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഏത് മാസത്തിലാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും ബൈട്രാൻസ്ഫർ നിയമനത്തിന് എത്ര അപേക്ഷകൾ ഉണ്ടാകും എന്ന കണക്ക്

പി.എസ്.സി ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഓരോ ജില്ലയിൽ നിന്നും ലഭിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടത്ര അപേക്ഷകൾ ഇല്ലെങ്കിൽ ബാക്കി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റി നൽകുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## നിയമനം നടത്താത്ത റാങ്ക് ലിസ്റ്റുകൾ

3294. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷ നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ ഒരു വർഷം കഴിഞ്ഞിട്ടും ഒരാളെപ്പോലും നിയമിക്കാത്ത തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഒരു ഉദ്യോഗാർത്ഥിയെപ്പോലും നിയമിക്കാതിരിക്കുകയും റാങ്ക് ലിസ്റ്റ് നിലവിലിരിക്കുകയും ചെയ്യുന്ന തസ്തികകളിൽ വീണ്ടും പരീക്ഷ നടത്തുന്നതിന് വിജ്ഞാപനം നടത്തി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ രൂപീകരണം

3295. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നവരുടെ സംഘടനകൾ രൂപീകരിക്കുന്നതിന് ഏതെങ്കിലും നിബന്ധനകളോ നിർദ്ദേശങ്ങളോ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് സമീപിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പേരിൽ ചിലർ നടത്തുന്ന പണപ്പിരിവും ചൂഷണവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

## മത്സരപ്പരീക്ഷാ പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തനം

3296. **ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി കോച്ചിംഗ് സെന്ററുകൾ എന്ന പേരിൽ സംസ്ഥാന വ്യാപകമായിട്ടുള്ള മത്സരപ്പരീക്ഷാ പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മത്സരപ്പരീക്ഷാ പരിശീലന സ്ഥാപനങ്ങൾ നടത്തുന്നതിന് എന്തൊക്കെ അനുമതികൾ വേണമെന്നും ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്നും അറിയിക്കാമോ;

(സി) വ്യാപകമായി കൂണുകൾ പോലെ ഉയരുന്ന മത്സരപ്പരീക്ഷാ പരിശീലന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) സർക്കാരുദ്യോഗസ്ഥർ ഇത്തരം കോച്ചിംഗ് സെന്ററുകളിൽ ക്ലാസ്സെടുക്കുന്നതും പ്രതിഫലം കൈപ്പറ്റുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) ഇക്കാര്യം സംബന്ധിച്ച് സർക്കാരുദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്തൊക്കെയെന്നറിയിക്കുമോ?

<u>ഗ്രാമവികസന വകുപ്പിലെ ലക്ചർ ഗ്രേഡ് **II (**അഗ്രികൾച്ചർ**)** തസ്തിക</u>

3297. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ലക്ചർ ഗ്രേഡ് II അഗ്രികൾച്ചർ തസ്തികയിലേക്ക് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; തസ്തികയുടെ യോഗ്യതയും ശമ്പളസ്കെയിലും എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കൃഷിവകുപ്പിലെ കൃഷി ഓഫീസർമാർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് വിശേഷാൽ ചട്ടത്തിൽ എന്തെങ്കിലും പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടോ; കൃഷി ഓഫീസർമാരുടെ ശമ്പളസ്കെയിൽ എത്രയാണ്; ഇവർ ഗസറ്റഡ് ഉദ്യോഗസ്ഥരാണോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് മുൻപ് ലക്ചർ ഗ്രേഡ് II അഗ്രിക്കൾച്ചർ തസ്തിക ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്; ഈ തസ്തിക സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും പ്രൊഫഷണൽ യോഗ്യതയുമുള്ള ലക്ചർ തസ്തികകൾ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താതെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ സ്പെഷ്യൽ റൂളിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മുഴുവൻ ലക്ചർ തസ്തികയും സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ക്ലാർക്ക് ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിലെ നിയമനം</u>

3298. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ ലഭിച്ചിട്ടുണ്ട് എന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണ് ഉള്ളത്; ലിസ്റ്റിൽ നിന്നും എത്ര പേർക്ക് കൂടി നിയമന ശിപാർശ ലഭ്യമാക്കാനാകുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ?

<u>കെ.എ.പി. നാലാം ബറ്റാലിയൻ സി.പി.ഒ. റാങ്ക് ലിസ്റ്റ്</u>

3299. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. നാലാം ബറ്റാലിയനിൽ പി.എസ്.സി. യുടെ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണ് എന്നറിയിക്കാമോ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) കെ.എ.പി. നാലാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

പി.എസ്.സി. നിയമനവും സൃഷ്ടിച്ച തസ്തികകളും

3300. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര ആളുകൾക്ക് ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നൽകി എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ വയനാട് ജില്ലയ്ക്ക് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് വിശദമാക്കാമോ;

(സി) ജീവനക്കാരുടെ പുനർവിന്യാസം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പുനർവിന്യാസത്തിനായി വയനാട് ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകൾ എത്ര വീതം ഒഴിഞ്ഞ് കിടപ്പുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേരള വാട്ടർ അതോറിറ്റി ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

3301. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 272/2014 പ്രകാരം കേരള വാട്ടർ അതോറിറ്റി ഓപ്പറേറ്റർ തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകി എന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലായെങ്കിൽ ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് പുതിയ അപേക്ഷ ക്ഷണിക്കുവാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

വിവിധ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ സാധ്യത പട്ടിക

3302. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റിന് പുറമേ വാട്ടർ അതോറിറ്റി ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്, സർവ്വകലാശാല കമ്പ്യൂട്ടർ അസിസ്റ്റന്റ്, സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ്, കമ്പനി/കോർപറേഷൻ ടൈപ്പിസ്റ്റ് തുടങ്ങി വിവിധ തസ്തികകളിലേക്കുള്ള പരീക്ഷകളിൽ പൊതുവായുള്ള അപേക്ഷകരുള്ളതിനാൽ പ്രസ്തുത വിവിധ വകുപ്പിലെ റാങ്ക് പട്ടികകളിൽ ഒന്നിലേറെ റാങ്ക് പട്ടികകളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലായിരിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ പേർക്ക് ടൈപ്പിസ്റ്റ് ജോലി ലഭിക്കാൻ സാധ്യതയുള്ളതിനാൽ വിവിധ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ സാധ്യത പട്ടിക ചെറുതാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## വയനാട് ജില്ലയിൽ സ്പെഷൽ റിക്രൂട്ട്മെന്റ് നിയമനങ്ങൾ

3303. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ നാളിതുവരെ സ്പെഷൽ റിക്രൂട്ട്മെന്റ് വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ച് നടത്തിയ നിയമനങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെന്ന് അറിയിക്കാമോ;

(സി) ഇനി പുതിയ തസ്തികകൾ സൃഷ്ടിച്ച് സ്പെഷൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മലയാളം ലക്ചറർ തസ്തിക

3304. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മലയാളം ലക്ചറർ തസ്തികയിലേയ്ക്ക് 2013-ലെ ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സർക്കുലർ പാലിക്കാതെ 2014ൽ പി.എസ്.സി. നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിലെ 48-ാം റാങ്കുകാരനായ ഡോ.കെ. പി. നിധീഷ് എന്നയാളുടെ പരാതിയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് പറയാമോ;

(ഡി) പരാതിയിൽ പറയുന്നതുപോലെ 2013ലെ ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സർക്കുലറിന് വിരുദ്ധമായ നിയമനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; അങ്ങനെയുണ്ടെങ്കിൽ തെറ്റ് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3305. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 657/ 2017 പ്രകാരം നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി 2020 ഫെബ്രുവരി നാലാം തീയതി വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ എന്താണെന്ന് അറിയിക്കുമോ?

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിയമനം

3306. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 657/2017) നിന്നും നിയമനം നടത്തുന്നതിനായി 2019 ഫെബ്രുവരി 4-ാം തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് 317 ഒഴിവുകൾ റിപ്പോർട്ട് ചെയ്തെങ്കിലും നാളിതുവരെ നിയമന ശിപാർശ അയക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ അയക്കാൻ എന്തെങ്കിലും നിയമ പ്രശ്നങ്ങൾ ഉണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ യു.പി.എസ്.എ.റാങ്ക് ലിസ്റ്റ്

3307. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 2020-21 അധ്യയനവർഷത്തിന്റെ തുടക്കത്തിൽതന്നെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റ്

3308. ശ്രീ.പി.ജെ.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ പി.എസ്.സി.യുടെ കാറ്റഗറി നമ്പർ 071/2017 പ്രകാരം 2018 ജൂൺ 30ന് നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നല്കിയെന്ന് വ്യക്തമാക്കുമോ;

(ബി) കാലാവധി തീരാറായ പ്രസ്തുത ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ നിയമനങ്ങൾ നടത്തുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരനിയമനം

3309. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടും കേരളത്തിലെ താൽക്കാലിക ക്രിമിനൽ കോടതികളിൽ ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള തസ്തികകളിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരനിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ സ്ഥിരനിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിൽ പുതുതായി ആരംഭിക്കുന്ന പോക്സോ കോടതികളിൽ വിരമിച്ച ജീവനക്കാരെ നിയമിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 25% പേർക്ക് നിയമനം ലഭിച്ചപ്പോൾ 7%

പേർക്ക് മാത്രമാണ് ഇപ്പോൾ നിയമനം ലഭിച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം പരിശോധിക്കുമോ;

(ഇ) പുനർവിന്യാസത്തിലൂടെ തസ്തികകൾ നഷ്ടപ്പെടുമ്പോൾ നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നല്കത്തക്കവണ്ണം എന്തു ബദൽ സംവിധാനമാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>മലപ്പുറം ജില്ലാ റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ റാങ്ക് ലിസ്റ്റ്</u>

3310. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21.02.2018ൽ നിലവിൽ വന്ന മലപ്പുറം ജില്ലാ റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചുവെന്നറിയിക്കാമോ; പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എൻ.എം.ആർ. വാച്ചർമാർ എന്ന പേരിൽ വിവിധ ഓഫീസുകളിൽ താൽക്കാലികമായി എത്രപേർ ജോലി ചെയ്യുന്നു; വിശദാംശം നൽകുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും താൽക്കാലിക നിയമനങ്ങൾ നടത്തി സ്ഥിരപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ നിയമനം നടത്തുവാനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

<u>തിരുവനന്തപുരം ജില്ലയിലെ എൽ.ജി.എസ്.റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

3311. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ്ഗ്രേഡ് സർവ്വന്റ് നിയമനത്തിന് എത്രപേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; കഴിഞ്ഞതവണ ലിസ്റ്റിൽ എത്ര പേരുണ്ടായിരുന്നു; ഇതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിരുന്നു; നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ജി.എസ്.-ന്റെ സാങ്ഷൻഡ് പോസ്റ്റുകളിൽ ദിവസവേതനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഉദ്യോഗസ്ഥ പുനർവിന്യാസം നടക്കുന്നതോടെ നിലവിൽ വിവിധ വകുപ്പുകളിൽ റിട്ടയർമെന്റ്/പ്രൊമോഷൻ വഴി എൽ.ജി.എസ്.-ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഒഴിവുകൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടോ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണോ ഇത് നടപ്പിലാക്കുന്നത്;

(ഡി) പുതിയതായി ആരംഭിച്ച സർക്കാർ ഓഫീസുകളിൽ ലാസ്റ്റ്ഗ്രേഡ് (വേരിയസ്) തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പുതിയതായി അനുവദിക്കുന്ന ഐ.റ്റി.ഐ., ലീഗൽ മെട്രോളജി, താലൂക്ക് ഓഫീസുകളിൽ ഓഫീസ്

മേധാവികൾ സാങ്ഷൻഡ് പോസ്റ്റ് വേണമെന്ന് സർക്കാരിന് കത്ത് നൽകിയിട്ടും എൽ.ജി.എസ്. (വേരിയസ്) മാത്രം താൽക്കാലികക്കാരെ നിയമിക്കുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; ഇവിടങ്ങളിൽ സാങ്ഷൻഡ് പോസ്റ്റ് സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

3312. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു തീയതിലാണ് അവസാനിച്ചത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം നടത്തിയിട്ടുള്ള നിയമന ശിപാർശകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്തിരുന്ന എല്ലാ എൻ.ജെ.ഡി. ഒഴിവുകളിലേക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതികളിൽ കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>കോഴിക്കോട് ജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് **2** റാങ്ക് ലിസ്റ്റ്</u>

3313. ഡോ.എം. കെ. മുനീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിലെ സർക്കാർ വാഹനങ്ങളിൽ എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് 2 ന്റെ സേവനം ഉറപ്പ് വരുത്തുന്നതിന് തസ്തികൾ സൃഷ്ടിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ ഉള്ള എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് 2ന്റെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഡ്രൈവർ ഗ്രേഡ് 2 ന്റെ എത്ര ഒഴിവുകൾ നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ എത്ര ഡ്രൈവർമാർ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>കാറ്റഗറി നമ്പർ **284/14** ലിസ്റ്റിലെ നിയമന ശിപാർശ</u>

3314. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 284/14 ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ ശിപാർശ ചെയ്തിട്ടുണ്ട് എന്ന് പറയാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന്

അറിയിക്കുമോ?

<u>കാറ്റഗറി നമ്പർ **613/2013** റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി</u>

3315. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 613/2013 പ്രകാരം കേൾവിക്കുറവുള്ളവർക്കായി പി.എസ്.സി, എൻ.സി.എ വിജ്ഞാപനപ്രകാരം കമ്പനി, കോർപ്പറേഷൻ ബോർഡ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികയിലേക്ക് നിയമനത്തിനായി 2017-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് വേണ്ടി റാങ്ക് ലിസ്റ്റിൽ പേരുള്ള സാറാ ബാല്യ നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>കാറ്റഗറി നമ്പർ **657/2017** ലെ പി.എസ്.സി നിയമനം</u>

3316. **ശ്രീ.ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരം (പത്തനംതിട്ട-കെ.എ.പി-3) പി.എസ്.സി പ്രസിദ്ധീകരിച്ച മെയിൻ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(ബി) എത്രപേർക്ക് കൂടി നിയമനം നൽകാനാകും എന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കാനാകുമോ എന്നും അറിയിക്കാമോ?

<u>ബൈൻഡർ ഗ്രേഡ്**-II** റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം</u>

3317. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിലെ ബൈൻഡർ ഗ്രേഡ്-II തസ്തികയിൽ പ്രമോഷൻ, റിട്ടയർമെന്റ് വേക്കൻസികളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് പൂർണമായും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് **II** തസ്തികയുടെ റാങ്ക് ലിസ്റ്റ്</u>

3318. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 444/2016) തസ്തികയിലേക്കുള്ള നിയമനത്തിനായി 09.08.2017-ന് പി.എസ്.സി നടത്തിയ പരീക്ഷയുടെ ചുരുക്കപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികയുടെ യോഗ്യത മാനദണ്ഡം എന്തെന്ന് അറിയിക്കാമോ;

(സി) ഈ തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി- യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) ഈ തസ്തികയുടെ റാങ്ക് പട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കെ.എ.പി -III ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3319. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി -III ബറ്റാലിയനിലേക്കുള്ള റിക്രൂട്ട്മെന്റിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്നറിയിക്കാമോ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; ലിസ്റ്റിൽ ഇനി എത്രപേരാണ് ശേഷിക്കുന്നത്; പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇനി എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കെ.എ.പി -III ബറ്റാലിയനിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് നിലവിലുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## കെ.എസ്.ആർ.ടി.സി. യിലെ സേവനകാലം പരിഗണിച്ച് പെൻഷൻ

3320. **ശ്രീമതി സി.കെ. ആശ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് സംസ്ഥാന സർവ്വീസിൽ ലോവർ ഡിവിഷൻ ക്ലാർക്കായി ജോലി ചെയ്യുന്ന ജീവനക്കാരൻ റിട്ടയർ ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. യിലെ സേവനകാലം പെൻഷൻ നിശ്ചയിക്കുന്നതിന് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കമ്പനി, ബോർഡ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

3321. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള കമ്പനി, ബോർഡ് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കിയുള്ളവർക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## എൽ.ഡി. ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം

3322. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ വച്ച് ഡ്യൂട്ടിക്കിടയിൽ 06.09.2013-ൽ അന്തരിച്ച ഗ്രേഡ് എ.എസ്സ്.ഐ സത്യസന്ധന്റെ ആശ്രിതനായ എസ്സ്. സൂര്യകൃഷ്ണന് എൽ.ഡി. ക്ലർക്കായി നിയമനം ലഭിക്കുന്നതിന് പൊതുഭരണ (സി.ഇ സെൽ) വകുപ്പ് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലെ സീനിയോറിറ്റി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുഭരണ (സി.ഇ സെൽ) വകുപ്പിൽ നിന്നും എൽ.ഡി. ക്ലർക്ക് തസ്തികയിൽ അവസാനമായി ആശ്രിത നിയമനം നല്കിയിട്ടുളളത് ഏതു വർഷം വരെ നൽകിയിട്ടുള്ള അപേക്ഷയ്ക്കാണെന്ന് വ്യക്തമാക്കാമോ?

<u>ആശ്രിത നിയമന അപേക്ഷകളിന്മേലുള്ള നടപടി</u>

3323. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രിത നിയമനത്തിനായി ലഭിച്ച അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് നിയമപ്രകാരമുള്ള റേഷ്യോ പ്രകാരം നിയമനം നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>സൂപ്പർ ന്യൂമററി വ്യവസ്ഥ പ്രകാരം ആശ്രിത നിയമനം</u>

3324. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആശ്രിത നിയമന വ്യവസ്ഥയിൽ സ്ഥിര നിയമനം നൽകേണ്ടതിനു പകരം സൂപ്പർ ന്യൂമററി വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ അപ്രകാരം സൂപ്പർ ന്യൂമററി വ്യവസ്ഥയിൽ നിയമിച്ചു; വകുപ്പ് തിരിച്ച് കണക്കുകൾ നൽകാമോ;

(ബി) ഇത്തരത്തിൽ കൂട്ടത്തോടെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നടത്തിയതു മൂലം ഇവരുടെ തസ്തികകൾ റെഗുലറൈസ് ചെയ്യാൻ കഴിയാതെ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഇന്നവേഷൻ ആന്റ് എന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് സെന്റർ</u>

T 3325. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ സംരംഭകത്വം വളർത്തുവാൻ ഇന്നവേഷൻ ആന്റ് എന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (ഐ.ഇ.ഡി.സി.) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും കേരള സ്റ്റാർട്ട് അപ് മിഷൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(സി) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് വാർഷിക ഗ്രാന്റായി എന്ത് തുകയാണ് നൽകുന്നത്; എത്ര സ്ഥാപനങ്ങളാണ് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനത്തിനുള്ള സഹായം</u>

T 3326. **ശ്രീ.മോൻസ് ജോസഫ്**

**,, പി.ജെ.ജോസഫ്**

**,, സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ച പ്രവൃത്തികൾ തുടങ്ങുന്നതിന് സോഫ്റ്റ് ലോൺ അനുവദിക്കുന്നതിനെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുള്ള ഓർഡറുകൾക്കാണ് വായ്പകൾ ലഭ്യമാക്കുന്നത് എന്നറിയിക്കാമോ;

(സി) സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനത്തിന് സഹായകരമായ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഏജൻസികളിൽ നിന്നും ചെയ്ത പ്രവൃത്തികൾക്ക് പണം ലഭ്യമാക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വനിതാ സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിവരസാങ്കേതിക രംഗത്ത് ആരംഭിച്ച ടെക്നോപാർക്കുകൾ</u>

3327. ശ്രീ.സജി ചെറിയാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക രംഗത്ത് 1990ൽ ആരംഭിച്ച ടെക്നോപാർക്കുകൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകളിൽ എത്ര സ്റ്റാർട്ടപ്പുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്റ്റാർട്ടപ്പുകളിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ?

<u>സി-ഡിറ്റിലെ ഡയറക്ടർ നിയമനം</u>

3328. ശ്രീ.എ.പി. അനിൽ കുമാർ

,, അൻവർ സാദത്ത്

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.ടി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ഡയറക്ടർ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം അടിസ്ഥാന യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ;

(സി) പ്രസ്തുത മാറ്റം വരുത്തിയ കാലയളവിൽ സി-ഡിറ്റിൽ രജിസ്ട്രാറുടെ ചുമതല ആരാണ് വഹിച്ചിരുന്നത്; ഈ വ്യക്തിയെ പിന്നീട് പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ സി-ഡിറ്റിൽ ഡയറക്ടറായി നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>സി-ഡിറ്റിലെ ഡയറക്ടർ നിയമനം</u>

3329. ശ്രീ.എ.പി. അനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ ഡയറക്ടറായി നിലവിൽ ആരെയാണ് നിയമിച്ചിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ യോഗ്യതയെന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയ്ക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ പ്രതിമാസവേതനം എത്രയാണ്; അറിയിക്കുമോ;

(സി) ഈ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകരുടെ ഓരോരുത്തരുടെയും യോഗ്യതയും വിശദവിവരങ്ങളും നൽകുമോ?

<u>സി-ഡിറ്റിലെ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിൽ ബാങ്കുകളിൽ നിന്നുള്ള ഓവർ ഡ്രാഫ്റ്റ്</u>

3330. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സി-ഡിറ്റ് എത്ര തവണ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിൽ ബാങ്കുകളിൽ നിന്ന് ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്; എന്നൊക്കെയാണ് ഇവ എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ തവണ എടുത്ത ഓവർ ഡ്രാഫ്റ്റ് തുകയും അതിനായി വെച്ച സ്ഥിര നിക്ഷേപവും എത്രയെന്ന് വിശദമാക്കുമോ;

(സി) ഇതുവരെ എത്ര ഓവർഡ്രാഫ്റ്റുകൾ ക്ലോസ് ചെയ്തിട്ടുണ്ട്; എങ്ങനെയാണ് ഈ ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്തതെന്ന് വിശദമാക്കുമോ;

(ഡി) ജാമ്യം വെച്ച സ്ഥിര നിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഇൻഫോപാർക്കിൽ സൈബർഡോം</u>

3331. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്കിൽ സൈബർഡോം സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് ചെലവായതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളിൽ നിന്നുള്ള ഫണ്ടാണ് ഇതിനായി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സൈബർഡോം വഴി വീണ്ടെടുക്കാൻ കഴിയാതിരുന്ന ചില വിവരങ്ങൾ പ്രൈവറ്റ് സ്റ്റുഡിയോ വഴി വീണ്ടെടുക്കാൻ സാധിച്ച സാഹചര്യത്തിൽ സൈബർഡോം ഉപകരണങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>പ്രളയം കാരണം നഷ്ടമായ ഓഫീസ് രേഖകളുടെ കണക്കുകൾ</u>

3332. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിലും പേമാരിയിലും ഓഫീസ് രേഖകൾ നഷ്ടപ്പെട്ട വിവിധ വകുപ്പുകളുടെ രേഖകൾ പുന:സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇത്തരത്തിൽ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട രേഖകളുടെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) രേഖകൾ നഷ്ടപ്പെട്ട എത്ര ഓഫീസുകളിലാണ് ഇനിയും ഇവ പുന:സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തത്; എത്രയിടത്താണ് പൂർണ്ണമായും പുന:സൃഷ്ടിച്ചിട്ടുള്ളത്; പുന:സൃഷിക്കാൻ

കഴിയാത്ത രേഖകളുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(സി) ഇത്തരത്തിൽ ഓഫീസ് രേഖകൾ നഷ്ടപ്പെട്ടതുകാരണം പൊതുജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രവൃത്തികൾ

3333. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്ന പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) പ്രളയം കൂടുതൽ ബാധിച്ച ജില്ലയെന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദാംശം നൽകുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ എറണാകുളം ജില്ലയിലെ പ്രവൃത്തികൾ

3334. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ എറണാകുളം ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലാ കളക്ടർ 11.03.2019-ന് 65259/2019/DPO/EKM കത്ത് പ്രകാരം സമർപ്പിച്ച 94.39 കോടി രൂപയുടെ 23 പ്രൊപ്പോസലിൽ ഏതെല്ലാമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതികൾ

3335. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ഉദ്ദേശിക്കുന്ന മണ്ഡലത്തിലെ റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഓരോന്നിനും അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കുമോ?

പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

T 3336. ശ്രീ.വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ

,, ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ തലത്തിൽ നൽകിയ സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) സന്നദ്ധ സംഘടനകൾ മുഖാന്തരം നിർമ്മാണം ഏറ്റെടുത്തിട്ടുള്ള വീടുകളുടെ നിർമ്മാണ ഘട്ടം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; അപ്രകാരമുള്ള എത്ര വീടുകളാണ് ഇതിനകം പണി പൂർത്തിയായത്;

(സി) കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; അതിലൂടെ എത്ര വീടുകൾ നിർമ്മിച്ച് നൽകുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ വഴി എന്തൊക്കെ സഹായമാണ് നൽകുന്നത്; വിശദമാക്കുമോ?

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>

3337. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ദുരിതാശ്വാസ നിധിയിൽ നിന്നും കാസർഗോഡ് ജില്ലയിലെ എത്ര പേർക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്നും ഇതിനായി എത്രകോടി രൂപ നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

<u>ദുരിതാശ്വാസ ഫണ്ടിൽനിന്നും തിരിമറി നടത്തിയെന്ന ആക്ഷേപം</u>

T 3338. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.ഡി.സതീശൻ

,, പി.ടി. തോമസ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതം അനുഭവിക്കാത്തവരുടെ അക്കൗണ്ടുകളിലേയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വൻ തുക കൈമാറിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എന്ത് തുക അനധികൃതമായി കൈമാറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇപ്രകാരം അനധികൃതമായി തുക കൈമാറി കിട്ടിയതായി ആക്ഷേപമുള്ളവരിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രാദേശിക നേതാക്കൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുവാൻ വിനിയോഗിക്കുന്ന ഫണ്ടിൽ തിരിമറി നടത്തിയവരെ കണ്ടെത്തുന്നതിനും കർശനമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നടത്തിയ ധനസമാഹരണം

3339. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്വകാര്യവ്യക്തികൾ, സംഘടനകൾ മുതലായവർ സമാഹരിക്കുന്ന പണം അനന്തമായി കൈവശം സൂക്ഷിക്കാൻ അവകാശമുണ്ടോ; ഇല്ലെങ്കിൽ എത്ര ദിവസത്തിനുള്ളിൽ ഇത് സർക്കാരിലേക്ക് അടയ്ക്കണമെന്ന് വ്യക്തമാക്കുമോ;

(ബി) കൊച്ചി മ്യൂസിക് ഫൗണ്ടേഷൻ എന്ന സംഘടന പ്രളയദുരിതാശ്വാസത്തിനെന്ന പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഗീത നിശയിലൂടെ ധനസമാഹരണം നടത്തിയത് സർക്കാരിന്റെ അറിവോടെയും അനുവാദത്തോടെയും ആണോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൊച്ചി മ്യൂസിക് ഫൗണ്ടേഷൻ ആവശ്യപ്പെടാതെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം സൗജന്യമായി വിട്ടുകൊടുത്ത് വാടക, നികുതി എന്നീ ഇനങ്ങളിൽ നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പണം പിരിച്ച് തട്ടിപ്പ് നടത്തിയെന്ന പരാതിയിൻമേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

എല്ലാ വാർഡുകളിലും ശുദ്ധജല കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

3340. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചതിനു ശേഷം സ്ഥാപിക്കുന്നതിനും ഇവയിലേക്ക് ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം എത്തിക്കുന്നതിനും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഇത്തരത്തിൽ കിയോസ്കുകൾ ആവശ്യമുള്ള എല്ലാ വാർഡുകളിലും അവ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

അതിവേഗ റെയിൽപാത

3341. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽപാത നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; ഏതൊക്കെ സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് പാത വരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ എത്തുന്നതിന് എത്ര മണിക്കൂർ സമയമാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പദ്ധതി ചെലവിനുള്ള തുക കണ്ടെത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അതിവേഗ റെയിൽപാതയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>നദികളിൽ നിന്നും ജലം ചോർത്തിക്കൊണ്ടുപോകുന്നത് തടയുന്നതിനുള്ള സംവിധാനം</u>

T 3342. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും ഇതര സംസ്ഥാനങ്ങൾ ജലം ചോർത്തിക്കൊണ്ടുപോകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലം കടത്തുന്നത് തടയുന്നതിനായി തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിൽ എത്ര തവണ അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ അന്വേഷണവുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകളാണ് പ്രസ്തുത വിജിലൻസ് വിഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ലോക കേരളസഭയുടെ സോഷ്യൽ മീഡിയ പ്രചാരണത്തിന് ചെലവായ തുക</u>

3343. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് ലോക കേരള സഭകളുടെയും സോഷ്യൽ മീഡിയ പ്രചാരണത്തിന് എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) സോഷ്യൽ മീഡിയ പ്രചാരണത്തിനുള്ള ചുമതല സ്വകാര്യ ഏജൻസിക്കായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ നിലനിൽക്കെ സ്വകാര്യ ഏജൻസിക്ക് ചുമതല നൽകാൻ കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനു ചെലവഴിച്ച തുക എത്രയാണെന്നും ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(ഇ) ടെണ്ടർ വഴിയാണോ ഏജൻസിയെ തെരഞ്ഞെടുത്തത്; അല്ലെങ്കിൽ ഒരു പ്രത്യേക കമ്പനിയെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തായിരുന്നു; വ്യക്തമാക്കാമോ?

<u>ഐ.എസ്.ആർ.ഒ. ചാരക്കേസുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം</u>

3344. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസുമായി ബന്ധപ്പെട്ട് കോടതിവിധി പ്രകാരം ഡോ. നമ്പി നാരായണന് നഷ്ടപരിഹാരമായി എത്ര രൂപ സംസ്ഥാന ഖജനാവിൽ നിന്ന് കൊടുക്കേണ്ടി വന്നിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ കേസ്സിലെ കോടതി വിധി പ്രകാരം ഗൂഢാലോചനയുടെ പങ്ക് അന്വേഷിക്കാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഈ സമിതി അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാന ഖജനാവിനുണ്ടായ സാമ്പത്തികനഷ്ടം നികത്തുന്നതിന് കേസിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരിൽ നിന്നും രാഷ്ട്രീയക്കാരിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്ന വിഷയം പരിഗണിക്കുമോ?

## സൈബർ ആസ്ഥാനങ്ങൾ

3345. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പാലനത്തിൽ ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) സൈബർ കേസുകൾ നിരീക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സൈബർ ആസ്ഥാനങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നത്;

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള മധ്യകേരളത്തിൽ സൈബർ ആസ്ഥാനം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## മിന്നൽ പണിമുടക്കുകൾ തടയാൻ നടപടി

3346. ശ്രീ.പി.ഉബൈദുള്ള
,, എം. സി. കമറുദ്ദീൻ
,, ടി.എ.അഹമ്മദ് കബീർ
,, പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംഘടനകൾ പ്രഖ്യാപിക്കുന്ന മിന്നൽ പണിമുടക്കുകളും പൊതുനിരത്തുകൾ കയ്യേറിയുള്ള സമരങ്ങളും മൂലം ജനജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ഗൗരവമായി കണക്കിലെടുക്കുമോ;

(ബി) മുൻകൂട്ടി നോട്ടീസ് നൽകാതെയുള്ള ഇത്തരം പണിമുടക്കുകളും സമരങ്ങളും നടത്തുന്ന സംഘടനകൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(സി) 04.03.2020-ന് കിഴക്കേകോട്ടയിലുണ്ടായ കെ.എസ്.ആർ.ടി.സി. മിന്നൽ പണിമുടക്കിനെ തുടർന്നുണ്ടായ യാത്രക്കാരന്റെ മരണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തീവ്രവാദ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനുള്ള നടപടി

3347. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിയിക്കാവിളയിൽ എ.എസ്.ഐ യെ വെടിവച്ച് കൊന്ന സംഭവത്തിൽ തമിഴ് നാട് ക്യൂ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ തലസ്ഥാന ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തീവ്രവാദ ശൃംഖല സജീവമാണെന്ന കാര്യം വെളിവായിട്ടുണ്ടോ;

(ബി) ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന നിരീക്ഷണം ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും മുളയിലേ നുള്ളുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ജസ്റ്റിസ് എ.നാരായണക്കുറുപ്പ് കമ്മീഷന്റെ പ്രവർത്തനം

3348. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ അന്വേഷണ കമ്മീഷനുകളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതെന്ന ജസ്റ്റിസ് എ. നാരായണക്കുറുപ്പ് കമ്മീഷന്റെ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നെടുങ്കണ്ടം കസ്റ്റഡി മരണം അന്വേഷിക്കുവാൻ നിയുക്തമായ പ്രസ്തുത കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിച്ചത്; അത് നീട്ടി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം വേഗത്തിലാക്കുന്നതിനും കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിനും എന്തൊക്കെ സഹായമാണ് ഇതിനകം കമ്മീഷന് നൽകിയതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കമ്മീഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അവർക്ക് ശമ്പളം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

കുറ്റാന്വേഷണ പരിശീലനത്തിന് നൂതന മാർഗ്ഗങ്ങൾ

3349. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പോലീസുകാർക്ക് കുറ്റാന്വേഷണത്തിൽ പരിശീലനം നൽകുന്നതിന് നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരിശീലനത്തിനായി വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ക്രൈം സീനുകൾ ത്രിമാന രൂപത്തിൽ പുനരാവിഷ്കരിക്കുവാൻ സ്റ്റാർട്ടപ്പുകളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് താല്പര്യപത്രം നൽകിയതെന്നും ഇക്കാര്യത്തിനായി എന്ത്

തുക ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്താമോ?

<u>പാസ്പോർട്ട് വെരിഫിക്കേഷനായി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് നടപടി</u>

3350. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് ക്രൈം ഡേറ്റ അടക്കമുള്ള വ്യക്തിഗത വിവരങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുവാൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ പിന്നീട് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് ഭേദഗതിയാണ് വരുത്തിയതെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഊരാളുങ്കൽ സൊസൈറ്റി തയ്യാറാക്കി നൽകിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ കൊച്ചി അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് 2019 ആഗസ്റ്റ് 7 ന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) കൊച്ചി അസിസ്റ്റന്റ് കമ്മീഷണർക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ പരിശോധിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഉണ്ടോ; വിശദമാക്കുമോ?

<u>മയക്കുമരുന്ന് വ്യാപനത്തിനെതിരെ കർശന നടപടി</u>

3351. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് ആഭ്യന്തരവകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് പോലീസ് സ്റ്റേഷനുകൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) മയക്കുമരുന്ന് കാരണം കൗമാരക്കാരിൽ ഗുരുതര കുറ്റകൃത്യങ്ങളുടെയും ആത്മഹത്യകളുടെയും എണ്ണം വർദ്ധിച്ചുവരുന്നതിനെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വേണ്ടത്ര ഫലം കാണാത്ത സാഹചര്യത്തിൽ ഇതിനായി ശക്തമായ പരിപാടികൾക്ക് രൂപം നൽകുമോ എന്നറിയിക്കാമോ ?

<u>ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ പോലീസ് കേസ്</u>

3352. ശ്രീ.മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ മലിനമാക്കുന്നത് കുറ്റകൃത്യമാക്കി 2017-ൽ നിയമനിർമ്മാണം നടത്തിയതിന് ശേഷം ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ നടപടി എടുക്കുന്നതിൽ പോലീസിന് എന്തെങ്കിലും പരിമിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാടകയ്ക്കെടുത്ത ഹെലികോപ്റ്റർ

3353. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ടെൻഡർ വിളിക്കാതെ പവൻ ഹാൻസിൽ നിന്നും ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുവാൻ തീരുമാനിക്കുകയുണ്ടായോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഇതിനായി എത്രകോടി രൂപയാണ് മുൻകൂറായി അനുവദിച്ച് ഉത്തരവിറക്കിയത്; ഇരുപതു മണിക്കൂറിനപ്പുറം പറക്കുന്ന ഓരോ മണിക്കൂറിനും സർക്കാർ എത്ര രൂപ വീതം കമ്പനിക്ക് അധികം നൽകണമെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ സൗകര്യമുള്ളതും ഓപ്പറേഷൻ നിരക്ക് കുറഞ്ഞതുമായ കോപ്റ്ററുകൾ ലഭ്യമാണെന്നിരിക്കെ അത് അവഗണിച്ച് പവൻ ഹാൻസ് ലിമിറ്റഡ് കമ്പനിയിൽ നിന്നും ഉയർന്ന തുകയ്ക്ക് കോപ്റ്ററുകൾ വാടകയ്ക്കെടുക്കാനുണ്ടായ സാഹചര്യമെന്താണെന്ന് അറിയിക്കാമോ;

(ഡി) ഹെലികോപ്റ്റർ എത്തുന്നതോടെ പോലീസിന്റെ പ്രവർത്തനത്തിൽ എന്തൊക്കെ സൗകര്യങ്ങളും വേഗതയും വന്നു ചേരുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

ടാബ്ലറ്റുകൾ വാങ്ങിയ നടപടിയിന്മേലുള്ള സി. & എ.ജി. കണ്ടെത്തലുകൾ

T 3354. ശ്രീ.അനിൽ അക്കര

,, വി.എസ്.ശിവകുമാർ

,, ഷാഫി പറമ്പിൽ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ഒ.പി.എഫ്. ഫണ്ടുപയോഗിച്ച് പാനസോണിക് കമ്പനിയുടെ ടാബ്ലറ്റുകൾ വാങ്ങിയ നടപടിയിൽ കെൽട്രോൺ കൃത്രിമം കാണിച്ചിരുന്നുവെന്ന സി &എ.ജി.യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇടപാടിനെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ നിലവിലെ പോലീസ് മേധാവി ചാർജെടുത്ത ശേഷം പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് കെൽട്രോൺ നടത്തിയ മറ്റ് ഇടപാടുകൾ അന്വേഷണ വിധേയമാക്കുമോ?

വെടിയുണ്ടകളും കാട്രിഡ്ജും കാണാതായത് സംബന്ധിച്ച അന്വേഷണം

3355. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വെടിയുണ്ടകളും കാട്രിഡ്ജും കാണാതായത് സംബന്ധിച്ച അന്വേഷണം ഏതുവരെയായി എന്നറിയിക്കാമോ;

(ബി) വെടിയുണ്ടകളും മറ്റും കാണാതായ സമയത്ത് കമ്പനി കമാണ്ടർ ആയിരുന്ന ആംഡ് പോലീസ് ഇൻസ്പെക്ടറെ ഒഴിവാക്കി താഴ്ന്ന നിരയിലുള്ള ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി അവരെ ബലിയാടാക്കുവാൻ ശ്രമിക്കുന്നതായി ഉയർന്നുവരുന്ന ആക്ഷേപം പരിശോധിച്ച് യഥാർത്ഥ കുറ്റക്കാരെ

പ്രതി ചേർക്കുവാൻ തയ്യാറാകുമോ;

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ പ്രതി ചേർക്കപ്പെട്ട പതിനൊന്ന് പേരിൽ ഒരാളിനെ മാത്രം ലക്ഷ്യം വച്ച് അന്വേഷണം നടത്തുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) ഉന്നത സ്വാധീനമുള്ളവരും ഉയർന്ന ഉദ്യോഗസ്ഥരും ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന ആക്ഷേപമുള്ളതിനാൽ ശരിയായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരുവാൻ കേന്ദ്ര ഏജൻസികളെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ?

<u>പൗരത്വനിയമ ഭേദഗതിക്കെതിരെ പ്രതിഷേധം</u>

3356. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വനിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; പൂർണ്ണമായ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട പ്രതിഷേധത്തിന്റെ ഭാഗമായി കടകളടച്ചതിന്റെ പേരിൽ എത്ര കടയുടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസെടുത്തതെന്നും ആർക്കെല്ലാമെതിരെയാണ് കേസെടുത്തിരിക്കുന്നത് എന്നുമുള്ള വിശദാംശങ്ങൾ പോലീസ് സ്റ്റേഷൻ തിരിച്ച് നൽകുമോ;

(സി) പൗരത്വനിയമ ഭേദഗതിയുമായി ബന്ധപ്പെട്ട വിദ്വേഷ പ്രസംഗങ്ങൾ നടത്തുകയും വർഗീയ കലാപങ്ങൾക്ക് ആഹ്വാനം ചെയ്യുകയും ചെയ്തുവെന്ന പേരിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് എടുത്തതെന്നും ആർക്കെല്ലാമെതിരെയാണ് കേസെടുത്തിരിക്കുന്നത് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

<u>പൗരത്വ ഭേദഗതി നിയമം</u>

3357. **ശ്രീ.വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ച് അസാധുവാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ഇക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്യുവാൻ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ ഇത്തരമൊരു കേസ് ഫയൽ ചെയ്യണമെന്ന ആവശ്യം പ്രതിപക്ഷനേതാവ് മുന്നോട്ട് വച്ചിരുന്നോ എന്ന് അറിയിക്കാമോ;

(സി) ഭരണഘടനയുടെ ആർട്ടിക്കിൾ 256 പ്രകാരം പാർലമെന്റ് പാസ്സാക്കിയ നിയമം നടപ്പിലാക്കുവാനുള്ള ബാധ്യത സംസ്ഥാന സർക്കാരിനുണ്ടോ;

(ഡി) ഭരണഘടനാ വിരുദ്ധവും മതനിരപേക്ഷതയെ തകർക്കുന്നതുമായ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള ബാധ്യത സംസ്ഥാന സർക്കാരിന് ഇല്ലെന്ന് രേഖാമൂലം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറിയിക്കുമോ?

പൗരത്വനിയമ ഭേദഗതിക്കെതിരെ സുപ്രീംകോടതിയിൽ കേസ്

3358. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ പൗരത്വനിയമ ഭേദഗതിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് മുൻപ് ഗവർണ്ണറുടെ അനുമതി തേടണമെന്ന നിബന്ധന പാലിക്കേണ്ടതുണ്ടായിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ചീഫ് സെക്രട്ടറിയോട് ഗവർണർ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി നൽകിയ വിശദീകരണം എന്താണ്; അറിയിക്കാമോ?

കേരളാ പോലീസിന് മാസ വാടകയ്ക്ക് ഹെലികോപ്റ്റർ

3359. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന് വേണ്ടി 1.7 കോടി രൂപ മാസ വാടകയ്ക്ക് ഹെലികോപ്റ്റർ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതെല്ലാമാണെന്നും അവർ ഓരോരുത്തരും എഴുതിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഹെലികോപ്റ്റർ ഒരു മാസം എത്ര മണിക്കൂർ ഉപയോഗിക്കുന്നതിനാണ് 1.7 കോടി രൂപ വാടക നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിലും കുറഞ്ഞ തുകയ്ക്ക് അല്ലെങ്കിൽ ഇതേ വാടകയ്ക്ക് മൂന്ന് ഹെലികോപ്റ്റർ നൽകാമെന്ന് പറഞ്ഞ കമ്പനിയെ ഒഴിവാക്കി ടെണ്ടർ നല്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഇത്രയും തുക വാടക നൽകി ഒരു ഹെലികോപ്റ്റർ മാത്രം എടുക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

സിംസ് പദ്ധതി

3360. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും കെൽട്രോണും സംയുക്തമായി സിംസ് (സി.ഐ.എം.എസ്) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നിബന്ധനകൾ എപ്രകാരമായിരുന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ കരാർ നൽകിയിരിക്കുന്ന ഗാലക്സോൺ എന്ന സ്വകാര്യ കമ്പനി എന്ന് രൂപവൽക്കരിച്ചതാണെന്നും ഇതിന്റെ ഡയറക്ടർ ആരാണെന്നും ഇവരുടെ ഈ മേഖലയിലെ പ്രവൃത്തി പരിചയം എത്ര വർഷമാണെന്നും വ്യക്തമാക്കാമോ?

ഫാമിലി ക്രൈം പ്രിവൻഷൻ കൗൺസിലിംഗ് യൂണിറ്റുകളുടെ നിർമ്മാണം

3361. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ ഫാമിലി ക്രൈം പ്രിവൻഷൻ കൗൺസിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 29.08.2013 ലെ ജി.ഒ. (ആർ.റ്റി.) നം. 2385/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നോ;

(ബി) യൂണിറ്റുകളുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഏത് സ്ഥാപനത്തിൽ നിന്നും വാങ്ങണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് പ്രവൃത്തി നൽകാതെ മറ്റേതെങ്കിലും സ്ഥാപനം വഴി സംസ്ഥാന പോലീസ് മേധാവി പ്രസ്തുത യൂണിറ്റുകളുടെ നിർമ്മാണം നടത്തിയോ;

(ഡി) ഇതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

പോലീസ് സേനയിലെ സ്ത്രീകളുടെ പ്രാതിനിധ്യം

3362. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിലുള്ള സ്ത്രീ പ്രാതിനിധ്യം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുമോ;

(സി) കാറ്റഗറി നം. 653/2017 സിവിൽ പോലീസ് ഓഫീസർ (വുമൺ പോലീസ് കോൺസ്റ്റബിൾ) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പോലീസ് സേനയിൽ ആധുനികവൽക്കരണം

3363. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാന പോലീസ് സേനയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ആധുനികവൽക്കരണത്തിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര പേർക്ക് പോലീസ് സേനയിൽ നിയമനം നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം വനിതാ പോലീസിന്റെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ?

പോലീസ് ആസ്ഥാനത്തെ രഹസ്യ രേഖകളുടെ ചോർത്തൽ

3364. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആസ്ഥാനത്തെ രഹസ്യ രേഖകളടക്കം മാധ്യമ പ്രവർത്തകർക്ക് ചോർത്തി നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ രേഖകളാണ് ഇപ്രകാരം ചോർത്തിയതായി കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇപ്രകാരം രേഖകൾ ചോർത്തുന്നത് ഔദ്യോഗിക രഹസ്യ നിയമത്തിന്റെ ലംഘനമാണോ;എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അന്വേഷണത്തിൽ രേഖകൾ ചോരുന്നത് എപ്രകാരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>പോലീസ് ഉദ്യോഗസ്ഥർക്ക് അധിക അവധി അനുവദിക്കാൻ നടപടി</u>

3365. **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ മാനസിക സമ്മർദവും ശാരീരിക ബുദ്ധിമുട്ടുകളും ഏറെ അനുഭവിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് അധിക അവധി അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റി/കമ്മീഷൻ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

<u>പോലീസ് വകുപ്പിൽ വാങ്ങിയ വാഹനങ്ങൾ</u>

3366. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് 9ലെ ജി.ഒ(ആർ.റ്റി) 1334/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 2450 ലക്ഷം രൂപക്ക് ലൈറ്റ് മോട്ടോർ വാഹനങ്ങളും 190 ലക്ഷം രൂപക്ക് 10 ഓപ്പൺ ലോറികളും വാങ്ങുന്നതിന് സർക്കാർ പോലീസ് വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതി പ്രകാരം അനുവദിച്ച വാഹനങ്ങളാണോ പോലീസ് വകുപ്പ് വാങ്ങിയത് എന്നും അല്ലെങ്കിൽ ഏതൊക്കെ വാഹനങ്ങൾ എന്നും ഇവ ജെം വഴിയാണോ വാങ്ങിയത്എന്നും വ്യക്തമാക്കുമോ;

(സി) ഒരു കോടിയിൽ കൂടുതൽ തുകയുള്ള ടെൻഡർ ജെം വഴി നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് സ്റ്റോർ പർച്ചേസ് മാനുവലിൽ വ്യവസ്ഥയുണ്ടോ;

(ഡി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയതിന് സർക്കാരിന്റെ മുൻകൂർ അനുമതി സംസ്ഥാന പോലീസ് മേധാവി വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

<u>ടെമ്പററി പർപ്പസ് ട്രെയിനിംഗ് ഓർഡർ കാലയളവ്</u>

3367. **ശ്രീമതിപി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18.02.2011ലെ സ.ഉ.(എം.എസ്)48/2011/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവസാനം വന്ന ടെമ്പററി പർപ്പസ് ട്രെയിനിംഗ് ഓർഡർ ഏത്

കാലയളവിലേക്കാണ് നിലവിൽ വന്നത് എന്നറിയിക്കാമോ; അതിൽ എത്ര ടെമ്പററി പർപ്പസ് വേക്കൻസി ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഫയൽ നമ്പർ ഇ -364760, ഇ 3996506(ആഭ്യന്തരം)-ൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വെളിപ്പെടുത്തുമോ?

<u>പോലീസുകാർക്ക് ഓഫ് ഡേ ഡ്യൂട്ടി അലവൻസ്</u>

3368. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസുകാർക്ക് ഓഫ് ഡേ ഡ്യൂട്ടി അലവൻസായി നൽകുന്നത് എത്ര രൂപയാണ്; അറിയിക്കാമോ;

(ബി) ഒരു ദിവസത്തെ അധിക ഡ്യൂട്ടിക്ക് ഒരു ദിവസത്തെ പൂർണ്ണ ശമ്പളത്തിന് അർഹതയുണ്ടായിട്ടും പരിമിതമായ ഒരു സംഖ്യ മാത്രം നൽകി വരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) മാസത്തിൽ നാലിന് പകരം രണ്ട് ഓഫ് ഡേ ഡ്യൂട്ടിയായി പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും കമ്മീഷൻ റിപ്പോർട്ടിന്റെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിലാണോ ഇങ്ങനെ രണ്ട് ഓഫ് ഡേ ഡ്യൂട്ടിയായി പരിമിതപ്പെടുത്തിയത് എന്നറിയിക്കാമോ?

<u>പോലീസ് കംപ്ലെയ്ന്റ് അതോറിറ്റികളുടെ പ്രവർത്തനം</u>

3369. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പോലീസ് കംപ്ലെയ്ന്റ് അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റി സ്ഥാപിതമായതു മുതൽ എത്ര പരാതികൾ പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര കേസ്സുകൾ തീർപ്പാക്കി വിശദമാക്കാമോ;

(സി) പോലീസ് കംപ്ലെയ്ന്റ് അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം</u>

3370. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ നിലവിലെ വനിതാ പ്രാതിനിധ്യം എത്രയാണ്; ഇതിൽ വിമൺ സിവിൽ പോലീസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ തുടങ്ങി മുഴുവൻ തസ്തികകളിലെയും വനിതാ പ്രാതിനിധ്യം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയിൽ പതിനഞ്ച് ശതമാനം വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഇന്ത്യാ റിസർവ് ബറ്റാലിയൻ റഗുലർ വിങ്ങിൽ നിയമനം

3371. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയൻ റഗുലർ വിങ്ങിൽ നിയമനത്തിനായി അവസാനമായി എന്നാണ് പി.എസ്.സി. ശിപാർശ നല്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ശിപാർശ നല്കിയിട്ടുള്ളവർക്കെല്ലാം പരിശീലനം നൽകിയിട്ടുണ്ടോയെന്നും നിലവിൽ ആർക്കെങ്കിലും പരിശീലനം നൽകാനുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) പരിശീലനം നല്കാൻ താമസിക്കുന്നതിന്റെ കാരണം എന്താണ്; പരിശീലനം എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കാമോ?

കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

3372. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

3373. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 1.4.2020 മുതൽ 30.06.2020 വരെ വിരമിക്കൽ മൂലം സിവിൽ പോലീസ് ഓഫീസർ തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വർക്കല മണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

3374. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വർക്കല മണ്ഡലത്തിലെ എത്ര സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സ്കൂളുകളിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

3375. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിപുലീകരണം

3376. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന പദ്ധതിയുടെ വിപുലീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിലവിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട് എന്ന് അറിയിക്കാമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ചെലവ്

3377. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി സർക്കാർ പ്രതിവർഷം എത്ര കോടി രൂപ ചെലവാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## പെരിയ കേസിൽ സി.ബി.ഐ. അന്വേഷണം

3378. ശ്രീ.സണ്ണി ജോസഫ്

,, വി.എസ്.ശിവകുമാർ

ശ്രീമതിഷാനിമോൾ ഉസ്മാൻ

ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ കേസിൽ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് ഹൈക്കോടതിയിൽ വാദിക്കുന്നതിനായി സർക്കാർ അഭിഭാഷകർ അല്ലാതെ പുറത്ത് നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയൊക്കെ എന്നറിയിക്കാമോ ;

(സി) ഇവർക്ക് ഓരോരുത്തർക്കും വക്കീൽ ഫീസിനത്തിലും, മറ്റ് ഇനങ്ങളിലുമായി ഇതിനകം എന്ത് തുക നൽകി;

(ഡി) വിമാനക്കൂലി ഇനത്തിലും, ഹോട്ടൽ താമസം, ഭക്ഷണം എന്നീ ഇനങ്ങളിലും ഇവർക്ക് വേണ്ടി ചെലവഴിച്ച തുക എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇത് സംബന്ധിച്ച് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

യൂണിവേഴ്സിറ്റി കോളേജിലെ കൊലപാതകശ്രമകേസ്

3379. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിയെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പോലീസ് ഇതിനകം കുറ്റപത്രം സമർപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ കേസിൽ എത്ര പ്രതികളുണ്ട്; ഇവരുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കുറ്റം ചുമത്തിയിട്ടുള്ളത്; കുറ്റം തെളിയിക്കപ്പെട്ടാൽ ഈ വകുപ്പുകൾ പ്രകാരം പ്രതികൾ പരമാവധി എന്തൊക്കെ ശിക്ഷകൾക്ക് വിധേയരാകും; വ്യക്തമാക്കാമോ;

(സി) പ്രതി ചേർക്കപ്പെട്ടവരിൽ ഭൂരിപക്ഷം പേരും ഏതെങ്കിലും വിദ്യാർത്ഥി സംഘടനകളിൽ അംഗങ്ങളാണോ; എങ്കിൽ ഏത് സംഘടനയിലെ അംഗങ്ങളാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

3380. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന നിതിൻ രാജ്, സുദേവ് എന്നീ വിദ്യാർത്ഥികളെ മഹേഷ് ഏട്ടപ്പൻ എന്ന ആൾ മർദ്ദിച്ച സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രതിക്കെതിരെ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്;

(സി) നിതിൻ രാജിന്റെ സർട്ടിഫിക്കറ്റുകൾ തീവെച്ച് നശിപ്പിച്ചുവെന്ന ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

വിദേശ ടൂറിസ്റ്റുകൾക്കെതിരെയുള്ള അതിക്രമങ്ങൾ

3381. ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.അനൂപ് ജേക്കബ്
,, ഷാഫി പറമ്പിൽ
,, കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ ടൂറിസ്റ്റുകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ചെറുക്കുന്നതിനും അവർക്ക് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിനും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഷാഡോ പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണം

3382. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ ഭീതിജനകമായ വിധത്തിൽ വർദ്ധിക്കുന്നുവെന്ന കാര്യം വസ്തുതയാണോ;

(ബി) കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ തടയുവാൻ ബോധവൽക്കരണ പരിപാടികൾ സംസ്ഥാന പോലീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പ്രവർത്തനത്തിന്റെ ഭാഗമായി പോലീസിന്റെ ജനമൈത്രി ബീറ്റ് ഓഫീസർമാർ വീടുകളിലെത്തി അവബോധം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മദ്യ-മയക്കുമരുന്ന് ലോബിയുടെ ആക്രമണം

3383. ശ്രീ.എം. സി. കമറുദ്ദീൻ
ഡോ.എം. കെ. മുനീർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനത്തെ സംബന്ധിച്ച വിവരം അധികൃതർക്ക് നൽകുന്നവരെ തെരഞ്ഞു പിടിച്ച് മദ്യ- മയക്കുമരുന്ന് ലോബി ആക്രമിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ 2019-ൽ എത്ര സംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിലുൾപ്പെട്ട പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ആക്രമിക്കപ്പെടുന്നതിനാൽ വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം വ്യാപകമാകുമ്പോഴും അധികൃതർക്ക് വിവരം നൽകാൻ ആളുകൾ ഭയപ്പെടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവരം നല്കുന്നവരെക്കുറിച്ചുള്ള വിശദാംശങ്ങൾ മാഫിയയ്ക്ക് ചോർത്തി നൽകുന്ന ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

മുനമ്പം മനുഷ്യകടത്ത് കേസ് അന്വേഷണം

3384. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം മനുഷ്യക്കടത്ത് കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) 2019 ജനുവരി 12ന് മുനമ്പം മാല്യങ്കര ബോട്ട് ജെട്ടിയിൽ നിന്നും മത്സ്യബന്ധന ബോട്ടിൽ വിദേശത്തേക്ക് കടത്തിയ സ്ത്രീകളും കുട്ടികളും അടക്കം 87 പേർക്ക് എന്ത് സംഭവിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ വിദേശത്തേക്ക് അയക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസന്വേഷണത്തിന് എൻ.ഐ.എ., ഇന്റർപോൾ എന്നിവയുടെ സഹായം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ച് നടന്ന പരീക്ഷ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണം

3385. ശ്രീ.എം. വിൻസെന്റ്

,, റോജി എം. ജോൺ

,, ഷാഫി പറമ്പിൽ

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ച് നടന്ന പരീക്ഷാ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും പ്രസ്തുത തട്ടിപ്പിൽ എന്തെങ്കിലും പങ്ക് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കേസിലെ പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു;

(ഡി) യൂണിവേഴ്സിറ്റി പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ യൂണിവേഴ്സിറ്റി കോളേജിലെ കുത്ത് കേസ് പ്രതികളുടെ വീട്ടിൽ നിന്നും സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ വീട്ടിൽ നിന്നും കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; വിശദാംശം നൽകുമോ?

അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചികിത്സാ കേന്ദ്രങ്ങൾ

3386. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചികിത്സാ കേന്ദ്രങ്ങളെ സംബന്ധിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ടോ; മാറാരോഗങ്ങൾക്കുപോലും ഇത്തരം കേന്ദ്രങ്ങളിലേക്ക് രോഗികൾ പോകുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം കേന്ദ്രങ്ങൾക്കെതിരെ ശക്തമായ നടപടികൾ എടുക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ?

അഴിമതി കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

3387. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി, ക്രിമിനൽ കേസുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## അധോലോക കുറ്റവാളിക്ക് പോലീസുദ്യോഗസ്ഥരുമായുള്ള ബന്ധം

3388. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധോലോക കുറ്റവാളിയായ രവി പൂജാരിക്ക് കേരളത്തിലെ ചില പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധമുണ്ടെന്ന ബാംഗ്ലൂർ പോലീസിന്റെ ചോദ്യം ചെയ്യലിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കൂടുതൽ വിവങ്ങൾ ശേഖരിക്കുവാൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## അലൻ, താഹ എന്നിവർക്കെതിരെയുള്ള യു.എ.പി.എ. കേസ്

3389. ശ്രീ.ഷാഫി പറമ്പിൽ

,, സണ്ണി ജോസഫ്

,, പി.ടി. തോമസ്

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അലൻ, താഹ എന്നിവർക്കെതിരെ യു.എ.പി.എ. ചുമത്തുന്നതിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## പൗരസ്വാതന്ത്ര്യം നിഷേധിക്കുന്ന നടപടി

3390. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അലൻ, താഹ എന്നീ രണ്ട് യുവാക്കളെ യു.എ.പി.എ. ചുമത്തി ജയിലിലടച്ച സംഭവം പൗരസ്വാതന്ത്ര്യം നിഷേധിക്കുന്ന ഒന്നാണെന്ന് ആക്ഷേപമുയരുന്നതിനാൽ ഈ നടപടി പുനപരിശോധിക്കുമോ?

## റോഡ് സുരക്ഷാ നിയമലംഘന കേസുകൾ

3391. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ നിയമലംഘനങ്ങൾക്ക് പുതുക്കി നിശ്ചയിച്ച പിഴ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര റോഡ് നിയമലംഘന കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ ഇനത്തിൽ എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പിഴത്തുക വർദ്ധിപ്പിച്ചതിന് ശേഷം കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

## രാത്രികാല വാഹനപരിശോധന

3392. ശ്രീ.കെ.എൻ.എ ഖാദർ

,, കെ.എം.ഷാജി

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ മദ്യപിച്ച് വാഹനം ഓടിക്കുന്നതിനെത്തുടർന്നുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാല വാഹനപരിശോധന കർശനമാക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വാഹനാപകടങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## രാത്രികാല വാഹന പരിശോധന

3393. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ മദ്യപിച്ച് വാഹനം ഓടിക്കുന്നതിനെ തുടർന്നുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാല വാഹനപരിശോധന കർശനമാക്കണമെന്ന മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വാഹനാപകടങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## നിരത്തുകളിലെ നിയമലംഘനങ്ങൾ

3394. ശ്രീ.മഞ്ഞളാംകുഴി അലി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.അബ്ദുൽ ഹമീദ് പി.

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽ അരങ്ങേറുന്ന നിയമലംഘനങ്ങൾ, കുറ്റകൃത്യങ്ങൾ, അപകടങ്ങൾ, നിരത്തുകളുടെ പരിപാലനം, ഗതഗതനിയന്ത്രണം തുടങ്ങിയവ കൈകാര്യം ചെയ്യേണ്ടത് വ്യത്യസ്ത വകുപ്പുകളായതിനാൽ ഇവയുടെ ഏകോപനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സഹായകരമായ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) സ്മാർട്ട് നമ്പർ പ്ലേറ്റ് ഘടിപ്പിച്ച ശേഷം കുറ്റകൃത്യങ്ങളിലും നിയമലംഘനങ്ങളിലും കുറവ് വന്നിട്ടുണ്ടോ

എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

3395. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത സൈബർ കേസുകളുടെ വിവരം തരംതിരിച്ച് നൽകാമോ;

(ബി) സൈബർ കുറ്റങ്ങൾ തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ</u>

3396. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശിശു സൗഹൃദ പോലീസ് സ്റ്റേഷന്റെ സവിശേഷതകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം</u>

3397. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എൻ .എ.നെല്ലിക്കുന്ന്
,, സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ സേവനാവകാശത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>കോസ്റ്റൽ പോലീസ് സ്റ്റേഷൻ</u>

3398. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ പരിഗണനാ ലിസ്റ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ പ്രധാന ഫിഷിംഗ് ഹാർബറുകളിലൊന്നായ കായംകുളം ഫിഷിംഗ് ഹാർബറിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

3399. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ച പുതിയ പോലീസ് സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) മൂവാറ്റുപുഴ പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പോലീസ് ഔട്ട്പോസ്റ്റ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>വാമനപുരം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ</u>

3400. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 ഡിസംബർ 31 വരെ വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട പൊൻമുടി, പാലോട്, പാങ്ങോട്, വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) ഇതിൽ വർഗ്ഗീയ സംഘട്ടനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ, ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗങ്ങളിൽപ്പെട്ട കേസുകൾ എത്ര വീതമാണെന്ന് വിശദമാക്കാമോ?

<u>ആലത്തൂർ പോലീസ് സ്റ്റേഷൻ</u>

3401. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ചിൽഡ്രൻസ് ഫ്രെൻഡ്‌ലി റൂം</u>

3402. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ചിൽഡ്രൻസ് ഫ്രെൻഡ്‌ലി റൂം നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എത്ര രൂപ ചെലവായെന്നും ഏത് രീതിയിലുള്ള ഫണ്ടാണ് ചെലവാക്കിയതെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന കെട്ടിടത്തിലാണോ ചിൽഡ്രൻസ് ഫ്രെൻഡ്‌ലി റൂം ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>തൃപ്പൂണിത്തുറ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ പട്രോളിങ്ങിന് ബോട്ടുകൾ</u>

3403. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ തെരച്ചിലിനും പട്രോളിങ്ങിനുമായി നിലവിൽ എത്ര ബോട്ടുകളുണ്ട് എന്ന് അറിയിക്കുമോ; ഇവയുടെ വിവരം സ്റ്റേഷൻ തിരിച്ച് അറിയിക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം ഉപയോഗക്ഷമമല്ലെന്ന് അറിയിക്കുമോ;

(സി) നിലവിൽ കായലിലും മറ്റും തെരച്ചിൽ നടത്തുന്നതിന് പോലീസിന് സ്വകാര്യബോട്ടുകളുടെ സഹായമില്ലാതെ സാധിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പോലീസ് സ്റ്റേഷനുകളിൽ പുതിയ ബോട്ടുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ?

<u>'കരുണ' മ്യൂസിക് ഷോയുടെ വരവുചെലവ് കണക്ക്</u>

3404. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 നവംബർ മാസം കൊച്ചി മ്യൂസിക് ഫൗണ്ടേഷൻ 'കരുണ' എന്ന പേരിൽ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ദുരിതാശ്വാസ സഹായത്തിന് എന്ന നിലയിൽ നടത്തിയ മ്യൂസിക് പരിപാടിയുടെ മൊത്തം വരവുചെലവ് കണക്ക് പരിശോധിയ്ക്കുവാനും ഓഡിറ്റ് ചെയ്യുവാനും സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി മുഖ്യമന്ത്രിയ്ക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>മിഷേൽ ഷാജിയുടെ ദുരൂഹമരണം</u>

3405. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് ആറിന് നടന്ന എറണാകുളം മുളന്തുരുത്തി സ്വദേശിനി മിഷേൽ ഷാജിയുടെ ദുരൂഹമരണം സംബന്ധിച്ച എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ:671/2017 സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം ഏതു ഘട്ടത്തിൽ ആണെന്ന് അറിയിക്കുമോ;

(ബി) മിഷേൽ ഷാജിയുടെ ദുരൂഹമരണം കൊലപാതകമാണെന്ന് ഉറച്ചുവിശ്വസിക്കുന്ന മാതാപിതാക്കളുടെ മൊഴികളും അവർ പറയുന്ന വസ്തുതകളും പ്രസ്തുത അന്വേഷണത്തിന്റെ പരിധിയിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മിഷേൽ ഷാജിയുടെ മൃതദേഹത്തിൽ ഉണ്ടായിരുന്നതായി പറയുന്ന ബലപ്രയോഗത്തിന്റെ അടയാളങ്ങൾ സംബന്ധിച്ചുള്ള മാതാപിതാക്കളുടെ മൊഴികൾ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) പ്രശസ്ത ഫോറൻസിക് സർജൻ ഡോക്ടർ ഉമാദത്തൻ മൃതദേഹത്തിൽ കണ്ട അടയാളങ്ങൾ സംബന്ധിച്ച് മാതാപിതാക്കളോട് പറഞ്ഞ കാര്യങ്ങൾ അവർ അന്വേഷണസംഘത്തോട് വെളിപ്പെടുത്തിയിട്ടുള്ളതിന്മേൽ പ്രത്യേക പരിശോധനയും അന്വേഷണവും നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ദുരൂഹ മരണം സംബന്ധിച്ച് മാതാപിതാക്കളുടെയും നാട്ടുകാരുടേയും സംശയങ്ങളും

ആശങ്കകളും ദൂരീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>വനിതാ സർവ്വെയറുടെ പരാതിയിൻമേൽ പോലീസ് നടപടി</u>

3406. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ വനിതാ സർവ്വെയറുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി ശാരീരിക ഉപദ്രവം നടത്തിയതിനെതിരെ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ 3549-ാം നമ്പർ ക്രൈം ആയി കേസ് രജിസ്റ്റർ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 27/12/2019-ൽ പരാതി കക്ഷിയായ സൗമ്യ വി.ജി നൽകിയ മൊഴി ആരോപണ വിധേയന് അനുകൂലമായി മാറ്റി നൽകുന്നതിന് 6/1/2020-ൽ വനിത പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് എഴുതിപ്പിച്ച് ഒപ്പിടാൻ സമ്മർദ്ദം ചെലുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര തഹസിൽദാർ പ്രസ്തുത വനിതാ സർവ്വെയർ നൽകിയ മൊഴിയുടെ പകർപ്പ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും പോലീസ് സ്റ്റേഷനിൽ നിന്നും മൊഴി പകർപ്പ് നൽകാതിരുന്നത് എന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഡി) സ്ത്രീകളെ ശാരീരികമായും മാനസികമായും ഉപദ്രവിക്കൽ, ഔദ്യോഗിക കൃത്യനിർവ്വണം തടസ്സപ്പെടുത്തൽ എന്നീ ഗുരുതര കുറ്റകൃത്യങ്ങൾ പ്രതിക്കെതിരെ ഉണ്ടെന്നിരിക്കെ ഈ വകുപ്പുകൾ ചേർത്ത് പ്രതിയെ അറസ്റ്റ് ചെയ്യാതെ നീതി നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾക്കെതിരെ ശരിയായ നിയമനടപടി സ്വീകരിക്കാത്ത നിയമപാലകർക്കെതിരെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ വീട് ആക്രമിച്ച കേസ്സ്</u>

3407. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.വിജയ ബാബുരാജിന്റെ വീട് സാമൂഹ്യ വിരുദ്ധർ ആക്രമിച്ച സംഭവത്തിൽ കേസ്സ് എടുത്തിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കുമോ?

<u>കായംകുളം കായലോര ടൂറിസം പ്രദേശത്ത് പോലീസ് ഔട്ട്പോസ്റ്റ്</u>

3408. **ശ്രീമതി യു. പ്രതിഭ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളത്ത് കായലോര ടൂറിസം പദ്ധതികൾ സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് സാമൂഹിക വിരുദ്ധരുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വാമനപുരം മണ്ഡലത്തിൽ ആഭ്യന്തര വകുപ്പ് പദ്ധതികൾ

3409. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കായംകുളം മണ്ഡലത്തിൽ വാഹനാപകടങ്ങളിൽപ്പെട്ടവർ

3410. **ശ്രീമതി യു. പ്രതിഭ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 സെപ്റ്റംബർ മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വിവിധ തരത്തിലുള്ള വാഹനാപകടങ്ങളിൽ എത്രപേർ മരണപ്പെട്ടുവെന്നും എത്രപേർക്ക് പരുക്കുകൾ സംഭവിച്ചുവെന്നും പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ക്രൈം നം. **454**/സി.ആർ/എസ്**1/02** കേസിലെ അന്വേഷണം

3411. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന ക്രൈം നം. 454/സി.ആർ/എസ്1/02 എന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ തുടരന്വേഷണം ആവശ്യമില്ലെന്ന് ക്രൈംബ്രാഞ്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഒ.പി. നം. 9071 ഓഫ് 2003-ന്റെ ഹൈക്കോടതി വിധിയിൽ പ്രസ്തുത വിഷയത്തിൽ ദുരുദ്ദേശത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ച എന്ന പരാമർശമുള്ള വ്യക്തി തന്നെയാണ് കേസ് പിൻവലിക്കാൻ അഭ്യർത്ഥിച്ച് കത്തയച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസന്വേഷണം അവസാനിപ്പിക്കുന്നതിന് പകരം ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഇ) 2002-ൽ രജിസ്റ്റർ ചെയ്ത പ്രസ്തുത കേസിന്റെ അന്വേഷണം ഇത്രയും വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

ചളവറ ബദരിയ ജുമാ മസ്ജിദിന് കെട്ടിട നമ്പർ ലഭിക്കാനുള്ള ആഭ്യന്തര വകുപ്പിലെ ഫയൽ

3412. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചളവറ ബദരിയ ജുമാ മസ്ജിദ് കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആഭ്യന്തര വകുപ്പിലെ SSA-4/393/2019 എന്ന ഫയലിന്റെ നിലവിലെ സ്ഥിതിയും നാൾവഴി നടപടിക്രമങ്ങളും

അറിയിക്കാമോ?

<u>കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ സൗകര്യം</u>

3413. ശ്രീ.എം. മുകേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് ചരക്ക് കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനും യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുമായി ഇമിഗ്രേഷൻ സൗകര്യമുള്ള എൻടി-എക്സിറ്റ് പോയിന്റായി ഈ തുറമുഖത്തെ പ്രഖ്യാപിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിനുവേണ്ടി സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും കൂടിയാലോചനകൾ നടത്തുകയോ ഏതങ്കിലും റിപ്പോർട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ?

<u>ചികിത്സാ പിഴവ് സംബന്ധിച്ച് പോലീസ് അന്വേഷണം</u>

3414. ശ്രീ.കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ പനവൂർ വില്ലേജിൽ പേരയം, ചെല്ലഞ്ചി, കിഴക്കുംകര വീട്ടിൽ പ്രദീപ്.എൽ, തന്റെ ഭാര്യ മിനിമോൾക്ക് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നേരിട്ട ചികിത്സാ പിഴവ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ.പ്രിയയുടെ ഭാഗത്ത് നിന്നുമുണ്ടായ ഗുരുതരമായ ചികിത്സാ പിഴവും ഇക്കാര്യത്തിൽ ആശുപത്രി സൂപ്രണ്ട് ഡോ.പ്രിയയെ സംരക്ഷിച്ചതുമായ പരാതിയിന്മേൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; 11.11.2019-ലെ 164765/2019 നമ്പറായി നൽകിയ പരാതിയിലെ അന്വേഷണ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>എം.എ.സി.ടി.യിൽ ഇൻലാന്റ് വെസൽസ് ആക്സിഡന്റ് കേസുകൾ</u>

3415. ശ്രീ.ജോൺ ഫെർണാണ്ടസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലുകളെ കേരള ഇൻലാന്റ് വെസൽസ് റൂൾസ് പ്രകാരമുള്ള ആക്സിഡന്റ് സ്കീം കേസുകൾ കൂടി കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം ഇറക്കുന്നത് സംബന്ധിച്ച് 28.09.2019ലെ C5/196/2019/ആഭ്യന്തരം നമ്പർ ഫയലിൽ ഹൈക്കോടതി രജിസ്ട്രാറുടെ അഭിപ്രായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അഭിപ്രായത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>പോക്സോ കോടതികൾ</u>

T 3416. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്നത് എത്ര പോക്സോ കോടതികളാണ്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പോക്സോ കോടതി ആരംഭിച്ചത് മുതൽ 2019 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പോക്സോ കേസുകളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ;

(സി) പുതുതായി ആരംഭിക്കുന്ന അതിവേഗ പോക്സോ കോടതികളിൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഗൗരവമേറിയ രഹസ്യങ്ങളും വിവരങ്ങളും സൂക്ഷിക്കേണ്ട പോക്സോ കോടതികളിൽ കരാർ ജീവനക്കാരെ നിയമിക്കുന്നത് കോടതിയുടെ സ്വകാര്യത നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്ന കടുത്ത ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആശങ്കകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്നറിയിക്കാമോ?

<u>അതിവേഗ സ്പെഷ്യൽ കോടതികൾ</u>

3417. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അതിവേഗ സ്പെഷ്യൽ കോടതികൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട പോക്സോ കോടതികൾ എവിടെയൊക്കെയാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഒരു വർഷം ഒരു കോടതിയിൽ എത്ര കേസ്സുകളാണ് തീർപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോടതികളിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>വൈക്കം നിയോജകമണ്ഡലത്തിൽ പോക്സോ കോടതി</u>

3418. ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് വൈക്കം ബാർ കൗൺസിലിന്റെ അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വൈക്കം കോടതി സമുച്ചയത്തിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം ജില്ലയിൽ പുതിയ പോക്സോ കോടതി</u>

3419. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ പോക്സോ കോടതി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കോടതിയുടെ ആസ്ഥാനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിവരം വെളിപ്പെടുത്തുമോ?

## നിലമ്പൂർ മുൻസിഫ് കോടതി രൂപീകരണം

3420. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുവാനുള്ള കോടതികളുടെ മുൻഗണനാപട്ടികയിൽ അഞ്ചാം സ്ഥാനത്തുള്ള നിലമ്പൂർ മുൻസിഫ് കോടതി രൂപീകരിക്കുവാൻ നിലവിലുള്ള തടസ്സം എന്താണ്; വിശദമാക്കാമോ;

(ബി) മേൽ മുൻഗണനാപട്ടികയിൽ ഇരുപത്, മുപ്പത്തിമൂന്ന് സ്ഥാനങ്ങളിലുണ്ടായിരുന്ന കോടതികൾക്ക് അനുമതി നൽകിയിട്ടും അഞ്ചാം സ്ഥാനത്തുള്ള നിലമ്പൂർ മുൻസിഫ് കോടതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കാൻ ഇനിയും വൈകുന്നത് എന്താണ്; വിശദമാക്കാമോ;

(സി) ബഹു. ഹൈക്കടതി രജിസ്ട്രാറുടെ ഡി7(എ)-16913/2006 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള അധിക തസ്തികകൾ അനുവദിക്കുമോ; വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ അതിർത്തിപ്രദേശങ്ങളായ വഴിക്കടവ്, എടക്കര, ചാലിയാർ പഞ്ചായത്തുകളിലെ ഉൾപ്രദേശങ്ങളിൽ നിന്നുള്ള ജനങ്ങൾ സിവിൽ കേസ് നടത്തുന്നതിനുവേണ്ടി ഇരുവശത്തേക്കുമായി ഏകദേശം നൂറ് കിലോമീറ്റർ അകലെയുള്ള പെരിന്തൽമണ്ണ, മഞ്ചേരി എന്നീ സിവിൽ കോടതികളെ ആശ്രയിക്കേണ്ടിവരുന്ന വിഷമകരമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## താൽക്കാലിക കോടതികളിലെ സ്ഥിര നിയമനം

3421. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള 27 താൽക്കാലിക കോടതികളിൽ ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടും ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള തസ്തികകളിൽ ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും സ്ഥിര നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

## ഫയർ ആന്റ് റസ്ക്യൂ വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ

3422. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫയർ ആന്റ് റസ്ക്യൂ വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(സി) ഓരോ പദ്ധതിയുമായും ബന്ധപ്പെട്ട ഉത്തരവുകളുടെയും പുരോഗതി റിപ്പോർട്ടിന്റെയും പകർപ്പ് നൽകാമോ?

## മണലൂർ മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ

3423. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മണലൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച മുൻഗണന പട്ടിക തയ്യാറാക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വെള്ളം കെട്ടിക്കിടക്കുന്ന കോൾ നിലങ്ങളും കായലും വ്യാപിച്ചുകിടക്കുന്ന മണലൂർ മേഖലയിൽ മുങ്ങിമരണവും വാഹനാപകടങ്ങളും അഗ്നിബാധയും പല ഘട്ടങ്ങളിലായി ഉണ്ടായ സാഹചര്യത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നാദാപുരം ഫയർ സ്റ്റേഷന് കെട്ടിട നിർമ്മാണം

3424. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

## തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ നിർമ്മാണം

3425. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ സർവകലാശാലയുടെ സ്ഥലത്ത് സർവകലാശാലക്കു തന്നെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ അനുമതി നൽകുന്നതിന് കാലിക്കറ്റ് സർവകലാശാല സന്നദ്ധമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഡയറക്ടർ ജനറൽ ഓഫീസിലെ എഫ് 1/7023/17 നമ്പർ ഫയലിൽ ഉൾപ്പെടെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഫയർ സ്റ്റേഷൻ സ്ഥാപിച്ചു കഴിഞ്ഞാൽ 30 വർഷത്തിന് ശേഷം സർവകലാശാല അനുവദിച്ച സ്ഥലവും വസ്തുവിൽ നിർമ്മിച്ച കെട്ടിടവും സർവ്വകലാശാലക്ക്തന്നെ മടക്കി നൽകണമെന്ന് സർവകലാശാല വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പദ്ധതി നടപ്പാക്കുന്നതിന് വിഘാതമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

## ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ കെട്ടിടം

3426. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിൽ മെക്കാനിക്കൽ വർക്ക്ഷോപ്പ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിലെ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പുറമ്പോക്കായി കണക്കാക്കിയിട്ടുള്ള സ്ഥലത്തു നിന്നും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തടവുകാരിലെ ആത്മഹത്യ പ്രവണതകൾ

3427. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നത് മൂലം തടവുകാരിൽ ആത്മഹത്യ പ്രവണതകൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിലുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും കൗൺസലറുടെയും തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ജയിലുകൾ നവീകരിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ്

3428. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ പ്രസ്സുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസ്സുകൾ സ്ഥാപിച്ച വർഷവും ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഭാഷാന്യൂനപക്ഷ പ്രദേശം എന്ന നിലയിൽ സർക്കാർ പ്രസ്സ് സ്ഥാപിക്കുന്ന കാര്യത്തിൽ കാസർഗോഡിന് മുൻഗണന ലഭ്യമാകേണ്ടതാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് സ്ഥാപിക്കണമെന്ന ആവശ്യം സംഘടനകളോ ജനപ്രതിനിധികളോ മുമ്പ് ഉന്നയിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

## ഓഫീസ് സ്റ്റേഷനറി ഇനങ്ങളുടെ കാലോചിതമായ പരിഷ്കരണം.

3429. **ശ്രീമതി ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഓഫീസ് പ്രവർത്തനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെയും മറ്റു ആധുനിക സൗകര്യങ്ങളുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വരുന്ന ഈ കാലഘട്ടത്തിൽ സർക്കാർ ലഭ്യമാക്കി നൽകുന്ന ഓഫീസ് സ്റ്റേഷനറി ഇനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കൊച്ചി മെട്രോ ജലപാത പദ്ധതി

3430. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ ജലപാത പദ്ധതി എത്ര കിലോമീറ്റർ ആണ്; ഇതുമായി ബന്ധപ്പെട്ട പ്രധാന ജലപാതകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ അനുമതികൾ ഏതൊക്കെ മന്ത്രാലയങ്ങളിൽ നിന്നുമാണ് ലഭിക്കുവാനുള്ളത്; ഇതിനകം ഏതൊക്കെ മന്ത്രാലയങ്ങളിൽ നിന്ന് അനുമതി ലഭിച്ചു; വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ എത്ര ബോട്ടുകളാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത ബോട്ടുകളുടെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

3431. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; ആരെയാണ് ഇതിനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

3432. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ടൂറിസം, ഇലക്ട്രോണിക്സ് മേഖലകളിൽ പത്ത് ലക്ഷം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ നാല്വ വർഷക്കാലയളവിനുള്ളിൽ എത്ര ലക്ഷം തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആഗോളനിക്ഷേപസംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വ്യക്തമാക്കാമോ?

വിവാഹമോചന കേസുകൾ

3433. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ൽ എത്ര വിവാഹമോചന കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2018 ൽ സംസ്ഥാനത്ത് എത്ര വിവാഹമോചന കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കൊറോണ വൈറസ് ബോധവൽക്കരണം

3434. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ രോഗത്തിനെതിരെ സർക്കാർ സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കൊറോണ ബാധിതരായി ഇതുവരെ എത്ര പേരെയാണ് കണ്ടെത്തിയിട്ടുള്ളത്; ഇവരിൽ നിന്നും രോഗം പടരാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൊറോണ വൈറസ് പടരുമെന്ന ഭീതി തുടരുന്ന സാഹചര്യത്തിൽ പൊതു ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നുണ്ടോ;വിശദമാക്കാമോ?

## കൊറോണ വൈറസ് പ്രതിരോധത്തിനായുള്ള നിയന്ത്രണങ്ങൾ

3435. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമാകെ കൊറോണ വൈറസ് ഭീതിപരക്കുകയും നമ്മുടെ രാജ്യത്തും നിരവധിപേർക്ക് രോഗം റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് പൊതുജനങ്ങൾക്കായി നൽകിയിട്ടുള്ള മുൻ കരുതൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കാമോ;

(ബി) ഉത്സവങ്ങളും ആഘോഷങ്ങളും ഉൾപ്പെടെ ജനങ്ങൾ വലിയ തോതിൽ ഒത്തു കൂടുന്നതിന് എന്തെങ്കിലും പ്രത്യേക നിർദ്ദേശമോ നിയന്ത്രണങ്ങളോ ആരോഗ്യവകുപ്പ് പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## വിഷാദ രോഗത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് പഠനം

3436. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷാദ രോഗത്തിനടിമപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) വിഷാദ രോഗത്തിനടിമപ്പെടുന്നവരിൽ ആത്മഹത്യാ പ്രവണത വളരെ കൂടുതലാണെന്നത് പരിഗണിച്ച് പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(സി) വിഷാദ രോഗം വേഗത്തിൽ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും അവബോധം വളർത്താനുമുള്ള പരിശീലന-ബോധവൽക്കരണ പരിപാടികൾ നടത്താൻ നടപടി സ്വീകരിക്കുമോ?

## എച്ച്.ഐ.വി/എയിഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ

3437. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, വി. ജോയി

,, എം. രാജഗോപാലൻ

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി./എയിഡ്സ് ബാധിതരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രംഗത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരള സംസ്ഥാന എയിഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) എച്ച്.ഐ.വി. പരിശോധന സൗജന്യമായി നൽകുന്നതിനും ആവശ്യമായ കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) എച്ച്.ഐ.വി. അണുബാധിതർക്ക് ആവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ സൗജന്യമായി നൽകുന്നതിന് ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിനായി മെച്ചപ്പെട്ട ശുചിത്വ സൗകര്യം</u>

3438. ശ്രീ.മഞ്ഞളാംകുഴി അലി

,, പി.കെ.ബഷീർ

,, അബ്ദുൽ ഹമീദ് പി.

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ മെച്ചപ്പെട്ട ശുചിത്വ സൗകര്യം ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണെന്ന കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക ആരോഗ്യ മേഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതും താഴേത്തട്ടിലുള്ള രോഗപ്രതിരോധത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമായി വരുന്നതും ആരോഗ്യ രംഗത്ത് പുതിയ നയം രൂപീകരിക്കുന്നതിനെ സ്വാധീനിക്കുന്ന ഘടകമായി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഗ്രാമപ്രദേശങ്ങളിൽ നിലവിലുള്ള ശുചിത്വ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ?

<u>സർക്കാർ മെഡിക്കൽ കോളേജുകളിലെ അനുബന്ധ പരിശോധന കേന്ദ്രങ്ങൾ</u>

3439. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജുകളിൽ റഫറൽ ഒ.പി (സ്പെഷ്യാലിറ്റി) വിഭാഗത്തിനോടു കഴിവതും അടുത്തായോ അല്ലാത്തപക്ഷം അതേ കെട്ടിടത്തിലെങ്കിലും അനുബന്ധ പരിശോധന കേന്ദ്രങ്ങൾ (ലബോറട്ടറി, എക്സ്-റേ, ഇ സി ജി, സ്കാൻ തുടങ്ങിയവ) സജ്ജമാക്കാൻ കഴിയാത്തതുവഴി രോഗികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് ഓരോ സർക്കാർ മെഡിക്കൽ കോളേജിലും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## മരുന്ന് കമ്പനികൾക്കെതിരെ നടപടി

3440. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വ്യക്തമായ അനുമതിയോടുകൂടിയല്ലാതെ പരസ്യം മുഖേന മാർക്കറ്റ് ചെയ്യുന്ന മരുന്ന് കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം കമ്പനികൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ?

## കാൻസർ കെയർ യൂണിറ്റുകൾ

3441. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ കെയർ യൂണിറ്റുകൾ എത്ര ആശുപത്രികളിൽ ആണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ആശുപത്രികളുടെ പേരുവിവരം വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാൻസർ കെയർ യൂണിറ്റുകളിൽ ഓരോ സ്ഥലത്തും എത്ര ഓങ്കോളജി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സി.എം.ഒ.തസ്തികയിലും മറ്റ് വിഭാഗങ്ങളിലുമായി എത്ര ഓങ്കോളജി ഡോക്ടർമാർ ആണ് സംസ്ഥാനത്തിന്റെ വിവിധ ആശുപത്രികളിൽ ജോലി നോക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിലെ വിവിധ ആശുപത്രികളിൽ ജോലി നോക്കുന്ന ഓങ്കോളജി ഡോക്ടർമാരെ ജില്ല/ജനറൽ ആശുപത്രികളിൽ ഓങ്കോളജി വിഭാഗം ആരംഭിച്ച് അവിടേക്കു മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കാൻസർ കെയർ ബോർഡുകളുടെ പ്രവർത്തനം

3442. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, ടി.ജെ. വിനോദ്

,, അനൂപ് ജേക്കബ്

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(ബി) കാൻസർ പ്രതിരോധ ചികിത്സ പ്രവർത്തനം ഏകോപിപ്പിക്കുവാൻ കാൻസർ കെയർ ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ബോർഡിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത ബോർഡിൽ പ്രാതിനിധ്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>മസ്കുലർ അട്രോഫി, ഹീമോഫീലിയ രോഗങ്ങൾക്കുള്ള ചികിത്സ ധനസഹായം</u>

3443. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരിച്ച ചികിത്സാ ചെലവ് വരുന്ന ഹീമോഫീലിയ, താലസീമിയ, അരിവാൾ രോഗം, മസ്കുലർ അട്രോഫി എന്നിവ സംബന്ധിച്ച് ദേശീയ കരട് നയം കേന്ദ്ര ആരോഗ്യ കുടുംബ മന്ത്രാലയം പുറത്തിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത രോഗങ്ങൾ ബാധിച്ചവർക്ക് എന്തൊക്കെ ധനസഹായം നൽകണമെന്നാണ് കരട് രേഖ നിർദ്ദേശിച്ചിരിക്കുന്നത്;

(സി) കരട് നയത്തെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മസ്കുലർ അട്രോഫി, ഹീമോഫീലിയ മുതലായ രോഗങ്ങൾക്കുള്ള ചികിത്സാ ചെലവ് ഭാരിച്ചതാകയാൽ ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>മെഡിക്കൽ കോളേജുകളിൽ അന്യത്രസേവന വ്യവസ്ഥയിലുള്ള ഡോക്ടർമാർ</u>

3444. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ കമ്മ്യൂണിറ്റി മെഡിസിൻ, ഫാർമക്കോളജി, ഫിസിയോളജി എന്നീ വിഭാഗങ്ങളിൽ കരാർ വ്യവസ്ഥയിലും അന്യത്രസേവന വ്യവസ്ഥയിലുമായി എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ പേരും അവർ ജോലി ചെയ്യുന്ന മെഡിക്കൽ കോളേജിന്റെ പേരും വ്യക്തമാക്കാമോ;

(സി) അവർ ജോലി ചെയ്യുന്ന തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) ഉണ്ടെങ്കിൽ ഓരോ തസ്തികയും എന്നാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ഇ) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് റിപ്പോർട്ട് ചെയ്യാത്തതെന്ന് വിശദമാക്കാമോ?

<u>മസ്കുലർ ഡിസ്ട്രോഫി രോഗബാധിതർക്ക് സഹായം</u>

3445. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മസ്കുലർ ഡിസ്ട്രോഫി' എന്ന മാരകരോഗത്താൽ വലയുന്ന നിരവധി കുട്ടികൾ സംസ്ഥാനത്ത് ചികിത്സ തേടുന്നുവെങ്കിലും ആരോഗ്യ വകുപ്പിലോ അനുബന്ധ സ്ഥാപനങ്ങളിലോ നിന്ന് ഇവർക്ക് യാതൊരുവിധ സഹായവും ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുകൾ നടത്തി രോഗികളെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>വയനാട്ടിൽ വ്യാപകമാകുന്ന കുരങ്ങ് പനി</u>

3446. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുരങ്ങ് പനി വീണ്ടും വ്യാപകമാകുന്ന സാഹചര്യമുണ്ടോ;

(ബി) 2019-ൽ ഈ രോഗം എത്രപേരെ ബാധിച്ചുവെന്നും അതിലെത്ര പേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(സി) രോഗബാധിത മേഖലയെ അതിൽ നിന്നും കരകയറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം</u>

3447. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്ന് കമ്പനികൾക്ക് സർക്കാർ നൽകാനുള്ള കുടിശ്ശികയായ നൂറ് കോടിയോളം രൂപ നൽകാത്തത് കാരണം സർക്കാർ ആശുപത്രികളിൽ കടുത്ത മരുന്നുക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസറിനും ഹൃദ്രോഗത്തിനുമുള്ള മരുന്നുകൾ മുതൽ മുറിവിന് വെച്ചുകെട്ടുന്ന പഞ്ഞിക്കുവരെ ആശുപത്രികളിൽ കടുത്ത ക്ഷാമം നേരിടുന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ നൽകേണ്ട ഇരുപത്തഞ്ച് ശതമാനം സ്റ്റോക്ക് പോലും എത്തിക്കാൻ കമ്പനികൾ വിസമ്മതിക്കുകയുണ്ടായോ;

(ഡി) എങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകി മരുന്ന് വിതരണം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ?

<u>അർബുദരോഗം വ്യാപകമാവുന്നത് തടയാൻ നടപടി</u>

3448. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും മാനസിക ആരോഗ്യവും ഇല്ലാതാക്കുന്ന തരത്തിൽ അർബുദരോഗം കേരളത്തിൽ വ്യാപകമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർബുദരോഗം വർദ്ധിച്ച് വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാൻസർ രോഗം വർദ്ധിച്ച് വരുന്നത് തടയുന്നതിനായി വ്യക്തികൾ പാലിക്കേണ്ട ജീവിതക്രമം, ഭക്ഷണരീതി തുടങ്ങിയവയുടെ ബോധവൽക്കരണം കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും പാലീയേറ്റീവ് സംഘങ്ങളിലൂടെയും വ്യാപകമായി നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുമോ?

<u>കുട്ടികൾക്ക് അടിയന്തര ചികിത്സക്കുള്ള സൗകര്യം</u>

3449. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിയന്തര സാഹചര്യത്തിൽ കുട്ടികൾക്ക് ജില്ല, താലൂക്ക്, ജനറൽ ആശുപത്രികളിൽ അടിയന്തര ചികിത്സക്കുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ തരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) വയനാട് ജില്ലയിൽ ഇത്തരം സൗകര്യങ്ങൾ ജില്ല, താലൂക്ക് ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ടോ;

(സി) ബത്തേരി സർവ്വജന സ്കൂളിലെ വിദ്യാർത്ഥിനി ഷഹ്‌ല ഷെറിൻ ക്ലാസ്സ് മുറിയിൽ പാമ്പ് കടിയേറ്റ് അടിയന്തര ചികിത്സ ലഭിക്കാതെ മരണപ്പെട്ട സംഭവം സർക്കാർ ആശുപത്രികളിലെ സംവിധാനങ്ങളുടെ അപര്യാപ്തതയെ സൂചിപ്പിക്കുന്നതല്ലെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സത്യവാങ്മൂലം നൽകുവാൻ കേരള ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ?

<u>അമൃതം-ആരോഗ്യം പദ്ധതി</u>

3450. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന അമൃതം-ആരോഗ്യം പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ</u>

3451. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര പേർക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

T 3452. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമല്ലാത്തവർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായം ലഭ്യമാക്കുമോ;

(ബി) കാരുണ്യ ചികിത്സാ സഹായപദ്ധതിയുടെ വരുമാനപരിധി എത്രയാണ്; ആയത് പുതുക്കി നിശ്ചയിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) മാരക രോഗങ്ങൾക്കും കിടപ്പുരോഗികൾക്കുമുള്ള ചികിത്സാ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗമാകുന്നതിന് അക്ഷയ കേന്ദ്രങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

T 3453. **ശ്രീ.പി.ജെ.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ക്യാൻസർ, ഹൃദ്രോഗം, ഡയാലിസിസ് എന്നീ ചികിത്സകൾക്ക് സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ;

(സി) 2020 മാർച്ച് 31 നുശേഷം കാരുണ്യ ചികിത്സ ധനസഹായ പദ്ധതിയുടെ ആനുകൂല്യം തുടരുമോ; വിശദമാക്കുമോ?

<u>ആരോഗ്യ വകുപ്പ് മുഖേന ആനുകൂല്യങ്ങൾ ലഭിക്കുന്ന ചികിത്സാ പദ്ധതികൾ</u>

3454. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് മുഖേന ആനുകൂല്യങ്ങൾ ലഭിക്കുന്ന വിവിധ ചികിത്സാ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>താഴ്ന്ന വരുമാനക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

3455. **ശ്രീ.കെ.എൻ.എ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തൊഴിലാളികൾക്കും താഴ്ന്ന വരുമാനക്കാർക്കുമായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തുന്നുണ്ടോ; ഇതിൽ അംഗമാകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും അർഹരെ ഉൾപ്പെടുത്തുന്നതിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) ഈ ഇൻഷ്വറൻസ് പ്രകാരമുള്ള ക്ലെയിമുകളുടെ തീർപ്പാക്കൽ എപ്രകാരമാണെന്നും ഇതിലേക്കായി

ച്ചമതലപ്പെടുത്തിയിട്ടുള്ള സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ക്ലെയിമുകൾ തീർപ്പാക്കുന്നതിനായി സർക്കാർ പുതിയ ഏജൻസി രൂപീകരിച്ചിട്ടുണ്ടോ; ആയതിന്റെ ഘടനയും ഇതിലേക്കുള്ള തസ്തികകളും എപ്രകാരമാണ്; ഈ ഏജൻസി എന്നുമുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിൽ ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ

3456. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ

3457. **ശ്രീ.മോൻസ് ജോസഫ്**

**,,** പി.ജെ.ജോസഫ്

**,,** സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങളുമായി എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ തടയുന്നതിന് അവർക്ക് ജോബ്കാർഡും ഹെൽത്ത് കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് സേവനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## മലപ്പുറം ജില്ലയിൽ 108 ആംബുലൻസിന്റെ സേവനം

3458. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 108 ആംബുലൻസിന്റെ സേവനം എവിടെയൊക്കെ ലഭ്യമാണെന്നും അവയുടെ പ്രവർത്തന സമയം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ജില്ലയിൽ പ്രവർത്തന രഹിതമായ ആംബുലൻസുകൾ ഏതെങ്കിലും നിലവിലുണ്ടോ; എങ്കിൽ എത്ര കാലമായി ഓരോന്നും പ്രവർത്തന രഹിതമാണ്;

(സി) ഇവ അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ ജാഗ്രത

3459. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി പകർച്ചവ്യാധി പ്രതിരോധനത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ ജാഗ്രത 2020 ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തൊക്കെ പരിപാടികളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്;

(സി) ആരോഗ്യ മേഖല പുതിയ പദ്ധതികൾ പ്രാവർത്തികമാക്കുമ്പോഴും പുതിയ തരം രോഗങ്ങളും വൈറസ് ബാധയും സംസ്ഥാനത്തെ ബാധിക്കുന്നത് ആശങ്ക ഉളവാക്കുന്ന വസ്തുതയല്ലേ;

(ഡി) കൊറോണ വൈറസ് ബാധ വ്യാപകമാകാതെ തടയുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മാലിന്യ നിർമ്മാർജ്ജനത്തിൽ വീഴ്ച വരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുന്ന കാര്യം പരിഗണിക്കുമോ?

ആർദ്രം പദ്ധതി പ്രകാരമുള്ള മണ്ണാർക്കാട്ടെ ആരോഗ്യ സ്ഥാപനങ്ങൾ

3460. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളെയാണ് ആർദ്രം പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലുമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലും ഉൾപ്പെടുത്താത്ത സ്ഥാപനങ്ങളെ എൻ.എച്ച്.എം. പി.ഐ.പി. യിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

3461. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് സി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

കായംകുളം മണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവൃത്തികൾ

3462. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ ആർദ്രം പദ്ധതി

3463. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിനുവേണ്ടി ആർദ്രം പദ്ധതിയുടെ ഭാഗമായി പുതിയ പ്രവൃത്തികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

3464. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നും രണ്ടും ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത ആരോഗ്യസ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി എന്നും എന്തെല്ലാം നടപ്പിലാക്കാൻ ബാക്കിയുണ്ട് എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

3465. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഫലമായി എന്തെല്ലാം

സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേക്ക് എത്ര തുക വിനിയോഗിച്ചു എന്നത് പട്ടിക തിരിച്ച് നൽകാമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത ആശുപത്രികളിൽ അധികമായി അനുവദിച്ച തസ്തികകളുടെ വിവരം പട്ടിക തിരിച്ച് നൽകാമോ?

ആർ.സി.സി ജീവനക്കാരുടെ ആനുകൂല്യങ്ങൾ

3466. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകാതായിട്ട് എത്ര നാളായി; ആയത് അനുവദിക്കാത്തതിന്റെ കാരണം എന്ത്; റീ-ഇംപേഴ്സ്മെന്റ് ഉടൻ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിരമിച്ച ജീവനക്കാരുടെ പെൻഷൻ, ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) 2013ന് ശേഷം ആർ.സി.സി.യിൽ ജോലി ലഭിച്ചവരെ ആർ.സി.സി.പെൻഷൻ സ്കീമിൽ ചേർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാൻസർ ചികിത്സ

3467. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ രോഗചികിത്സക്ക് മാത്രമായി ഏർപ്പെടുത്തിയ പുതിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കാൻസർ രോഗചികിത്സാ വിഭാഗത്തിലേക്ക് മാത്രമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സീനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ നിയമനം

3468. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്ലിനിക്കൽ ബയോകെമിസ്ട്രി ലാബിലെ സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിലേക്ക് ഇതുവരെയും നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ തസ്തികയിലേക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപേക്ഷ ലഭിച്ച തീയതിയും തുടർനടപടികളും വിശദമാക്കുമോ?

<u>കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റലിൽ ശുദ്ധജലം</u>

3469. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റലിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുവാൻ പദ്ധതി</u>

3470. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിന് അംഗീകരിച്ച മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്നും അശേഷിക്കുന്നവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ തരണം ചെയ്യുന്നതിന് അടിയന്തര ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ സയന്റിസ്റ്റ് തസ്തികയിലെ ഒഴിവ്</u>

3471. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ യൂറോളജി/ജനീറ്റോ യൂറിനറി വകുപ്പിൽ സീനിയർ സയന്റിസ്റ്റ് തസ്തിക എന്ന് മുതലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തിക ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തസ്തികയിൽ ഇതുവരെ ആളെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഈ തസ്തികയിൽ സീനിയർ സയന്റിസ്റ്റിനെ നിയമിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

3472. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും മറ്റ് അദ്ധ്യാപക വിഭാഗം ജീവനക്കാരുടെയും ശമ്പള പരിഷ്കരണ നടപടികൾ വൈകിപ്പിക്കുന്നതിന്റെ കാരണമെന്ത്; വ്യക്തമാക്കുമോ;

(ബി) ആ.കു.വ/ S2/61/2018 നമ്പർ ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>മെഡിക്കൽകോളേജുകൾ റഫറലാക്കിയ നടപടി</u>

3473. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജുകൾ പൂർണമായും റഫറൽ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ അതിന്റെ സ്ഥിതി വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകൾ റഫറലായി ഉയർത്തുമ്പോൾ സാധാരണ രോഗികൾക്ക് അവശ്യം വേണ്ട ചികിൽസാ സൗകര്യം ലഭ്യമാകാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ സാധാരണ രോഗികൾക്കായി ജനറൽ/ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ മതിയായ രീതിയിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) മഞ്ചേരിയിൽ സാധാരണ രോഗികൾക്ക് ചികിൽസ ലഭ്യമാക്കുന്ന കാര്യത്തിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിന് വേണ്ടത്ര പരിഗണന സർക്കാർ നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ജനറൽ ആശുപത്രി സ്ഥാപിക്കാൻ മുൻ സർക്കാർ തീരുമാനിച്ചത് റദ്ദാക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(എഫ്) ആശുപത്രി സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിലുള്ള ഭരണപരമോ സാങ്കേതികമോ രാഷ്ട്രീയമോ ആയ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ജി) എന്തുകാരണം കൊണ്ടാണ് മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കാൻ കഴിയാത്തതെന്ന് അറിയിക്കാമോ?

<u>ഗവ. രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ</u>

3474. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നെടുങ്ങോലം ഗവ. രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ നിർദ്ദിഷ്ട ഡയാലിസിസ് സെന്റർ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കി ഡയാലിസിസ് സെന്റർ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ഇനിയും പൂർത്തീകരിക്കേണ്ടതായ കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ വൈദ്യുതിചാർജ്ജ് കുടിശ്ശിക

3475. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ വൈദ്യുതിചാർജ്ജ് ഇനത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി വലിയ തുക കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയ്ക്ക് അനുവദിയ്ക്കുന്ന വൈദ്യുതി ചാർജ്ജ് സംഖ്യ അപര്യാപ്തമായതിനാൽ കുടിശ്ശികയുടെ പലിശ മാത്രമാണ് ഈ ഇനത്തിൽ നിന്ന് അടയ്ക്കുവാൻ കഴിയുന്നത് എന്നതിനാൽ വൈദ്യുതി കുടിശ്ശിക അടച്ചുതീർക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ്

3476. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവ് ശ്രദ്ധയിലുണ്ടോ;

(ബി) എങ്കിൽ കാൻസർ രോഗത്തിന്റെ അനിയന്ത്രിതമായ വ്യാപനം തടയുന്നതിനും രോഗം വരാതിരിക്കുവാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനുമായി പി.എച്ച്.സി.കളുടെ നേതൃത്വത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ;

(സി) കാൻസർ രോഗത്തിന്റെ ആരംഭം മുൻകൂട്ടി അറിയുന്നതിനായി കാൻസർ രോഗചികിത്സയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ സേവനം പി.എച്ച്.സി.കളിൽ ഭാഗികമായെങ്കിലും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

3477. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതിയ കെട്ടിട സമുച്ചയത്തിൽ എന്തെല്ലാം സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കരാർ നടപടികൾ പൂർത്തീകരിച്ചോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി ചെയ്ത് തീർക്കാനുള്ള കാര്യങ്ങൾ എന്തെല്ലാമാണ്; ആയതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

3478. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ/പരിധിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിലവിലില്ലാത്തത് എവിടെയെല്ലാം എന്നറിയിക്കാമോ;

(ബി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നിലവിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പോലും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) പുളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് കാണിച്ച് പുളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി നൽകിയ പ്രമേയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിൽ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

## ആശുപത്രികളിലെ ടോക്കൺ സംവിധാനം

3479. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി.,സി.എച്ച്.സി.,താലൂക്ക് ആശുപത്രി അടക്കമുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി., ലാബ് സ്കാനിംഗ്, ബില്ലിംഗ് തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി ലഭ്യമാക്കാൻ ടോക്കൺ സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം പൊതുജനാരോഗ്യമേഖലയിൽ എങ്ങനെയാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കും ഡോക്ടറെ കാണുന്നതിനും മറ്റ് ഇതര പരിശോധനകൾക്കും ടോക്കൺ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ?

## മഹാരോഗങ്ങളുടെ പ്രതിരോധത്തിനായി താൽക്കാലിക സേവനമനുഷ്ഠിച്ചവർ

3480. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ, കൊറോണ എന്നീ വൈറസുകൾ മൂലമുള്ള പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത എത്ര കേസുകളാണ് ആകെ നിലവിലുള്ളത്; ഈ രോഗങ്ങൾ ബാധിച്ച് മരണമടഞ്ഞവർ എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം പകർച്ചവ്യാധികൾ പിടിപെടുന്നവർക്കും മരണമടയുന്നവരുടെ ബന്ധുക്കൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) രാജ്യാന്തര തലത്തിൽ തന്നെ വ്യാപിക്കുന്ന ഇത്തരം മഹാരോഗങ്ങളുടെ പ്രതിരോധത്തിനായി

സ്വജീവൻ പോലും അവഗണിച്ച് താൽക്കാലിക ജോലിക്കാരായി സേവനമനുഷ്ഠിച്ചവർക്ക് സർക്കാർ വാഗ്ദാനം ചെയ്ത പ്രകാരമുള്ള എന്തെങ്കിലും സഹായങ്ങൾ നൽകാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം വാഗ്ദാനങ്ങളാണ് ഇവരുടെ കാര്യത്തിൽ പാലിക്കാനുള്ളത്; അടിയന്തരമായി വാഗ്ദാനം ചെയ്ത സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കല്ലൂർക്കാട് പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി

3481. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ എന്തെല്ലാം അധിക സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

3482. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) വയോജനങ്ങൾക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പരിഗണനാ ലിസ്റ്റ് ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന വികസന പദ്ധതികൾ

3483. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ അടിസ്ഥാന വികസന പദ്ധതികൾ എന്തെല്ലാം; വിശദാംശം നൽകാമോ;

(ബി) എത്ര തുകയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി ; 1.6.2016 മുതൽ 31.03.2019 വരെയുള്ള കണക്ക് വ്യക്തമാക്കാമോ?

മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി

3484. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ആരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ കോർപ്പറേഷന് എത്ര രൂപയാണ് ഡിപ്പോസിറ്റ് ആയി 2018-19, 2019-20 വർഷം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര രൂപയുടെ മരുന്നുകളാണ് വിതരണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കാൻസർ രോഗികൾക്കും കിഡ്നി, ഹൃദയ സംബന്ധമായ രോഗമുള്ളവർക്കും ആവശ്യമായ മരുന്നുകൾ യഥാസമയം തന്നെ ലഭ്യമാക്കുന്നുണ്ടോ; വിവരിക്കാമോ?

സമഗ്ര മാനസികാരോഗ്യ പരിപാടി

3485. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ മാനസികാരോഗ്യ പരിപാടിക്ക് 900 ലക്ഷം രൂപയും സമഗ്ര മാനസികാരോഗ്യ പരിപാടിക്ക് 950 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിരുന്നതിൽ എത്ര രൂപ ഏതെല്ലാം വകയിൽ ചെലവഴിച്ചിട്ടുണ്ട്;

(ബി) മാനസികാരോഗ്യ പരിപാടിയെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

റാന്നി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സൗകര്യം

3486. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് സൗകര്യമുള്ളതെന്ന് അറിയിക്കുമോ;

(ബി) റാന്നി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇവിടെ ബ്ലഡ് ബാങ്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

3487. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ എത്രയെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ എത്ര തസ്തിക സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

<u>കൊല്ലം ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതിക്ക് അനുമതി</u>

3488. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയിൽ നിന്നുള്ള അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

<u>കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ ഡയറ്റ് ഫണ്ട്</u>

3489. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പേഷ്യന്റ്സ് എംപ്ലോയീസ് സർവ്വീസ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും അംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) അന്തേവാസികൾക്കുള്ള ഡയറ്റ് ഫണ്ട് ലഭിക്കുന്നതിനുള്ള സാങ്കേതിക കാരണങ്ങൾ പരിഹരിച്ച് ഡയറ്റ് ഫണ്ട് യഥാസമയം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഇരവിപുരം നിയോജക മണ്ഡലത്തിലെ ആശുപത്രികൾ</u>

3490. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരവിപുരം നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ?

<u>പീരുമേട് താലൂക്ക് ആശുപത്രിയിൽ അനസ്തെറ്റിക് തസ്തിക</u>

3491. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്ക് ആശുപത്രിയിൽ നിരവധി വർഷങ്ങളായി അനസ്തെറ്റിക് സേവനം ലഭിക്കാത്തതിനാൽ ഓപ്പറേഷൻ തീയറ്ററും മെറ്റേണിറ്റി യൂണിറ്റും സുസജ്ജമാക്കുവാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ അനസ്തെറ്റിക് സേവനം താൽക്കാലികമായെങ്കിലും ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) തോട്ടം തൊഴിലാളികളും കർഷകരും ഉൾപ്പെടെയുള്ള സാധാരണക്കാരായ ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന പീരുമേട് താലൂക്ക് ആശുപത്രിയിൽ അനസ്തെറ്റിക്കിന്റെ സ്ഥിരമായ തസ്തിക അനുവദിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

3492. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ട് കോടി രൂപ അനുവദിച്ച് കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടി ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) ഡയാലിസിസ് സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ആശുപത്രി പരിസരത്തെ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചു മാറ്റുന്നതിനു വേണ്ടി ഡി.എച്ച്.എസ്.ൽ നിന്നും അനുമതി നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത ഉത്തരവ് ഡി.എച്ച്.എസ്.ൽ നിന്നും ലഭിച്ചിട്ടും എന്തുകൊണ്ടാണ് കെട്ടിടം പൊളിച്ച് മാറ്റുവാൻ താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി, കെട്ടിടം പൊളിക്കൽ നടപടികൾ വേഗത്തിലാക്കി പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>കായംകുളം താലൂക്കാശുപത്രി വികസന പദ്ധതികൾ</u>

3493. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കേരള ഹൗസിംഗ് ബോർഡ് കോർപ്പറേഷനെ 07/03/2018-ൽ എസ്.പി.വി. ആയി നിയമിക്കുകയും ആരോഗ്യക്ഷേമ വകുപ്പിൽ നിന്നും 24.08.2019-ൽ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടും കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്നും നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

തൃശ്ശൂർ ജില്ല ആശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

3494. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ല ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കാമോ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പാലക്കാട് ജില്ലാ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

3495. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയെ കിഫ്ബിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ക്യാൻസർ കെയർ യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റ് സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാലക്കുടി മണ്ഡലത്തിൽ ആർദ്രം പദ്ധതി

3496. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രി, വിവിധ പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ എന്നിവയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം തസ്തികകളാണ് കൂടുതലായി അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ളഡ് ബാങ്ക്

3497. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ 2019-20 വർഷത്തെ പ്രത്യേക വികസന ഫണ്ടിൽ നിന്നും അമ്പത് ലക്ഷം രൂപ അനുവദിച്ച് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ളഡ് ബാങ്ക് സ്ഥാപിക്കുന്നതിനായിട്ടുള്ള നിർദ്ദേശം എന്നാണ് പാലക്കാട് ഡി.എം.ഒ. യ്ക്ക് ലഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പ്രസവ ശുശ്രൂഷ കേന്ദ്രം

3498. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ വഴി കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിർമ്മാണം നടത്തുന്ന പ്രസവ ശുശ്രൂഷ കേന്ദ്രത്തിന്റെ നിർമ്മാണം ഏൽപ്പിച്ചത് ഏത് വിഭാഗത്തെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയുടെ പ്രവൃത്തികൾ വേഗം കുറഞ്ഞത് എൻ. എച്ച്.എം.-ന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് എൻ. എച്ച്.എം. സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഏകദേശം ഏതുമാസം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ പി.എച്ച്.സി. കൾക്ക് കെട്ടിടം

3499. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കൾക്ക് കെട്ടിടം നിർമ്മിക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പി.എച്ച്.സി. കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിൽ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവ്

3500. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്നും അറിയിക്കാമോ; ഒഴിവ് ഉണ്ടെങ്കിൽ ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നിലമ്പൂർ ജില്ലാശുപത്രിയിൽ റെസിഡൻറ് മെഡിക്കൽ ഓഫീസർ പോസ്റ്റ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിൽ ഏതെങ്കിലും ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിലാണെന്ന് വിശദമാക്കാമോ; ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം ഇന്റേൺഷിപ്പ് ചെയ്യുന്നതിന് നിലമ്പൂർ ജില്ലാശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഇ) ഇന്റേൺഷിപ്പ് ചെയ്യുന്നതിന് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ; ഇതുവരെയും ജില്ലാശുപത്രിയിൽ ഇന്റേൺഷിപ്പ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇന്റേൺഷിപ്പിന് അനുവാദം നൽകുന്നുവെങ്കിൽ എത്ര മെഡിക്കൽ വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക എന്ന് വിശദമാക്കാമോ?

കല്ലടിക്കോട് സി.എച്ച്.സി.യിൽ ട്രോമാകെയർ

3501. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടിക്കോട് കുടുംബാരോഗ്യകേന്ദ്രത്തിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യം പരിഗണനയിലില്ലെങ്കിൽ പ്രസ്തുത സി.എച്ച്.സി.യിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ

3502. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ ഓഫീസർ ഇല്ലാത്തതു കാരണം ബ്ലഡ് ബാങ്ക് പ്രവർത്തനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലഡ് ബാങ്ക് പ്രവർത്തിപ്പിക്കുവാൻ അടിയന്തരമായി എന്ത് നടപടി ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാമിലി മെഡിസിൻ

3503. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ ഫാമിലി മെഡിസിൻ വിഭാഗം പ്രത്യേകമായി ആരംഭിക്കുന്നത് സംബന്ധിച്ച ആശയത്തെക്കുറിച്ച് സർക്കാർ തലത്തിൽ ആലോചന നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫാമിലി മെഡിസിൻ വിഭാഗത്തിന് കീഴിൽ കുന്ദമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാമിലി മെഡിസിൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഇരിക്കൂർ ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

3504. ശ്രീ.കെ.സി.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഇരിക്കൂർ ആശുപത്രിയിൽ താലൂക്കാശുപത്രിക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുണ്ടെന്നും അവശേഷിക്കുന്നവ എഫ്.എച്ച്.സി.കളായി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ;

(സി) എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുള്ള ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

മെഡിക്കൽ ഓഫീസർമാർക്ക് തുല്യശമ്പളത്തിന് നടപടി

3505. ശ്രീ.ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടേയും അലോപ്പതി വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാരുടെയും ശമ്പള സ്കെയിലിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ശമ്പളതുല്യത വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II** തസ്തികയുടെ യോഗ്യത

3506. ശ്രീ.വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ അടിസ്ഥാന യോഗ്യത എന്താണ്;

(ബി) 2017ലെ സ്പെഷ്യൽ റൂൾ പ്രകാരം പ്ലസ് ടുവിന് സയൻസ് വിഷയം എടുത്ത് പാസ്സായവർക്ക് മാത്രമായി ഈ തസ്തികയുടെ നിയമനം നിജപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത നിബന്ധന ഭേദഗതി ചെയ്യണമെന്ന് 2018-ൽ ഹെൽത്ത് ഡയറക്ടർ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) 2012-ന് ശേഷം പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. നിയമനം നടത്താത്ത സാഹചര്യത്തിൽ 2012-ന് ശേഷം പ്ലസ് ടു സയൻസ് ഇതര വിഷയങ്ങൾ എടുത്ത് പഠിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ പരിക്ഷ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുമെന്നതിനാൽ സ്പെഷ്യൽ

റ്റൂളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഹൗസ് സർജൻമാരുടെ നിയമനം

3507. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരെ നിയമിക്കുന്നതിന് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഹൗസ് സർജൻമാരെ അനുവദിക്കുന്നതിന് നിലവിലെ വ്യവസ്ഥകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി ഏതൊക്കെ ആശുപത്രികളിൽ ആണ് ഹൗസ് സർജൻമാരെ അനുവദിച്ചത് എന്ന് വിശദമാക്കാമോ?

വയനാട് ജില്ലയിലെ ആരോഗ്യ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

3508. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമെന്നും ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി

3509. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ഗവ:ആയുർവേദ ഡിസ്പെൻസറിയിൽ ഔഷധവിതരണത്തിന് യോഗ്യതയുള്ള ഫാർമസിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നാല്പത്തഞ്ച് വർഷമായി പ്രവർത്തിച്ചുവരുന്ന ഈ ഡിസ്പെൻസറി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സർക്കാർ ആശുപത്രികളിലെ ദിവസവേതന/കരാർ തൊഴിലാളികൾ

3510. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ആശുപത്രി വികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി താത്കാലികമായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നതിന്റെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സർക്കാർ അംഗീകൃത മിനിമം വേതനം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പതിനഞ്ച് വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയതിനുശേഷവും പ്രൊമോഷൻ ലഭിക്കാത്ത ഏതെല്ലാം കാറ്റഗറികളാണ് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ്/ഫോറൻസിക് സർജൻ നിയമനം</u>

3511. ശ്രീ.കെ. ആൻസലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ്/ഫോറൻസിക് സർജനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ആശുപത്രികളിൽ പോലീസ്/ഫോറൻസിക് സർജനെ നിയമിച്ചിരിക്കുന്നുവെന്നും ഓരോ ആശുപത്രിയിലും എത്ര പേരെ എന്നും വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിന് സർക്കാർ തലത്തിൽ ഏതൊക്കെ തരത്തിൽ ഉള്ള നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കാമോ?

<u>ഫാർമസിസ്റ്റ് ഗ്രേഡ് **II** തസ്തികയിലേക്കുള്ള നിമയനം</u>

3512. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള നിമയനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ജില്ലയിൽ സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം മുഖേന ഈ ഒഴിവുകൾ നികത്താത്തതുമൂലം എൻട്രി കേഡറിൽ ഒഴിവുകൾ വരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ഥാനക്കയറ്റം വഴി സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കാമോ?

## <u>കാത്ത് ലാബ് ആശുപത്രികളിൽ കാർഡിയോളജിസ്റ്റുകളുടെ സേവനം</u>

3513. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആശുപത്രികളിൽ കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്; ഉണ്ടെങ്കിൽ സ്ഥാപിച്ച തീയതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലാബുകൾ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളിൽ കാർഡിയോളജിസ്റ്റുകളുടെ സേവനം ലഭ്യമാണോ;

(സി) എങ്കിൽ ഈ ആശുപത്രികളിലെ കാർഡിയോളജിസ്റ്റുകളുടെ സ്റ്റാഫ് സ്ട്രെങ്ത് ലഭ്യമാക്കുമോ;

(ഡി) കാത്ത് ലാബുകൾ സ്ഥാപിതമായിട്ടുള്ള ആശുപത്രികളിൽ കാർഡിയോളജിസ്റ്റുകളുടെ തസ്തിക എവിടെയെല്ലാമാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ഈ ലാബുകൾ സ്ഥാപിക്കപ്പെട്ട ആശുപത്രികളിൽ എത്ര വീതം ആൻജിയോ പ്ലാസ്റ്റി ശസ്ത്രക്രിയകൾ നാളിതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ വിവിധ ആശുപത്രികൾ കാത്ത് ലാബുകൾ സ്ഥാപിക്കാൻ കിഫ്ബി വഴി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(ജി) ഓരോ ആശുപത്രിയിലും എത്ര തുക ചെലവഴിച്ചാണ് കാത്ത് ലാബുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കാമോ?

## <u>ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്</u>

3514. ശ്രീ.വി.എസ്.ശിവകുമാർ

,, വി.ഡി.സതീശൻ

,, ഐ.സി.ബാലകൃഷ്ണൻ

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ സംവിധാനം ഏതൊക്കെ ജില്ലകളിൽ ഇതിനകം നിലവിൽ വന്നിട്ടുണ്ട്; പ്രസ്തുത ജില്ലകളിൽ താൽക്കാലിക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) താത്ക്കാലിക രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം തടഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങളുടെ പ്രവർത്തനം തടഞ്ഞിട്ടുണ്ട്;

(സി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കാനും തരം തിരിക്കാനും അവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) താത്ക്കാലിക രജിസ്ട്രേഷൻ വേളയിൽ തന്നെ ഓരോ ക്ലിനിക്കൽ സ്ഥാപനവും പ്രസ്തുത സ്ഥാപനത്തിലുള്ള സേവനങ്ങളുടെയും സംവിധാനങ്ങളുടെയും വിശദാംശവും ജീവനക്കാരുടെ യോഗ്യതയും സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ടോ; അത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ഇ) പ്രസ്തുത നിയമം നല്ല രീതിയിൽ നടപ്പിലാക്കുന്നതിനും ചികിത്സാ രംഗത്ത് നിലനിൽക്കുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## എൻഡോസൾഫാൻ ബാധിതർക്കുള്ള സഹായം

3515. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ നടന്ന മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ എൻഡോസൾഫാൻ ബാധിതരായവർക്ക് ഇതുവരെ ചികിത്സാസഹായങ്ങളോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ റെക്കോർഡ് പരിശോധിച്ച് എൻഡോസൾഫാൻ ബാധിതരെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) 2017 ജനുവരി 12 ലെ സുപ്രീംകോടതി വിധി അനുസരിച്ച് അഞ്ച് ലക്ഷം രൂപ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) എൻഡോസൾഫാൻ ബാധിതർക്ക് പുനരധിവാസ കേന്ദ്രം സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രസ്തുത കേന്ദ്രം എപ്പോൾ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) എൻഡോസൾഫാൻ ബാധിതർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

## മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ

3516. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ ഫോർമാലിൻ പോലെയുള്ള വിഷവസ്തുക്കൾ ചേർത്ത ഐസ് കട്ടകൾ ഇട്ടു സൂക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2019 ജനുവരി 1-ന് ശേഷം ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരം മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പച്ചക്കറികളിലും പഴങ്ങളിലും അമിതമായ അളവിൽ കീടനാശിനികൾ പുരട്ടി വില്പന നടത്തുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ?

## മായം ചേർക്കൽ തടയാൻ കർമ്മ പരിപാടി

3517. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ, വിഷാംശമടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾ, പച്ചക്കറികളിലും മറ്റ് ഭക്ഷ്യ പദാർത്ഥങ്ങളിലും വിഷാംശങ്ങളുടെ ഉപയോഗം എന്നിവ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തിരിച്ചറിഞ്ഞ് ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിനും വിഷാംശമില്ലാത്ത ആഹാര സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഒരു കർമ്മ പരിപാടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിനുവേണ്ട നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വിഷമില്ലാത്ത ഭക്ഷണം ഉറപ്പാക്കാൻ നടപടി</u>

3518. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമില്ലാത്ത ഭക്ഷണം ജനങ്ങൾക്ക് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2006-ലെ ഭക്ഷ്യസുരക്ഷ നിയമം കർശനമായി പാലിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>വ്യാജ വൈദ്യന്മാരുടെ ചികിത്സ</u>

3519. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ വൈദ്യന്മാരുടെ ചികിത്സ മൂലം നിരവധിപേർക്ക് വൃക്ക, കരൾ രോഗം ബാധിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അഞ്ചലിനടുത്ത് ഏരൂരിൽ തെലുങ്കാന സ്വദേശി ലക്ഷ്മൺരാജ് എന്ന വ്യാജവൈദ്യന്റെ ചികിത്സ മൂലം നൂറോളം പേർക്ക് വൃക്ക, കരൾ രോഗം ബാധിച്ച സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) മെർക്കുറി അടങ്ങിയ മരുന്നുകളാണ് വ്യാജവൈദ്യന്മാർ രോഗികൾക്ക് നൽകുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം വ്യാജവൈദ്യന്മാരുടെ ചികിത്സ മൂലമുള്ള അപകടത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വ്യാജവൈദ്യന്മാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കോവളം നിയോജകമണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പദ്ധതികൾ</u>

3520. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ 2016 മെയ് മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്; പ്രവൃത്തികൾ ഏതൊക്കെ; പ്രവൃത്തികളുടെ പേരും തുകയും വ്യക്തമാക്കാമോ?

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

3521. ശ്രീ.ജോൺ ഫെർണാണ്ടസ്

,, കെ.വി.വിജയദാസ്

ശ്രീമതിവീണാ ജോർജ്ജ്

ശ്രീ.കാരാട്ട് റസാഖ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണുള്ളതെന്നും എത്ര കുടുംബങ്ങൾക്കാണ് കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം വിഹിതം ലഭിക്കുന്നതെന്നത് എന്നതിന്റെയും കണക്ക് ലഭ്യമാണോ;

(ബി) ഈ പദ്ധതി പൂർണ്ണമായും കേന്ദ്രസർക്കാർ സഹായത്തോടെയുള്ളതാണെന്ന ദുഷ്പ്രചരണത്തിന്റെ പശ്ചാത്തലത്തിൽ ഈ പദ്ധതിക്കായി ആകെ മതിപ്പ് ചെലവെത്രയെന്നും അതിൽ കേന്ദ്ര വിഹിതമായി നൽകുന്ന തുകയെത്രയെന്നും അറിയിക്കാമോ;

(സി) 'കാസ്പ്' ആനുകൂല്യം ലഭിക്കാത്ത അർഹർക്ക് കാരുണ്യ പദ്ധതി തുടരുന്നുണ്ടോ?

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പ്</u>

3522. ശ്രീ.കെ.എൻ.എ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യസുരക്ഷാ (കാസ്പ്) പദ്ധതിയുടെ നടത്തിപ്പിന് നിലവിൽ ഏത് ഇൻഷുറൻസ് കമ്പനിയുമായാണ് സർക്കാർ കരാറിലേർപ്പെട്ടിരിക്കുന്നത്; ഈ കരാർ കാലാവധി എന്നു വരെയാണ്; കരാർ കാലാവധി പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പതിനൊന്ന് വർഷമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്.ഐ.എ.സി. (കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി കേരള) എന്ന സ്ഥാപനത്തിന്റെ സേവനം അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ?

<u>കോതമംഗലം താലൂക്കിലെ കാൻസർ രോഗികൾ</u>

3523. ശ്രീ.ആന്റണി ജോൺ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്കിലെ കാൻസർ രോഗബാധിതരുടെ കണക്ക് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോതമംഗലം താലൂക്കിൽ കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>പീരുമേട് മണ്ഡലത്തിൽ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിക്കുവാൻ നടപടി</u>

3524. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ സ്പെഷ്യാലിറ്റി ആശുപത്രികൾ നിലവിലില്ല എന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നോക്കക്കാരായ തോട്ടം തൊഴിലാളികളും കർഷകരും ഉൾപ്പെടുന്ന പീരുമേട് നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രിയെയും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെയും പ്രത്യേക പരിഗണന നൽകി സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ആയുഷ്മാൻ ഭാരത്-കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അംഗത്വം</u>

3525. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്മാൻ ഭാരത്-കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന അംഗങ്ങളാകാനോ ഇൻഷ്വറൻസ് കാർഡ് എടുക്കാനോ കഴിയാത്ത പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളിൽ ആരെങ്കിലും രോഗാതുരരായി ശസ്ത്രക്രിയയടക്കം വേണ്ടിവരുന്ന അടിയന്തര സാഹചര്യങ്ങളിൽ അവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പ്രക്രിയ എന്നുമുതൽ ആരംഭിക്കുമെന്നും അറിയിക്കാമോ?

<u>ദന്താരോഗ്യ മേഖലയിലെ പദ്ധതികൾ</u>

3526. ശ്രീ.വി.ഡി.സതീശൻ
,, അന്വർ സാദത്ത്
,, പി.ടി. തോമസ്
ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദന്താരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ദന്തൽ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും പ്രധാനപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്ത ചികിത്സക്ക് സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്ത് മൊബൈൽ ദന്തൽ ക്ലിനിക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാർ

3527. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നാണ് രൂപീകരിച്ചിട്ടുള്ളത്; കോർപ്പറേഷനിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; ഇവരിൽ എത്ര പേർ താൽക്കാലിക ജീവനക്കാർ ആണ്; വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ മറ്റ് സമാന സ്ഥാപനങ്ങളിൽ പത്ത് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിലുള്ള താൽക്കാലികക്കാർക്ക് മറ്റ് സമാന സ്ഥാപനങ്ങളിലെ ഡ്രൈവർമാരുടെ ശമ്പള തുല്യത നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്യുന്ന ഈ ഡ്രൈവർമാർക്ക് ശമ്പളവർധന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ ചികിത്സാ ധനസഹായം

3528. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് എത്ര തുക വീതം ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലുണ്ടായ പിഴവ്

3529. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനവൂർ വില്ലേജിൽ പേരയം, ചെല്ലഞ്ചി, കിഴക്കുംകര വീട്ടിൽ പ്രദീപ് എൽ., തന്റെ ഭാര്യ മിനിമോൾക്ക് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നിന്നുണ്ടായ ചികിത്സാ പിഴവ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ.പ്രിയയുടെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ ചികിത്സാ പിഴവും ഇക്കാര്യത്തിൽ ആശുപത്രി സൂപ്രണ്ട് ഡോ.പ്രിയയെ സംരക്ഷിച്ചതുമായ പരാതിയിന്മേൽ കുറ്റക്കാരെ ആരെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രദീപ്. എൽ. നൽകിയ പരാതിയിലെ അന്വേഷണ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ **108** ആംബുലൻസിന്റെ സേവനം

3530. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ അനുവദിച്ച 108 ആംബുലൻസിന്റെ സേവനം ഇരുപത്തിനാല് മണിക്കൂർ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ആശുപത്രിയിലെ മറ്റ് ആംബുലൻസുകളുടെ പ്രവർത്തനം ഇരുപത്തിനാല് മണിക്കൂർ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## **108** ആംബുലൻസുകൾ

3531. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ നിയോജക മണ്ഡലത്തിലും ഇതുവരെയായി നൽകിയ ആംബുലൻസുകൾ എത്ര വീതമാണെന്ന് വിശദമാക്കാമോ?

## ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം

3532. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള മെഡിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളറിയിക്കുമോ;

(ബി) ശമ്പള പരിഷ്കരണത്തിനായി പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മെഡിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ അവസാനമായി എന്നാണ് ഡോക്ടർമാരുടെ ശമ്പളം പരിഷ്കരിച്ചത്; വ്യക്തമാക്കുമോ?

## ധർമ്മഗിരി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ ബി.എസ്.സി. എം.എൽ.ടി കോഴ്സ്

3533. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ധർമ്മഗിരി സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ബി.എസ്.സി. എം.എൽ.ടി കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ;

(ബി) നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, ഡി.എൻ.എം, ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.എസ് (ലാബ്) ഡിപ്ലോമ കോഴ്സ് എന്നിവ നടത്തുന്ന ഇവിടെ ബി.എസ്.സി.

എം.എൽ.ടി കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; വിധിന്യായത്തിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിലെ പ്രസ്തുത ആശുപത്രിയിൽ ബി.എസ്.സി. എം.എൽ.ടി കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>വിളവൂർക്കൽ ഹോമിയോ ഡിസ്പെൻസറിയെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി</u>

3534. **ശ്രീ.ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളവൂർക്കൽ സർക്കാർ മാതൃകാ ഹോമിയോ ഡിസ്പെൻസറിയെ താലൂക്ക് ഹോമിയോ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയത് സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

<u>യോഗ പ്രകൃതി ചികിത്സ നഴ്സുമാരുടെ നിയമനം</u>

3535. **ശ്രീ.പി.ജെ.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ പ്രകൃതി ചികിത്സ ആശുപത്രികളിൽ ജോലി നോക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന കോഴ്സ് പാസായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിലും ഇവിടെ ആയുർവേദ നഴ്സുമാരാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്കല യോഗ പ്രകൃതി ചികിത്സ ആശുപത്രിയിൽ പ്രകൃതി ചികിത്സ നഴ്സുമാരായി എത്ര പേർ ജോലി നോക്കുന്നുണ്ട്;

(സി) ഇവരുടെ നിയമനത്തിന് അംഗീകാരം നല്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>മുണ്ടേരി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം</u>

3536. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുണ്ടേരി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പുനരുദ്ധരിച്ച് ആവശ്യമായ ജീവനക്കാരെ നിയമിച്ച് കിടത്തി ചികിത്സക്ക് വേണ്ട നടപടി കൈക്കൊള്ളുന്നതിന് എം.എൽ.എ.യും പോത്തുകല്ല് പഞ്ചായത്ത് പ്രസിഡന്റും മുണ്ടേരി ജി.സി.സി. പ്രവാസി ചാരിറ്റി കൂട്ടായ്മയും നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; അടിയന്തര പരിഗണനയോടെ ഇക്കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>മാവേലിക്കര ആയുർവേദാശുപത്രി പ്രവൃത്തികൾ</u>

3537. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവേദാശുപത്രിക്ക് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആയുർവേദാശുപത്രി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും ഫയൽ നമ്പരും വ്യക്തമാക്കുമോ?

മുല്ലശ്ശേരി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

3538. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18ലെ ബഡ്ജറ്റിൽ മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണത്തിനാവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിളവൂർക്കൽ ആയുർവേദ ആശുപത്രി കെട്ടിടം

3539. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളവൂർക്കൽ ആയുർവേദ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാരുണ്യ ഇൻഷ്വറൻസ് പദ്ധതി

3540. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിഭാഗത്തിലുള്ള ആളുകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നത്; വ്യക്തമാക്കാമോ;

(ബി) നിലവിൽ ആർ.എസ്.ബി.വൈ/ചിസ് കാർഡ് പുതുക്കാത്തവർക്ക് ആയത് പുതുക്കുന്നതിലേക്കുള്ള നടപടി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ആർ.എസ്.ബി.വൈ/ചിസ് കാർഡ് ഇല്ലാത്തവർക്ക് പുതുതായി കാർഡ് എടുക്കുന്നതിനുള്ള നടപടി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം

T 3541. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം മുഖ്യ അന്നദാതാവ് മരണപ്പെട്ടാൽ ലഭിക്കേണ്ട അടിയന്തര ധനസഹായം വർഷങ്ങളായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സഹായധനം എത്രയും പെട്ടെന്ന് തന്നെ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) എൻ.എഫ്.ബി.എസ് പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; കുറഞ്ഞ വരുമാന പരിധി കാരണം ധനസഹായം ലഭിക്കുവാൻ അർഹതയുള്ളവരുടെ എണ്ണം തുലോം കുറവാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; ധനസഹായത്തിന് അപേക്ഷിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സമയ പരിധി വർദ്ധിപ്പിച്ച് കൃത്യമായ ഒരു സമയപരിധി നിശ്ചയിക്കുവാൻ സാധിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) പട്ടാമ്പി താലൂക്കിൽ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിച്ചിട്ടും ധനസഹായം ലഭിക്കാത്ത എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ? അവർക്ക് എന്ന് ഈ ആനുകൂല്യം നൽകുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>കാസ്പിൽ (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ</u>

3542. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെ നിലവിൽ ഉണ്ടായ വിവിധ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായവരുടെ അംഗത്വം പുതുക്കിയാണോ കാസ്പിൽ അംഗങ്ങളെ ചേർത്തത്; എങ്കിൽ പ്രസ്തുത പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(സി) പുതുതായി അംഗങ്ങളെ ചേർക്കുമ്പോൾ ആയതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; അവ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>വിദ്യാഭ്യാസ ധനസഹായം</u>

3543. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികളുടെ പഠനത്തിന് ആവശ്യമായ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## അനാഥാലയങ്ങളും ധർമ്മസ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ

3544. ശ്രീ.എം.ഉമ്മർ

,, എം. സി. കമറുദ്ദീൻ

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളും ധർമ്മസ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റും ഓർഫനേജ് ഫെസ്റ്റിന് അനുവദിക്കുന്ന ഗ്രാന്റും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും നേടി അനാഥാലയങ്ങളിൽ നിന്നും പുറത്ത് പോകുന്നവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വയോജനങ്ങൾക്കായുള്ള പദ്ധതികൾ

3545. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ മാനസികമായ ഉല്ലാസത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായുള്ള പകൽവീടുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനും അവിടെ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ

3546. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന,ജില്ലാതല ശിശുക്ഷേമ സമിതികൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സമിതിയുടെ ഭരണ നിർവ്വഹണത്തിന് ജില്ല, സംസ്ഥാന തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സമിതികളിൽ സ്ഥിരം തസ്തികയിലും കരാർ, ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തികയും ജില്ലയും തിരിച്ച് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) 2019 വർഷത്തിൽ ശിശുക്ഷേമ സമിതികളുടെ പ്രവർത്തനത്തിനായി എത്ര സർക്കാർ ഫണ്ട്

ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ശിശുക്ഷേമ സമിതിയുടെ സംരക്ഷണയിൽ സംസ്ഥാനത്താകെ എത്ര കുട്ടികൾ കഴിയുന്നുണ്ടെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികളുടെ സാമൂഹിക ഉന്നമനം</u>

3547. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ട എത്ര കുട്ടികൾ സംസ്ഥാനത്ത് അനാഥാലയങ്ങളിൽ കഴിയുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള കുട്ടികളുടെ സാമൂഹിക ഉന്നമനത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ആയമാരുടെ പ്രതിമാസ വേതനം</u>

T 3548. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ആയമാർക്ക് എത്ര രൂപയാണ് പ്രതിമാസം വേതനമായി കിട്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഇവർക്ക് എത്ര രൂപയാണ് പ്രതിമാസം വേതനമായി നൽകുന്നതെന്ന് അറിയിക്കാമോ?

<u>അംഗനവാടികളുടെ നവീകരണവും കുട്ടികളുടെ ക്ഷേമവും</u>

3549. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗനവാടികളുടെ നവീകരണത്തിനും കുട്ടികളുടെ ക്ഷേമത്തിനും വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഇവ കൂടുതൽ വിപുലമാക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഹൈ-ടെക്, സ്മാർട്ട് അങ്കണവാടികൾ</u>

3550. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഹൈടെക് അംഗൻവാടികളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള അംഗൻവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഹൈ-ടെക് അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇതിനകം എത്ര സ്മാർട്ട് അംഗൻവാടികൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

പള്ളിച്ചൽ **108-**ാം നമ്പർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം**-**തുടർനടപടി

3551. **ശ്രീ.ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ 108-ാം നമ്പർ അംഗൻവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളും തുടർ നടപടിയും വിശദമാക്കാമോ?

വയനാട് ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ

3552. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

3553. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്കായി നടത്തിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ജെൻഡർ പാർക്ക് മുഖേനയുള്ള പ്രവർത്തനങ്ങൾ

3554. **ശ്രീ.സി.കൃഷ്ണൻ**
ശ്രീമതിവീണാ ജോർജ്ജ്
ശ്രീ.പി. ഉണ്ണി
**,,** കെ.യു. ജനീഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിനും ലിംഗസമത്വം ഉറപ്പാക്കുന്നതിനും വേണ്ടി ജെൻഡർ പാർക്ക് എന്ന പേരിൽ നൂതന സംരംഭം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഭിന്നലിംഗക്കാർ ഉൾപ്പെടെയുള്ളവരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ എന്തെല്ലാം പഠന, ഗവേഷണ പ്രവർത്തനങ്ങളാണ് ജെൻഡർ പാർക്ക് മുഖേന നടത്തി വരുന്നത്;

(സി) വനിതകളുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനും സ്വന്തമായി ബിസിനസ്സുകൾ ആരംഭിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി ഒരുക്കുന്നതിനും ജെൻഡർ പാർക്കിൽ അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ലിംഗസമത്വം എന്ന ആശയം മുൻനിർത്തി ജെൻഡർ പാർക്കിന്റെ ആഭിമുഖ്യത്തിൽ വിദേശ രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര സമ്മേളനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ?

<u>ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച്</u>

3555. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 നും 2019 നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നിർവഹിച്ചിരുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വ്യക്തികളോ സംഘടനകളോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ ജോലി നിർവ്വഹിച്ചിരുന്നവരിൽ എത്ര പേർ നാൽപത് വയസിന് മുകളിൽ പ്രായമുള്ളവരായിരുന്നു എന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ എത്ര ഭിന്നശേഷിക്കാർ സർക്കാർ/അർദ്ധ സർക്കാർ സർവ്വീസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികളിൽ എത്ര പേർക്ക് സ്ഥിരനിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രായക്കൂടുതൽ കാരണം ഇനി ജോലി ലഭിക്കുവാൻ സാധ്യതയില്ലാത്ത ഈ ഉദ്യോഗാർത്ഥികൾക്ക് താൽക്കാലികമായെങ്കിലും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തിരുന്ന എല്ലാ ഭിന്നശേഷിക്കാർക്കും സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഭിന്നശേഷിയുള്ളവർക്ക് സംവരണം ചെയ്ത ഒഴിവുകളിലെ നിയമനം</u>

3556. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്ത ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നതിൻെറ

വിശദാംശം നല്കാമോ?

ഭിന്നശേഷിക്കാർക്കായി നൽകി വരുന്ന ധനസഹായ പദ്ധതികൾ

3557. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് പ്രതിവർഷം വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലുക്കീമിയ, തലാസീമിയ തുടങ്ങിയ രക്ത വൈകല്യം ബാധിച്ചവർക്ക് കൂടി ഭിന്നശേഷിക്കാർക്ക് നൽകുന്ന ധനസഹായ ആനുകൂല്യങ്ങൾ നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ധനസഹായ ആനുകൂല്യം ലഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിക്കുമോ?

ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമ പദ്ധതികൾ

3558. ശ്രീ.എം. സ്വരാജ്
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.സി.കെ. ഹരീന്ദ്രൻ
,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭിന്നശേഷി പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായി കണക്കാക്കുന്ന എട്ട് ലക്ഷത്തോളം പേരുടെ പരിചരണത്തിനും സംരക്ഷണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; 'അനുയാത്ര' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വിദ്യാഭ്യാസപരമായി പിന്തള്ളപ്പെടാതെ ഇവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; ഇവരുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) ശൈശവദശയിൽ തന്നെ വൈകല്യം തിരിച്ചറിഞ്ഞ് സാധാരണ ജീവിതം നയിക്കാനുള്ള കുട്ടികളുടെ അവകാശം ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

നേർവഴി പദ്ധതി

3559. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നേർവഴി പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നേർവഴി പദ്ധതി കൊണ്ട് സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം മാറ്റങ്ങളാണ് കുറ്റവാളികളിൽ ഉണ്ടാക്കാൻ ശ്രമിക്കുന്നത് എന്നറിയിക്കാമോ;

(സി) കുറ്റവാളികളുടെ സാമൂഹിക-മാനസിക സേവനം, തൊഴിൽ പരിശീലനം എന്നിവ ലക്ഷ്യമാക്കി ജയിൽ വകുപ്പും സാമൂഹ്യക്ഷേമ വകുപ്പും ഉന്നം വയ്ക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>കാസ്പിലെ അംഗങ്ങൾക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം</u>

3560. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാസ്പിൽ എത്ര ലക്ഷം അംഗങ്ങളാണ് ഉള്ളതെന്നും അതിൽ എത്ര ലക്ഷം പേർക്കാണ് കേന്ദ്ര വിഹിതം ലഭിക്കുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) ഒരാൾക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം എത്രയാണ്; ഇൻഷുറൻസ് പ്രീമിയമായി ആകെ എത്ര രൂപയാണ് സംസ്ഥാന സർക്കാർ അടക്കേണ്ടത് എന്നറിയിക്കാമോ?

<u>സർക്കാർ മേഖലയിൽ പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ</u>

3561. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലെ പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദാംശം സഹിതം അറിയിക്കുമോ;

(ബി) ചില സന്നദ്ധസംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ സർക്കാർ സംവിധാനങ്ങളുമായി ഏകോപിപ്പിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ പ്രവർത്തനങ്ങൾ</u>

3562. ശ്രീ.ജെയിംസ് മാത്യു

,, കെ. ബാബു

,, ആന്റണി ജോൺ

,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കൗൺസിലിന്റെ സേവനങ്ങൾ വിപുലീകരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കൗൺസിലിന്റെ ഭാഗമായി ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>സൗജന്യമായി വിതരണം ചെയ്ത അരിയുടെ തുക ഈടാക്കൽ</u>

3563. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയാനന്തരം ദുരിതാശ്വാസക്യാമ്പുകളിൽ സൗജന്യമായി വിതരണം ചെയ്ത അരിയുടെ തുക ഈടാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് അടയ്ക്കാൻ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കുപ്പിയിലാക്കിയ കുടിവെള്ളത്തിന്റ വില</u>

3564. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ (അച്ചടി) നം.5/2020/ഭ.പൊ.വി.വ. തീയതി 02/03/2020 പ്രകാരം കുപ്പിയിലാക്കിയ കുടിവെള്ളത്തിന്റ വില സംസ്ഥാനമൊട്ടാകെ ലിറ്ററിന് പതിമൂന്ന് രൂപയായി നിജപ്പെടുത്തിയത് എന്നുമുതൽ പ്രാബല്യത്തിൽ വരും എന്നറിയിക്കാമോ;

(ബി) ഉത്തരവിനു നിലവിൽ വന്നശേഷവും ഇരുപത് രൂപ വീതം ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം. ആർ. പി. ഇരുപത് രൂപ എന്ന് അച്ചടിച്ചിട്ടുള്ള പഴയ സ്റ്റോക്ക് വെള്ളത്തിന് പുതിയ നിരക്കാണോ പഴയ നിരക്കാണോ നൽകേണ്ടത്; വിശദവിവരങ്ങൾ നൽകാമോ?

<u>കുപ്പിവെള്ളത്തിന്റെ വില നിശ്ചയിച്ച നടപടി</u>

3565. **ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീമതി സി.കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു കുടിവെള്ളത്തിന്റെ പേരിൽ നടന്നിരുന്ന അമിതവില ഈടാക്കലും കൊള്ളയും അവസാനിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കുപ്പിവെള്ളത്തെ 1986 ലെ അവശ്യവസ്തു നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിയാണോ വില നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വിൽക്കുന്ന കുപ്പിവെള്ളത്തിന്റെ വില പതിമൂന്ന് രൂപയായി നിജപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഏതു തീയതി മുതലാണ് പ്രസ്തുത ഉത്തരവിന്റെ പ്രാബല്യമെന്ന് അറിയിക്കുമോ;

(ഇ) കുപ്പിവെള്ളത്തിന് സർക്കാർ നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നവരെ സംബന്ധിച്ചുള്ള പരാതികൾ നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ; കുപ്പിവെള്ളത്തിന് അമിത വില ഈടാക്കിയാലുള്ള ശിക്ഷാ നടപടികൾ അറിയിക്കുമോ?

<u>കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട പഞ്ചസാരയും മണ്ണെണ്ണയും</u>

3566. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ആവശ്യമുള്ള അളവ് പഞ്ചസാരയും മണ്ണെണ്ണയും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേരളം ആവശ്യപ്പെടുന്ന അളവ് കേന്ദ്രം വെട്ടിക്കുറയ്ക്കുന്ന സമീപനം സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇത് നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>വിശപ്പ് രഹിത കേരളം പദ്ധതി</u>

3567. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) വിശപ്പ് രഹിതം പദ്ധതിക്കായി 2019-20 ൽ എന്ത് തുകയാണ് വകയിരുത്തിയതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും സംഘടനകളുടെ സഹകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>അന്നപൂർണ്ണ പദ്ധതി</u>

3568. ശ്രീ.സി. കെ. ശശീന്ദ്രൻ

,, ഡി.കെ. മുരളി

,, കെ.വി.വിജയദാസ്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാറുണ്ടോ; 2020-21 വർഷം കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിയ്ക്കാമോ?

## ദേശീയ ഭക്ഷ്യഭദ്രത നിയമം

3569. ശ്രീ.എം. സ്വരാജ്

,, രാജു എബ്രഹാം

,, പി.വി. അൻവർ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രത നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളിലൂടെ മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് ലഭ്യമാക്കി അവയുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കുമോ?

## മുൻഗണന പട്ടികയിൽനിന്ന് പുറത്തായ ദുർബല വിഭാഗത്തിൽപ്പെട്ടവർ

3570. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാപട്ടികയിൽ നിന്ന് പുറത്തായ ദുർബല വിഭാഗത്തിൽപ്പെട്ട അർഹരായവരെ പൂർണ്ണമായും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ അർഹരായ എത്ര പേരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

## കെട്ടിട നമ്പർ ലഭിക്കാത്തവർക്ക് റേഷൻ കാർഡ്

3571. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിട നമ്പർ ലഭിക്കാത്ത വീട്ടുടമകൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>റേഷൻ കാർഡ്</u>

3572. **ശ്രീ.**എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡ് ഉണ്ടെന്നതിന്റെ താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ ഓരോ കാറ്റഗറിയിലും ഉള്ള റേഷൻ കാർഡിന്റെ എണ്ണം കൂടി നൽകുമോ;

(ബി) ഓരോ കാറ്റഗറിയിലും അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എന്തെല്ലാമാണെന്ന് അതിന്റെ അളവ് ഉൾപ്പെടെ വിശദമാക്കുമോ?

<u>റേഷൻ കാർഡ് ശുദ്ധീകരണ പ്രക്രിയ</u>

3573. **ശ്രീ.**യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കാർഡ് ശുദ്ധീകരണ പ്രക്രിയക്ക് ആക്കം കൂട്ടുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വില്ലേജാഫീസർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരിൽ നിന്നും ആവശ്യമുള്ള വിശദാംശം ശേഖരിച്ച് ഫീൽഡുതല പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>പ്രവാസികൾക്ക് റേഷൻകാർഡ്</u>

3574. **ശ്രീ.**കെ. രാജൻ
,, ജി.എസ്.ജയലാൽ
ശ്രീമതി സി.കെ. ആശ
**ശ്രീ.**വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് റേഷൻകാർഡുകൾ നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; ഇതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ആദിവാസി ഊരുകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>റേഷൻ തട്ടിപ്പുകൾ ഒഴിവാക്കുന്നതിന് നടപടി</u>

3575. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാര മേഖലയിലെ കരിഞ്ചന്തയും തട്ടിപ്പും തടയാനായി കോടികൾ മുടക്കി സ്ഥാപിച്ച ഇ-പോസ് മെഷീനുകൾ പല സ്ഥലങ്ങളിലും പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിരലടയാളം പതിയാത്തതും സെർവർ തകരാറും മൂലം പലപ്പോഴും ഉപഭോക്താക്കൾ റേഷൻ വാങ്ങാനാവതെ തിരിച്ച് പോവേണ്ട അവസ്ഥ ഉണ്ടാവുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴും ചില റേഷൻ കടകളിൽ മാന്വൽ രീതിയിൽ റേഷൻ വിതരണം നടത്തുന്നുണ്ടോ;

(ഡി) എല്ലാ റേഷൻ കടകളിലും ഐറിസ് സ്കാനർ മെഷീൻ വാങ്ങുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കുമോ?

പൊതുവിതരണ ഷോപ്പുകളുടെ പ്രവർത്തനം

3576. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ഷോപ്പുകളുടെ പ്രവർത്തനം കൃത്യവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ നിരവധി റേഷൻ ഷോപ്പുകൾ ലൈസൻസിയുടെ സൗകര്യാർത്ഥം മാത്രം തുറക്കുന്നു എന്ന പരാതി ഉയരുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

സഞ്ചരിക്കുന്ന റേഷൻ കട

3577. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.ടി.ബൽറാം
,, എൽദോസ് പി. കുന്നപ്പിള്ളിൽ
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ വനമേഖലയിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എത്ര കുടുംബങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ഉണ്ടായിട്ടുള്ളത്;

(ബി) പാവപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള പദ്ധതി ആയതിനാൽ ഇതിൽ തിരിമറി ഉണ്ടാകാതിരിക്കുവാൻ എന്ത് കരുതൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

റേഷൻ സാധനങ്ങൾ കയറ്റുന്ന ഭാരവാഹനങ്ങളിൽ ജി.പി.എസ്.

3578. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ റേഷൻ ഭക്ഷ്യധാന്യങ്ങൾ കയറ്റിയ ലോറികളിൽ അളവ്, തൂക്കം സംബന്ധിച്ച എത്ര ക്രമക്കേടുകൾ പരിശോധനകളിലൂടെ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) റേഷൻ സാധനങ്ങൾ കയറ്റുന്ന ലോറികൾ അടക്കമുള്ള ഭാരവാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനമെടുത്തതെന്നും പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ?

റേഷൻ സാധനങ്ങൾ പട്ടികവർഗ്ഗ കോളനികളിൽ എത്തിക്കുന്നതിന് നടപടി

3579. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ട്രൈബൽ കോളനികളിൽ റേഷൻ വസ്തുക്കൾ നേരിട്ട് എത്തിച്ചുനൽകുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) മലക്കപ്പാറ റേഷൻ കടയ്ക്ക് കീഴിലുള്ള പെരുമ്പാറ ട്രൈബൽ കോളനിയിലേക്കും പിള്ളപ്പാറ റേഷൻ കടയ്ക്ക് കീഴിലുള്ള പിള്ളപ്പാറ മലയൻ കോളനിയിലേക്കും മണ്ഡലത്തിലെ ഇതര പട്ടികവർഗ്ഗ കോളനികളിലേക്കുംകൂടി റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യം

3580. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമല്ലാത്ത സ്ഥിതി വിശേഷം തടയുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

മാവേലി സ്റ്റോറുകളുടെ നവീകരണം

3581. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ നവീകരണത്തിന് വേണ്ടി സ്വീകരിച്ച നടപടികളെന്തെന്ന് അറിയിക്കാമോ;

(ബി) മാവേലി സ്റ്റോറുകളിൽ കൂടുതൽ ഇനം സാധനങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ആകെയുള്ള മാവേലി സ്റ്റോറുകളുടെ എണ്ണം ജില്ലതിരിച്ച് അറിയിക്കാമോ?

## ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട അഴിമതിക്കേസുകൾ

3582. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 2011-16 കാലയളവിൽ എത്ര അഴിമതിക്കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

## ഇരുപത്തിയഞ്ച് രൂപയ്ക്ക് ഊണ് നൽകുന്ന ഹോട്ടലുകൾ

3583. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകൾ തോറും ഇരുപത്തിയഞ്ച് രൂപയ്ക്ക് ഊണ് നൽകുന്ന ഹോട്ടലുകൾ തുടങ്ങുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; ഇതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പിൽ നിന്ന് എന്തൊക്കെ സഹായങ്ങൾ ആണ് നൽകിയിട്ടുള്ളത്;

(ബി) ഇത്തരം ഹോട്ടലുകൾക്ക് എന്തൊക്കെ ഉൽപ്പന്നങ്ങളാണ് സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്യുകയെന്ന് വിശദമാക്കുമോ?

## സപ്ലൈകോയുമായി കമ്പനിയുടെ കരാർ ലംഘന കേസ് ഒത്തുതീർപ്പാക്കൽ

3584. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുമായി 2007-ൽ കാപ്പിപ്പൊടി നൽകാൻ കരാറിലേർപ്പെടുകയും തുടർന്ന് കരാർ ലംഘിക്കുകയും ചെയ്തതിന്റെ പേരിൽ ഏതെങ്കിലും കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനിക്ക് എതിരെയുള്ള കേസ് കോടതിയുടെ പരിഗണനയിൽ ഇരിക്കുമ്പോൾ രണ്ട് കോടി രൂപ നല്കി ഒത്തുതീർപ്പാക്കിയെന്ന ആരോപണം അന്വേഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ?

## കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജനം

3585. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ഓഫീസും ചാത്തന്നൂർ ആസ്ഥാനമായി താലൂക്ക് സപ്ലൈ ഓഫീസും ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട്

ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ഡി.എസ്.ഒ.യും സിവിൽ സപ്ലൈസ് ഡയറക്ടറും ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ സമർപ്പിച്ച തീയതി ഏതെന്നും അറിയിക്കാമോ;

(സി) ചാത്തന്നൂർ താലൂക്ക് സപ്ലൈ ഓഫീസ് സാക്ഷാത്കരിക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>മണലൂർ മണ്ഡലത്തിൽ പുതിയ സപ്ലൈകോ സൂപ്പർമാർക്കറ്റ്</u>

3586. **ശ്രീ.**മുരളി പെരുനെല്ലി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഒരു സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>വടവന്നൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ</u>

3587. **ശ്രീ.**കെ. ബാബു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സൂപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ അനുവദിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ മാവേലി സ്റ്റോർ എന്ന് ഉടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>കൊട്ടാരക്കര മണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങൾ</u>

3588. **ശ്രീമതി**പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങളുടെ നവീകരണത്തിനായി പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ സപ്ലൈകോ ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

## ചെങ്ങന്നൂർ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

3589. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ചെങ്ങന്നൂർ നഗരം കേന്ദ്രീകരിച്ച് ഒരു സൂപ്പർ മാവേലി സ്റ്റോർ ആരംഭിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## നെൽ കർഷകർക്കുള്ള കുടിശ്ശിക

T 3590. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്കുള്ള പി.ആർ.എസ്. പദ്ധതി പ്രകാരം 2020 ഫെബ്രുവരി 29 വരെ എത്ര കോടി രൂപ കുടിശ്ശികയായി നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തികവർഷം എത്ര കോടി രൂപക്കുള്ള നെല്ലാണ് സപ്ലൈകോ മുഖേന സംഭരിച്ചത്; ഇതിന്റെ പണം കൃഷിക്കാർക്ക് നൽകുമോ;

(സി) കഴിഞ്ഞ സീസണിൽ ബാങ്കുകൾ ചെലവഴിച്ച തുക അവർക്ക് മടക്കി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## നെല്ല് സംഭരണം

T 3591. ശ്രീ.എസ്.ശർമ്മ
,, പി. ഉണ്ണി
ശ്രീമതി യു. പ്രതിഭ
ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സമർത്ഥമായ ഇടപെടലിന്റെ ഫലമായി നെൽകൃഷി വർദ്ധിച്ചു വരുന്ന ഘട്ടത്തിൽ നെല്ല് സംഭരണത്തിൽ കർഷകർ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) സംഭരിച്ച നെല്ലിന്റെ തുക യഥാസമയം ലഭ്യമാക്കുന്നതിനു കേന്ദ്ര സർക്കാർ വിഹിതം കൃത്യമായി ലഭിക്കാത്തതു സൃഷ്ടിക്കുന്ന പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) നെൽക്കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്; തരിശു രഹിത ഗ്രാമം പരിപാടി വിപുലീകരിക്കാനായി നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

നെല്ല് സംഭരണം

T 3592. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019-20 വർഷത്തിൽ ഇതുവരെയുള്ള നെല്ലുസംഭരണം എത്ര ടണ്ണാണെന്ന് അറിയിക്കാമോ;

(ബി) ഇനി എത്ര ഹെക്ടറുകളിൽ കൂടി വിളവെടുപ്പ് പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആകെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഇതുവരെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും വിശദമാക്കാമോ?

നെല്ല് സംഭരണം

3593. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇപ്പോൾ എത്ര രൂപയ്ക്കാണ് സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്നത്; വിശദമാക്കാമോ?

നെല്ല് സംഭരണത്തിൽ കൃഷിക്കാർ നേരിടുന്ന ചൂഷണങ്ങൾ

T 3594. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെല്ലിൽ കലർപ്പ് ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് മില്ലുടമകൾ കൃഷി ഉദ്യോഗസ്ഥൻമാരെ നിർബന്ധിച്ച് വാങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒരു സർട്ടിഫിക്കറ്റ് മില്ലുടമകൾക്ക് നൽകുന്നത് കൃഷിക്കാരന് ലഭിക്കേണ്ട തുക കുറയ്ക്കുന്നതിന് കാരണമാവും എന്നതിനാൽ വിഷയത്തിൽ ഗൗരവമായ ഇടപെടലുകൾ നടത്തുമോ;

(സി) മില്ലുടമകളുടെ തന്ത്രങ്ങൾക്ക് വിധേയരായി തന്റെ ഉൽപ്പന്നങ്ങൾ കിട്ടിയ വിലയ്ക്ക് വിൽക്കുന്ന രീതിയിലേക്ക് കൃഷിക്കാരനെ നിർബന്ധിതനാക്കുന്ന ഈ ചൂഷണങ്ങൾക്ക് അറുതി വരുത്തുന്നതിനായി കൃഷിക്കാരിൽ നിന്നും സർക്കാർ നേരിട്ടോ എഫ്.സി.ഐ. പോലുള്ള ഏജൻസികളിലൂടെയോ നെല്ല് സംഭരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ ഉണ്ടായ നഷ്ടം

3595. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ പദ്ധതിയിലെ അരി മറിച്ചുവിറ്റതിൽ സപ്ലൈകോയ്ക്ക് എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുത്തരവാദികൾ ആരായിരുന്നുവെന്നും അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(സി) റവന്യൂ റിക്കവറി വഴി ആരിൽ നിന്നെങ്കിലും പലിശ ഉൾപ്പെടെ തുക ഈടാക്കാൻ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആരിൽ നിന്ന് എത്ര രൂപയാണ് ഈടാക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കാമോ?

<u>സപ്ലൈകോയിലെ കാപ്പിപ്പൊടി വിതരണത്തിൽ പരാതി</u>

3596. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ കാപ്പിപ്പൊടി വിതരണവുമായി ബന്ധപ്പെട്ട് അനർഹമായി നഷ്ടപരിഹാരം നൽകിയതിന് പരാതി ലഭിച്ചിട്ടുണ്ടോ; എന്നാണ് പരാതി ലഭിച്ചത്; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>സപ്ലൈകോയുടെ പ്രവർത്തനമേഖല വിപുലീകരണം</u>

3597. ശ്രീ.എ.പി. അനിൽ കുമാർ

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങൾക്ക് ആവശ്യമായ എന്തൊക്കെ വിപണന മേഖലകളിലേക്കാണ് കോർപ്പറേഷൻ കടക്കുന്നത്; വ്യക്തമാക്കുമോ;

(സി) സപ്ലൈകോയുടെ തനത് ഉല്പന്നമായ ശബരി ചായയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) വിപണി ഇടപെടലിനായി 2019-20 ൽ എത്ര തുകയാണ് സർക്കാർ നീക്കിവെച്ചിട്ടുള്ളത്; പ്രസ്തുത തുക പര്യാപ്തമായിരുന്നോ; ഇല്ലെങ്കിൽ 2020-21 ലെ ബജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## അളവ് തൂക്കത്തിലെ തട്ടിപ്പ്

3598. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, മാളുകൾ, കച്ചവട സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വിലവിവരപട്ടിക എഴുതി സൂക്ഷിക്കാത്ത കാര്യം പരിശോധിക്കുമോ;

(ബി) 2019 വർഷത്തിൽ എത്ര വ്യാപാര സ്ഥാപനങ്ങളിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയെന്നും ഇവ ഏതെല്ലാമെന്നും എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും വെളിപ്പെടുത്താമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ അളവിൽ കൃത്രിമം കാണിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) 2019 ൽ നടന്ന പരിശോധനകളിൽ എത്ര ത്രാസ് / വെയിങ് മെഷീൻ ശരിയായ അളവല്ല കാണിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകുമോ; ഇവ സ്ഥിരമായി പരിശോധിക്കുവാൻ ഏതെങ്കിലും വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പെട്രോൾ/ഡീസൽ പമ്പുകളിൽ നടക്കുന്ന അളവ് തട്ടിപ്പുകൾ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; 2019 ൽ എത്ര പെട്രോൾ/ഡീസൽ പമ്പുകൾ പരിശോധിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും എവിടെയെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

## ലീഗൽ മെട്രോളജി വകുപ്പിന്റെ 'സുതാര്യം' മൊബൈൽ ആപ്ലിക്കേഷൻ

3599. ശ്രീ.സി. ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ പ്രയോജനകരവും സുതാര്യവും ആക്കുന്നതിന് 'സുതാര്യം' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആപ്ലിക്കേഷനിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

## ലീഗൽ മെട്രോളജിയിൽ ഫുൾടൈം വാച്ചർ, ഓഫീസ് അറ്റൻഡന്റ് നിയമനം

3600. ശ്രീ.കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി നിലവിൽ വന്ന താലൂക്കുകളിലെ ലീഗൽ മെട്രോളജി വകുപ്പിൽ ഫുൾടൈം വാച്ചറുടെയും ഓഫീസ് അറ്റൻഡന്റിന്റെയും തസ്തികകളിൽ എത്ര താൽക്കാലിക ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) നിലവിലെ ലാസ്റ്റ്ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്ന് ഈ താൽക്കാലിക തസ്തികകളിലേക്ക് സ്ഥിര നിയമനം

നടത്തണമെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>പെട്രോൾ പമ്പുകളിലെ ഇന്ധനങ്ങളുടെ ഗുണനിലവാരം</u>

3601. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിലൂടെ വിതരണം ചെയ്യുന്ന ഇന്ധനങ്ങളുടെ ഗുണനിലവാരം, അളവ് എന്നിവ പരിശോധിക്കുന്നതിന് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പെട്രോൾ പമ്പുകൾ പരിശോധിച്ചതിലൂടെ ഇന്ധനങ്ങളുടെ മോശമായ ഗുണനിലവാരം, അളവിലെ ക്രമക്കേട് എന്നിവ കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

<u>തുറമുഖ മോഡേണൈസേഷൻ</u>

3602. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മോഡേണൈസേഷൻ നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) വിഴിഞ്ഞം തുറമുഖം എന്നു മുതൽ കമ്മീഷൻ ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ പൂർത്തീകരണ കാലാവധി വീണ്ടും നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>വിഴിഞ്ഞം തുറമുഖ കവാടത്തിൽ വന്നടിഞ്ഞ മണൽ</u>

3603. **ശ്രീ.പാറക്കൽ അബ്ദുല്ല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ കവാടത്തിലടക്കം മണൽ വന്നടിഞ്ഞത് നീക്കം ചെയ്യാത്തത് കാരണം ചെറുകപ്പലുകൾക്ക് പോലും വാർഫിനുള്ളിൽ കടക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ;

(ബി) ഇതു കാരണം വിദേശ വിനോദസഞ്ചാരികളുമായി എത്തിയിരുന്ന ആഡംബരകപ്പലുകൾ വിഴിഞ്ഞത്തെ കൈയ്യൊഴിയുകയുണ്ടായോ;

(സി) ഓരോ സീസണിലും നാലോ അഞ്ചോ ആഡംബരകപ്പലുകൾ സഞ്ചാരികളുമായി എത്തിയിരുന്ന വിഴിഞ്ഞത്ത് കഴിഞ്ഞ വർഷം ഒന്നുപോലുമെത്തിയില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലാത്തതാണോ മണൽ നീക്കം ചെയ്യാൻ കഴിയാത്തതിനുള്ള കാരണം; എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് മണൽ നീക്കം ചെയ്ത് കപ്പൽ ഗതാഗതം സാധാരണ ഗതിയിലാക്കുന്നതിനും തുറമുഖത്തെ നാശത്തിന്റെ വക്കിൽ നിന്നും രക്ഷിക്കുന്നതിനും

എന്തൊക്ക നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>കൊല്ലം തുറമുഖം പാസഞ്ചർഷിപ്പ് സർവ്വീസ്</u>

3604. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് ടെർമിനലിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുള്ള ഘട്ടത്തിൽ തുറമുഖത്ത് നിന്നും പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി കേരളാ മാരിടൈം ബോർഡ് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാസഞ്ചർ ഷിപ്പ്സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പ് ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി കൊല്ലം തുറമുഖത്തെ പ്രഖ്യാപിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ട പ്രൊപ്പോസലാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളത്; ഇക്കാര്യം സർക്കാർ ഏത് ഫയലിലാണ് പരിശോധിച്ച് വരുന്നത്; ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ?

<u>ബേപ്പൂർ തുറമുഖ വികസന പ്രവർത്തനങ്ങൾ</u>

3605. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖ വികസനത്തിനായി ഇതുവരെ ഏറ്റെടുത്ത് നടത്തിയ പ്രധാന പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ നല്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് വർദ്ധിച്ചത്;

(സി) തുറമുഖത്തിന്റെ വികസനത്തിനായി കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>മാന്വൽ ഡ്രഡ്ജിംഗ്</u>

3606. **ശ്രീ.പി.കെ.അബ്ദു റബ്ബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖ മണൽ ഖനനത്തിനായുള്ള മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച വ്യവസ്ഥകൾ ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ആയതു പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിയതു വഴി ഈ ജോലിയിൽ ഏർപ്പെട്ടിരുന്നവർക്ക് തൊഴിൽ നഷ്ടമായ സാഹചര്യമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് ഈ സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

## തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച വ്യവസ്ഥകൾ

3607. ശ്രീ.കെ.എൻ.എ ഖാദർ

,, ടി.എ.അഹമ്മദ് കബീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളിലെ മണൽ ഖനനത്തിനായുള്ള മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച വ്യവസ്ഥകൾ ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ആയതു പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കിയതുവഴി ഈ ജോലിയിൽ ഏർപ്പെട്ടിരുന്നവർക്ക് തൊഴിൽ നഷ്ടമായ സാഹചര്യമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വിശദമാക്കുമോ?

## തുറമുഖ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

3608. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും എന്ന് മുതലാണ് ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതെന്നും അറിയിക്കാമോ;

(സി) ഇവ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

## മ്യൂസിയങ്ങളുടെ നവീകരണം

3609. ശ്രീ.ചിറ്റയം ഗോപകുമാർ

,, കെ. രാജൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളെ അന്താരാഷ്ട്ര തലത്തിലുള്ള ആധുനിക മ്യൂസിയം സങ്കല്പങ്ങൾക്കനുസരിച്ച് പരിവർത്തനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) മ്യൂസിയങ്ങളെ തീമാറ്റിക് അഥവാ കഥപറയുന്ന മ്യൂസിയങ്ങളാക്കി മാറ്റുമോ; വിശദമാക്കുമോ; ഏതെല്ലാം മ്യൂസിയങ്ങളെ ഇത്തരത്തിൽ പരിവർത്തനപ്പെടുത്തി എന്നറിയിക്കുമോ;

(സി) മ്യൂസിയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്തെ നാച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) വയനാട് കുങ്കിച്ചിറ മ്യൂസിയത്തിന്റെ സവിശേഷതകളും നിർമ്മാണ പുരോഗതിയും അറിയിക്കുമോ;

(എഫ്) മ്യൂസിയം സജ്ജീകരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കുമോ?

<u>മ്യൂസിയങ്ങളുടെ വികസനവും നവീകരണവും</u>

3610. ശ്രീ.വി.കെ.പ്രശാന്ത്
ശ്രീമതി യു. പ്രതിഭ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മ്യൂസിയങ്ങളിൽ ആധുനിക രീതിയിലുള്ള ഡിസ്പ്ലേ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മ്യൂസിയങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ടിപ്പു കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുവാൻ പദ്ധതി</u>

3611. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പു കോട്ടയുടെ അവശിഷ്ടങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനായി മ്യൂസിയം-പുരാവസ്തു വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നല്കാമോ;

(ബി) ഇത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയോ പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

പുകയില പണ്ടകശാലയുടെ സംരക്ഷണം

3612. ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിന്റെ വ്യാപാര-വാണിജ്യ ചരിത്രവുമായി ബന്ധപ്പെട്ടതും വാസ്തുശിൽപ ഭംഗിയുള്ളതുമായ പുകയില പണ്ടകശാലയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണായി പ്രവർത്തിച്ചുവരുന്ന നൂറ് വർഷത്തിലേറെ പഴക്കമുള്ള ഈ സ്മാരകത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

സംരക്ഷിത-ചരിത്ര സ്മാരകങ്ങൾ സംബന്ധിച്ച വിവരങ്ങൾ

3613. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംരക്ഷിത-ചരിത്ര സ്മാരകങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിലുള്ള സ്മാരകങ്ങളുടെ ജില്ല തിരിച്ചുള്ള ഒരു ലിസ്റ്റ് ലഭ്യമാക്കാമോ?

പുരാവസ്തു വകുപ്പിന്റെ കീഴിലെ ഗവേഷണ പ്രവർത്തനങ്ങൾ

3614. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുരാവസ്തു വകുപ്പിന്റെ കീഴിൽ കേരള ചരിത്ര രൂപീകരണത്തിന് കാര്യമായ സംഭാവനകൾ നൽകുന്ന വിധത്തിലുള്ള ഏതൊക്കെ ഗവേഷണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച ഫണ്ടിന്റെ വിവരങ്ങൾ നൽകാമോ?

വള്ളിക്കുന്ന് നെറുങ്കൈതകോട്ട ക്ഷേത്രംപുരാവസ്തു വകുപ്പ് ഏറ്റെടുക്കുവാൻ നടപടി

3615. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതകോട്ട ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിനായി സർക്കാരിന് ലഭിച്ച പ്രൊപ്പോസലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പുരാവസ്തു ഡയറക്ടർ കാര്യാലയത്തിലെ എ2-1458/2018/ഡി എ നമ്പർ ഫയൽ പ്രകാരം മലപ്പുറം ജില്ലാ കലക്ടറോട് റവന്യൂ വിവരം ആവശ്യപ്പെട്ട് കൊണ്ട് അയച്ച കത്തിന് മറുപടി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

09-03-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.